2014 മാർച്ച്, വില ₹40

# കൂട്

11

പ്രകൃതിയുടെ സ്പന്ദനം



അഭിമുഖം:

## വയനാടിന്റെ ബാദുഷ

കുടുംബകൃഷി:

## വീട്ടിൽ വിളയുന്ന സംസ്കാരം

www.koodumagazine.com




methodindia.com

Indian Green Building Council

ISO 9001
ISO 14001
OHSAS 18001
BUREAU VERITAS
Certification

First Builder in Kerala to receive ISO 9001:2008 for Quality Management System
ISO 14001:2004 for Environment Management system
BS OHSAS 18001:2007 for occupational Health and Safety Management system

VISHRAAM Builders

Near Post Office, Punkunnam, Thrissur, Kerala. Pin - 680002
Tel: +91 487 3291855, 2387168 | Email: mail@vishraam.com | www.vishraam.com

പ്രകൃതിയുടെ സ്പന്ദനം


**2014 മാർച്ച്**

പുസ്തകം-1, ലക്കം-11, വില ₹40

**കൂട് മാസിക**
പരിസ്ഥിതി, കൃഷി, ആരോഗ്യം
തുടങ്ങിയ മേഖലകളിൽ
സമഗ്രമായ ഇടപെടൽ




കവർ ചിത്രം/
കാതിലക്കഴുകൻ
(Red-headed Vulture)
Photo/Praveen P Mohandas
Cover Design/Acko


07 കവർ സ്റ്റോറി/
**വീട്ടിൽ വിളയുന്ന സംസ്കാരം**
ഡോ. ജോസ് ജോസഫ്

11 **ഭക്ഷണം അവകാശം; കൃഷി കടമയും**
ആർ. ഹേലി

13 **കൂൺ കൃഷിയിലെ സാദ്ധ്യതകൾ**
പ്രവീൺ കെ.

14 **വിജയകാന്താരി**
ജോജോ ചിറമേൽ

17 **നെല്ലിൻതണ്ടു മണക്കും വഴികൾ**
സി. രാജഗോപാലൻ

22 **അരങ്ങിൽ നിന്ന് അടുക്കളത്തോട്ടത്തിലേയ്ക്ക്**
ബഹിയ ഫായിസ്

23 **പേപ്പാറ**
ഡോ. പി.എസ്. ഈസ

26 **ചിത്രവും ചിന്തയും**
ഡോ. ഉണ്ണികൃഷ്ണൻ പുളിക്കൽ

28 അഭിമുഖം:
**വയനാടിന്റെ ബാദുഷ**
സി. താജുദ്ദീൻ

34 പുസ്തകപരിചയം
**നേരിന്റെ നെരിപ്പോടുകൾ**
യു.കെ. സുരേഷ്കുമാർ

36 യാത്രക്കാരൻ
**കുറിലേ തടാകത്തിലെ സാൽമണുകൾ**
മോഹൻ തോമസ്

40 **ഉരഗങ്ങൾ**
ഡോ. മുഹമ്മദ് ജാഫർ പാലോട്ട്

41 **വനവൃക്ഷങ്ങൾ**
ആർ. വിനോദ്കുമാർ

42 **സസ്യജാലകം**
വി.സി. ബാലകൃഷ്ണൻ

43 **മത്സ്യലോകം**
അൻവർ അലി, ഡോ. രാജീവ് രാഘവൻ

44 **ചിറകടികൾ**
പ്രവീൺ ജെ.

45 **ശലഭചിത്രങ്ങൾ**
ഡോ. കലേഷ് സദാശിവൻ

46 **സസ്തനികൾ**
ഡോ. പി.ഒ. നമീർ

47 **പരിസ്ഥിതി വാർത്തകൾ**

50 **വായനശാല**




Photo/Koodu Magazine

# പ്രകൃതികൃഷിയിലൂടെ മാത്രമേ, മലീമസമായ മണ്ണും ജലവും വായുവും ശുദ്ധീകരിക്കാനാവൂ




കൂട് മാസികയുടെ ഫെബ്രുവരി ലക്കം ഇന്നത്തെ തലമുറയ്ക്കുമാത്രമല്ല ഭാവിതലമുറയ്ക്കും ഗുണകരമായ സന്ദേശങ്ങൾ നൽകുന്നു. പ്രകൃതി (ജൈവ) കൃഷിയുടെ ആവശ്യങ്ങൾ ഓർമ്മപ്പെടുത്തുക മാത്രമല്ല ഭാവിയിൽ ജീവജാലങ്ങളുടെ നിലനിൽപ്പിനുതന്നെ ആവശ്യമായ ആശയങ്ങൾക്ക് പ്രസരണം നൽകുന്നു. പ്രകൃതികൃഷിയിലൂടെ മാത്രമേ, പരിശുദ്ധി നഷ്ടപ്പെട്ട് മലീമസമായ മണ്ണും ജലവും വായുവും ശുദ്ധീകരിക്കാനാവൂ. അതിന് ദശകങ്ങളുടെ, ഒരു പക്ഷേ, ഒരു നൂറ്റാണ്ടിന്റെതന്നെ യത്നം ആവശ്യമായിരിക്കുന്നു. ഭക്ഷ്യസ്വയംപര്യാപ്തതയുടെ മോഹം നൽകി സായിപ്പ് അവന്റെ വ്യവസായശാലകളിൽ ഉത്പാദിപ്പിക്കുന്ന കീടനാശിനികളും രാസവസ്തുക്കളും കച്ചവടക്കണ്ണോടെ നമ്മുടെമേൽ അടിച്ചേൽപ്പിക്കുകയായിരുന്നു. അതിന്റെ ഫലമായ പ്രകൃതിനാശത്തിന്റെ തിക്തഫലങ്ങൾ നാം അനുഭവിക്കാൻ തുടങ്ങിയിരിക്കുന്നു. അയ്യാ നമ്മാൾവാറോട് തമിഴ്നാട്ടിലെ ഒരു കർഷകൻ രോഷത്തോടെ പറഞ്ഞ ദു:ഖകഥ അഥവാ നാശത്തിന്റെ കഥ തീവ്രമായ മാനസിക മൂർച്ചയോടെ കാർഷികരംഗം ശ്രദ്ധിക്കേണ്ടതാണ്. മാത്രമല്ല സർക്കാരും സർക്കാരിന്റെ കൃഷിവകുപ്പും ഓർമ്മയിൽ വയ്ക്കുകയും ഈ നാശത്തിനെതിരെ പ്രതികരിക്കാൻ കർഷകനെ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതാണ്. കാരണം അവ ഇന്ത്യയിലുടനീളമുള്ള കർഷകന്റെ അനുഭവംതന്നെയാണ്. അങ്ങനെ ഇപ്പോൾത്തന്നെ യജ്ഞം തുടങ്ങുന്നില്ലെങ്കിൽ ഭൂമിയുടെ സർവ്വനാശമായിരിക്കും ഫലം. ഋഗ്വേദത്തിൽ ഒരു ശ്ലോകമുണ്ട്, 'മണ്ണിന്റെയും ജലത്തിന്റെയും ആകാശത്തിന്റെയും പരിശുദ്ധി നിലനിർത്തേണ്ടത് ഭാവിജീവജാലങ്ങളുടെ നിലനിൽപ്പിന് ആവശ്യമാണ്'. ഈ സന്ദേശത്തിന്റെ അ:ന്തസത്ത ഉൾക്കൊണ്ട് നാം കാർഷികരംഗത്ത് പ്രകൃതികൃഷിയുടെ വിപ്ലവം തുടങ്ങുകയും തുടരുകയും ചെയ്യേണ്ടിയിരിക്കുന്നു. ഈ വിപ്ലവത്തിന് വഴിമരുന്നിടാൻ കൂട് മാസികയുടെ ശിൽപ്പികളുടെ പ്രവർത്തനങ്ങൾ വിജയിക്കട്ടെ എന്നാശംസിക്കുന്നു.

***മണർകാട് മാത്യു**, കോട്ടയം*

പ്രകൃതിസംരക്ഷണ ബോധം അപകടകരമായ രീതിയിൽ അവഗണിക്കപ്പെടുന്ന ഇന്നിന്റെ സാഹചര്യത്തിൽ, നാളെയുടെ നടത്തിപ്പിനായി ബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാനുള്ള അടികല്ല് പണിയുക, കൂടെന്ന മാധ്യമത്തിലൂടെ. ഒരു നന്മയുടെ, വായനാസംസ്കാരത്തിന്റെ യുഗപ്പിറവിയാണ് കൂടിന്റെ ലക്ഷ്യം

***അബ്ദു റഹ്മാൻ**, മാവൂർ, കോഴിക്കോട്*

പ്രിയമിത്രമേ, കൂടിന്റെ പുതിയലക്കം കണ്ടു. ഒരു പോരായ്മ ചൂണ്ടിക്കാണിക്കാനാണ് ഈ കുറിപ്പ്. പുതിയ ലക്കത്തിൽ മങ്കയം ഇക്കോടൂറിസത്തിന്റെ വിവരണം കണ്ടു. ഇക്കോടൂറിസത്തെക്കുറിച്ചുള്ള വിവരണം ദയവായി കൂടുപോലുള്ള മാസികയിൽ ഉൾപ്പെടുത്തരുത്. അത് കൂടുതൽ സഞ്ചാരികളെ അങ്ങോട്ട് ആകർഷിക്കും. കേരളത്തിൽ 54 ഇക്കോടൂറിസം മേഖലകൾ ഉള്ളതായി വനംവകുപ്പ് പറയുന്നു. അതിൽ എല്ലാം തന്നെ കാടുമായി ബന്ധപ്പെട്ടതാണ്. ഇവയിൽ 40-ഓളം മേഖലകളിൽ ഞാൻ പോയിട്ടുണ്ട്. ഇവിടെ എല്ലാം കണ്ട പ്രധാന കാഴ്ച ഒഴിഞ്ഞ മദ്യക്കുപ്പികളും പ്ലാസ്റ്റിക്ക് വസ്തുക്കളുമാണ്. ഇക്കോടൂറിസം നടത്തപ്പെടുന്ന മിക്ക വനമേഖലകളും മദ്യശാലകളാണ്. കാടായ കാടെല്ലാം മദ്യശാലകളായി മാറ്റാൻ എന്തിനാണ് നാം കൂട്ടു നിൽക്കുന്നത്? ലക്ഷങ്ങളാണ് ഇക്കോടൂറിസം ഇനത്തിലുള്ള വരവ്. പക്ഷേ, ഇതുകൊണ്ട് കാടിന് എന്താണ് നേട്ടം? പൊട്ടിയ മദ്യക്കുപ്പികളും പ്ലാസ്റ്റിക്കും കൊണ്ട് കാട് നിറയുന്നു. ഉടഞ്ഞ കുപ്പി കാലിൽ തറച്ചു കയറിയും പ്ലാസ്റ്റിക്ക് വിഴുങ്ങിയും അപകടത്തിലാകുന്ന മൃഗങ്ങളുടെ എണ്ണം കാട്ടിൽ കൂടിവരുന്നു. അതിനാൽ പ്രകൃതിയുടെ ശബ്ദമായി, അതിന്റെ സ്പന്ദനമായി നില്ക്കുന്ന കൂട് ഇനിയും ഇത്തരം ലേഖനങ്ങൾ പ്രസിദ്ധീകരിക്കരുതെന്ന് അപേക്ഷ. കാടിനെ വിറ്റ് പണമാക്കുന്ന ചില വൻകിട മാസികകൾ മലയാളത്തിലുണ്ട്. ആ വഴിക്ക് കൂട് സഞ്ചരിക്കരുത്. ഇക്കോടൂറിസത്തിന്റെ ഇത്തരം ദുരവസ്ഥകൾക്കെതിരെ ശബ്ദിക്കാൻ കൂടിന്റെ വിലപ്പെട്ട സമയവും കടലാസും മാറ്റിവയ്ക്കുമല്ലോ.

***ആർ. വിനോദ്കുമാർ**, തിരുവനന്തപുരം*

മണ്ണിന്റെ മണമുള്ള ഫെബ്രുവരി ലക്കം മഹത്തരമായിരുന്നു. പട്ടുപോകാത്ത ഒറ്റമരം നമ്മാൾവാറെക്കുറിച്ച് വളരെ ചുരുങ്ങിയ മാധ്യമങ്ങളിലേ വന്നിട്ടുള്ളൂ. അതിൽ ഏറ്റവും നന്നായത് കൂടിന്റെ തന്നെയായിരുന്നു. വളാഞ്ചേരിയിൽ കൃഷി ചെയ്യുന്ന ചെറുപ്പക്കാരെക്കുറിച്ചും ലാളിത്യത്തിന്റെ പ്രതീകം ബഷീർമാഷെക്കുറിച്ചുമുള്ള ലേഖനങ്ങൾ കൂടിയായപ്പോൾ മണ്ണിനെയറിഞ്ഞവർ എന്നുള്ള ഈ ലക്കം ശരിക്കും ഗൗരവമുള്ളതായി. ഈ വേറിട്ട വഴികൾ കൂടിനെ മറ്റു മാദ്ധ്യമങ്ങളിൽ നിന്ന് വേറിട്ടു തന്നെ നിർത്തും. ഒട്ടും മോശമാവാതെ ഓരോ ലക്കവും കൂടുതൽ മികച്ചതാക്കുന്നതിന് ആശംസകൾ.

***ഭാസ്കരൻ**, പുന്നയ്ക്കൽ, അയ്യന്തോൾ, തൃശ്ശൂർ*

ഒരാൾക്ക് എത്ര മണ്ണുവേണം എന്ന രാജഗോപാലൻ എഴുതിയ ജ്വലിക്കുന്ന വാക്കുകൾ ഏറ്റവും ശക്തമായ ഒരു ലേഖനമായിരുന്നു. ഈ വേറിട്ട വ്യക്തിത്വം കാത്തുസൂക്ഷിക്കാൻ കൂടിനാവട്ടെ.

***ഐസക് എബ്രഹാം**, മൂലമണ്ണിൽ, തൊടുപുഴ, ഇടുക്കി*

കൂട് മാസികയിലെ ഉള്ളടക്കം പ്രകൃതിയുടെ സ്പന്ദനം പ്രതിഫലിപ്പിക്കുന്നു. മണ്ണിനെ അറിഞ്ഞവർ എന്ന ശീർഷകത്തിലെഴുതിയ എഡിറ്റോറിയൽ തദ്സംബന്ധമായ വിഷയത്തിൽ ഉദ്ബോധനകരമായി. മണ്ണിനെയറിഞ്ഞവരുടെ വിയോഗം പ്രകൃതിയുടെ തന്നെ നഷ്ടമാണെന്ന വാസ്തവം നമ്മെ ഓർമ്മിപ്പിക്കുകയാണ് ഈയിടെ മരണപ്പെട്ട അയ്യാ നമ്മാൾവാർ എന്ന കൃഷിവിദ്യയുടെ ആധുനിക അപ്പോസ്തലനെപ്പറ്റി. മൊത്തത്തിൽ മാസിക പഠനാർഹമാണ്.

***എ.കെ.എ. റഹിമാൻ**, യാത്ര പബ്ലിക്കേഷൻസ്, കൊടുങ്ങല്ലൂർ*

## നിങ്ങളുടെ പ്രതികരണങ്ങൾ ഞങ്ങളെ അറിയിക്കുക

**കൂട് മാസിക, കൊരട്ടി പി.ഒ.**
**തൃശ്ശൂർ 680308**
**ഇ-മെയിൽ:** koodumasika@gmail.com
www.facebook.com/KooduMagazine

# കുടുംബകൃഷി: ഭക്ഷ്യസുരക്ഷയുടെ ഭാവി

*‘കൃഷിചെയ്തു കഴിയാത്തവർക്കൊരു*
*വഴിയില്ല പിഴപ്പിനു ഭൂതലേ*
*ദാരിദ്ര്യങ്ങൾ കളയേണമെങ്കിലോ*
*നേരത്തേ കൃഷി ചെയ്യേണമേവരും’*

‘കൃഷിഗീത’യിലെ പ്രധാനപ്പെട്ട ഈ നാലു വരികളാണ് കൃഷിയെ പടിയടച്ചു പിണ്ഡംവച്ച നവയുഗമാനുഷനുള്ള ഏറ്റവും വലിയ ഓർമ്മപ്പെടുത്തൽ.

വായുവും വെള്ളവും ദൈനംദിനാവശ്യത്തിനായി നമുക്ക് ഉത്പാദിപ്പിക്കാനാവില്ല. പക്ഷേ, നമുക്കേവർക്കും വളരെ ചെറിയതോതിലെങ്കിലും ഭക്ഷണം ഉത്പാദിപ്പിക്കാനാവും. ചെറുകിടകർഷകരായിരിക്കും നാളെയുടെ ഭക്ഷണദാതാക്കൾ. ഒപ്പംതന്നെ, കുടുംബത്തിലെ എല്ലാവരും കാർഷികോത്പാദനമേഖലയിൽ പങ്കാളികളാവുന്ന ഒരു കാർഷികസംസ്കാരത്തിനു മാത്രമേ നാളെയുടെ അതിഭീമമായ ഭക്ഷ്യാവശ്യങ്ങളെ ഒരു പരിധിവരെയെങ്കിലും തൃപ്തിപ്പെടുത്താനാവൂ എന്നതിന് യാതൊരു സംശയവുമില്ല. ഈയൊരു തിരിച്ചറിവിലാണ് ലോകരാഷ്ട്രസംഘടന (യുണൈറ്റഡ് നേഷൻസ്) 2014-നെ അന്താരാഷ്ട്ര കുടുംബകൃഷി വർഷമായി (ഇന്റർനാഷണൽ ഇയർ ഓഫ് ഫാമിലി ഫാമിങ്ങ്) ലോകമെമ്പാടും ആചരിക്കുകയും കുടുംബകൃഷിയുടെ പ്രാധാന്യം പ്രചരിപ്പിക്കുകയും ചെയ്യുന്നത്.

നമ്മുടെ പരമ്പരാഗത കൃഷിരീതികളിലും സംസ്കാരത്തിലും, ചെറുതെങ്കിലും അവരവരുടേതായ വിധത്തിൽ കുടുംബാംഗങ്ങളൊന്നാകെ പങ്കാളികളായിരുന്നു. തറവാടുകളും കൂട്ടുകുടുംബങ്ങളും അണുകുടുംബങ്ങളായതും ജീവിതശൈലീവ്യതിയാനങ്ങളും പുതുതലമുറയെ ഭക്ഷ്യോത്പാദനത്തിൽനിന്നകറ്റി. രാസവളങ്ങളുടെയും വിഷകീടനാശിനികളുടെയും തുടർച്ചയായ പ്രയോഗം മണ്ണിന്റെ ജൈവികത കുറയ്ക്കുകയും ചെലവു കൂട്ടുകയും, കൃഷിയുടെ നഷ്ടക്കണക്കുകൾക്കുമുന്നിൽ കർഷകൻ പകച്ചുനിൽക്കുകയും ചെയ്യുന്നു. പക്ഷേ, വളക്കമ്പനികളുടെയും കീടനാശിനി നിർമ്മാതാക്കളുടെയും ലാഭത്തിന്റെ ഗ്രാഫ് ഓരോ വർഷവും കുത്തനെ മുകളിലേക്കായിരുന്നു എന്നത് ഈ കർഷകദുര്യോഗവുമായി ചേർത്തു വായിക്കണം. വിദർഭയിൽ എത്ര പരുത്തി കർഷകർ ജീവനൊടുക്കിയിട്ടുണ്ട്? പക്ഷേ, ഏതെങ്കിലും രാസവളക്കമ്പനി നഷ്ടത്തിൽ പൂട്ടിപ്പോയിട്ടുണ്ടോ? ജനിതകവിത്തുകൾക്കും വൻകിട കൃഷികൾക്കും ശതകോടികളുടെ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ, ചെറുകിട കർഷകരേയും കുടുംബകൃഷിയേയും പ്രോത്സാഹിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

തീർച്ചയായും ഒരു രൂപയ്ക്കു കിട്ടുന്ന അരി വാങ്ങിക്കഴിച്ചാവരുത് നിങ്ങൾ ഭക്ഷ്യസുരക്ഷയിൽ ഭാഗഭാക്കാകേണ്ടത്. മറിച്ച്, ചെറുതെങ്കിലും സ്വന്തം സ്ഥലത്ത് സ്വയം ഉത്പാദിപ്പിക്കുന്ന അൽപം അന്നമായിരിക്കണം ഭക്ഷ്യസുരക്ഷയ്ക്കായുള്ള നമ്മുടെ സംഭാവന. കൃഷിചെയ്യാൻ കർഷകരും, കഴിക്കാൻ ഞങ്ങളും എന്ന സങ്കുചിതമായ മാനസികാവസ്ഥ മാറിയാലേ ലോകത്താകമാനം ഭക്ഷ്യസുരക്ഷയുടെ സന്ദേശം ഫലപ്രദമാവൂ. ഭക്ഷ്യോത്പാദനരംഗത്ത് നിർണായകമാകാൻ പോകുന്നത് വൻകൃഷിയിടങ്ങളിലെ വൻതോതിലുള്ള വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയായിരിക്കില്ല, ചെറുകിടകർഷകരുടെയും അടുക്കളത്തോട്ടങ്ങളിലെയും കൊച്ചു കൊച്ചു വിളവുകളായിരിക്കും. പക്ഷേ, നാളെയുടെ, നമ്മുടെ, സുരക്ഷയ്ക്ക് നാമോരോരുത്തരും നമ്മുടേതായ സംഭാവന നൽകാൻ ബാധ്യസ്ഥരാണ്, നമ്മുടെ കുടുംബത്തിലെ ചെറുകൃഷികളിലൂടെ. ഭക്ഷ്യസുരക്ഷയും ഒപ്പംതന്നെ സുരക്ഷിതമായ ഭക്ഷണവും ഈ വിധത്തിൽ നമുക്ക് ഉറപ്പാക്കാനാകും. ഏതെങ്കിലും ഒരിനമെങ്കിലും ധാന്യമോ കായ്കനികളോ വിളയുന്നതായി മാറട്ടെ നമ്മുടെയോരോരുത്തരുടെയും പറമ്പുകളും വീടുകളും മുറ്റങ്ങളും ടെറസ്സുകളും. സ്വയം സുരക്ഷിതരാവുന്നതോടൊപ്പം ലോകഭക്ഷ്യസുരക്ഷയ്ക്കുള്ള നമ്മുടെ കൈത്താങ്ങായിരിക്കുമത്. നമ്മുടെ മുറ്റത്തു കിളിർക്കുന്ന ഓരോ വിത്തും നാളേയ്ക്കായുള്ള നമ്മുടെ പ്രതീക്ഷകളാണ്.

**എഡിറ്റർ**


എഡിറ്റർ
**മുരളീധരൻ. വി.**

അസോസിയേറ്റ് എഡിറ്റർ
**സി. താജുദ്ദീൻ**

എഡിറ്റർ ഓഫ് ഫോട്ടോഗ്രാഫി
**ഡോ. ഉണ്ണികൃഷ്ണൻ പുളിക്കൽ**
**ദിലീപ് അന്തിക്കാട്**

സബ് എഡിറ്റർ
**സന്ദീപ് ദാസ്**

ആർട്ട് ഡയറക്ടർ
**അക്കോ**

ഡിസൈനർ
**ജോയിസ് മൈക്കിൾ**

ടെക്നിക്കൽ സപ്പോർട്ട്
**അബു ബിലാൽ**
**സിവീഷ് ശിവരാമൻ**

ഓൺലൈൻ സപ്പോർട്ട്
**സലാഡ്സ് മീഡിയ**

ഉപദേശക സമിതി
**പ്രൊഫ. ഇ. കുഞ്ഞികൃഷ്ണൻ**
**ഡോ. പി.എസ്. ഈസ**
**ഡോ. പി.ഒ. നമീർ**
**ഡോ. മുഹമ്മദ് ജാഫർ പാലോട്ട്**
**പ്രവീൺ. ജെ**
**സുഹാസ് കേച്ചേരി**

പ്രതിനിധികൾ
ഖത്തർ: **വിനോദ് നായർ**
യു.എ.ഇ: **സേതുമാധവൻ**
**ഫൈസൽബാവ**
ബഹ്റൈൻ: **പ്രേംജിത്ത് നാരായണൻ**
**സുനിൽ ഓണംകുളം**

Volume 1, Issue 11
**Kootu Prakrithiyude Spandanam**
March 2014

Printed and Published by Muraleedharan V., Veluthamessery, Cheruvaloor P.O., Thrissur 680308, on behalf of Muraleedharan V., and Printed at Nirmala HiPrint, Ayyanthole, Thrissur and published at Koratty PO, Thrissur District, Kerala 680308.

**കൂട് മാസിക കൊരട്ടി പി.ഒ. തൃശ്ശൂർ 680308**
**ഫോൺ: 9495504602**
e-mail: koodumasika@gmail.com
www. koodumagazine.com



**കൂടിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും ലേഖകരുടേത് മാത്രം. പരസ്യങ്ങളിലെ അവകാശവാദങ്ങൾക്ക് കൂട് മാസിക ഉത്തരവാദിയായിരിക്കില്ല.**

© All the articles in this magazine are copy right protected. Any kind of re-production, re-publishing should be with the consent of Editor only.



# വീട്ടിൽ വിളയുന്ന സംസ്കാരം

Photo/Koodu Magazine



# കാർഷിക സംസ്ക്കാരം വീണ്ടെടുക്കാൻ അന്താരാഷ്ട്ര കുടുംബകൃഷി വർഷാചരണം

**ഡോ. ജോസ് ജോസഫ്**

ഓന്നോ രണ്ടോ തലമുറ മുമ്പുവരെ ഓരോ കുടുംബത്തിനും ദൈനംദിന ആവശ്യത്തിനുള്ള ഭക്ഷണം വീടിനോടുചേർന്നുള്ള കൃഷിയിടങ്ങളിൽതന്നെ ഉത്പാദിപ്പിക്കുകയും മിച്ചമുള്ളത് വിപണിയിൽ വിറ്റ് ഉപജീവനം നടത്തുകയും ചെയ്തിരുന്ന ഒരു സംസ്ക്കാരമായിരുന്നു നമ്മുടേത്. നഷ്ടമേറി കടക്കെണിയിൽ കുരുങ്ങിയപ്പോഴും ഒരു നിയോഗമെന്നതുപോലെ ലാഭനഷ്ടങ്ങൾ കണക്കിലെടുക്കാതെ അവിരാമം നാടിന് ആവശ്യമുള്ള ഭക്ഷ്യോത്പന്നങ്ങൾ ഉല്പാദിപ്പിച്ചവരായിരുന്നു നമ്മുടെ കർഷകർ. അമ്മയും അച്ഛനും മക്കളും ഒത്തൊരുമിച്ച് അവരുടെ അദ്ധ്വാനശേഷി വിനിയോഗിച്ചുകൊണ്ട് സ്വാശ്രയത്വത്തോടെ നടത്തിയിരുന്ന ഈ കുടുംബകൃഷി ആഗോളവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും തിരമാലകളിൽപെട്ട് നമുക്ക് കൈമോശം വന്നു. പുതിയ കാലത്ത് കൃഷിപ്പണിക്ക് സമൂഹത്തിൽ അന്തസ്സു നഷ്ടപ്പെടുകയും യുവതലമുറ കൃഷിയിൽ നിന്ന് അകലുകയും ചെയ്തതോടെ വീടും അതിനോടുചേർന്നുള്ള കൃഷിയിടവുമായി നൂറ്റാണ്ടുകളായി നിലനിന്നിരുന്ന പൊക്കിൾക്കൊടി ബന്ധം മുറിഞ്ഞുപോയി. പ്രതികൂലമായ കാലാവസ്ഥയും വിലത്തകർച്ചയും സാമ്പത്തിക മാന്ദ്യവും അമേരിക്കയിലെ ചെറുകിടകർഷകരെ കശക്കിയെറിഞ്ഞതിന്റെ ചിത്രം 1939-ൽ പ്രസിദ്ധീകരിച്ച 'റാത്ത് ഓഫ് ഗ്രേപ്സ്' എന്ന നോവലിൽ കാണാം. നോബൽ സമ്മാനജേതാവായ ജോൺ സ്റ്റെയിൻബെക്ക് അമേരിക്കയിലെ ചെറുകിട കർഷകരുടേയും കുടുംബകൃഷിയുടേയും തകർച്ചയാണ് ഈ നോവലിൽ വരച്ചുകാണിക്കുന്നത്. സ്റ്റെയിൻബെക്കിന്റെ നോവലിൽ വരച്ചുകാണിച്ച അതേ അവസ്ഥയിൽതന്നെയാണ് ഇന്ന് ലോകമെമ്പാടുമുള്ള ചെറുകിട-നാമമാത്ര കർഷകർ. ഭക്ഷ്യോത്പാദനം റെക്കോർഡ് നിലയിൽ എത്തിയിട്ടും ജനസംഖ്യയിൽ വലിയൊരു ഭാഗം ഇന്നും കൊടുംപട്ടിണിക്കാരായി അവശേഷിക്കുന്നു. ഇവരിൽ ഗ്രാമീണമേഖലയിലെ ഭക്ഷ്യോത്പാദകരായ ചെറുകിട-നാമമാത്രകർഷകരും കർഷകത്തൊഴിലാളികളും ഉൾപ്പെടുന്നുവെന്നതാണ് ഏറെ ദു:ഖകരമായ സത്യം. കാർഷികോത്പന്നങ്ങളുടെ വില കുതിച്ചുകയറിയിട്ടും അതിന്റെ പ്രയോജനമൊന്നും കർഷകർക്കു ലഭിക്കുന്നില്ല. ഉത്പാദനച്ചെലവിൽ ഓരോ വർഷവുമുണ്ടാകുന്ന വർദ്ധനയും ഉപഭോക്തൃവസ്തുക്കളുടെ വിലക്കയറ്റവും കാരണം കർഷകർക്ക് കൃഷി ലാഭകരമായി നടത്തിക്കൊണ്ടുപോകാനാവുന്നില്ല. കർഷകരിൽ പലരും കൃഷിഭൂമി വിറ്റഴിക്കുകയോ കൃഷിക്ക് അവധി പ്രഖ്യാപിച്ച് ഭൂമി തരിശിടുകയോ ചെയ്യേണ്ടി വരുന്നു. കർഷകരാണ് സാമ്പത്തിക വികസനത്തിന്റെ ആണിക്കല്ല് എന്ന് ഭരണകൂടങ്ങൾ ആവർത്തിച്ചു പ്രഖ്യാപിക്കുമ്പോഴും കാർഷികവൃത്തിയിൽ നിന്ന് ആളുകൾ പിന്മാറുന്നത് തടയാൻ ഫലപ്രദമായ ഒരു നടപടിയും ഉണ്ടാകുന്നില്ല. 1991-നും 2011-നും ഇടയിലുള്ള 20 വർഷങ്ങളിൽ ദിവസേന 2000 കർഷകർ ഇന്ത്യയിൽ കാർഷിക മേഖലയെ ഉപേക്ഷിച്ചുപോയി.

ആഗോളഭക്ഷ്യോത്പാദനത്തിൽ നിർണ്ണായക പങ്കുവഹിക്കുന്നവരാണ് ചെറുകിട-നാമമാത്ര കർഷകരും അവരുടെ കുടുംബകൃഷിയുമെങ്കിലും ദേശീയ-അന്തർദേശിയ നയരൂപീകരണങ്ങളിൽ കുടുംബകൃഷിക്ക് അർഹിക്കുന്ന പ്രാധാന്യം നൽകിക്കാണാറില്ല. കോർപ്പറേറ്റ് കൃഷി, അഗ്രിബിസിനസ്, ജിഎം വിളകൾ തുടങ്ങിയവയിലേക്ക് നീങ്ങാൻ നിർദ്ദേശിക്കുന്ന നയരേഖകൾ പാവപ്പെട്ട കർഷകരുടെ കുടുംബകൃഷിയെ ബോധപൂർവ്വം അവഗണിച്ചു. ചെറുകിട-നാമമാത്രകർഷകർ കഴിയുമെങ്കിൽ അവരുടെ കൃഷിഭൂമി വൻകിട കർഷകർക്ക് പാട്ടത്തിനു കൊടുക്കുകയോ വിൽക്കുകയോ ചെയ്തതിനുശേഷം വൻകിടക്കാരുടെ വയലുകളിൽ കൂലിപ്പണിയെടുക്കുന്നതായിരിക്കും നല്ലതെന്ന് ദേശീയ ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷൻ ഡോ. മോൺടേക്സിംഹ് അലുവാലിയ അടുത്തകാലത്തു നടത്തിയ പ്രസ്താവന, നയരൂപീകരണ സമിതികളിൽ സുപ്രധാന സ്ഥാനങ്ങൾ വഹിക്കുന്നവർക്ക് ചെറുകിട കർഷകരോടുള്ള മനോഭാവം വ്യക്തമാക്കുന്നു. ലാഭമുള്ള വിളകൾ ലാഭം കിട്ടുന്ന സമയത്ത് വിപണിയെ ലക്ഷ്യമാക്കി കൃഷി ചെയ്താൽ മതിയെന്ന നയം ദേശീയതലത്തിലും ആഗോളതലത്തിലും ഭക്ഷ്യസുരക്ഷക്ക് വലിയ വെല്ലുവിളികൾ സൃഷ്ടിച്ചിരിക്കുകയാണ്. ഇത്തരം നയസമീപനങ്ങൾ കാർഷിക-പാരിസ്ഥിതിക (അഗ്രോ-ഇക്കോളജിക്കൽ) സമീപനത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന കുടുംബകൃഷി എന്ന സംസ്ക്കാരത്തിന്റെ കടയ്ക്കൽതന്നെയാണ് കത്തിവച്ചിരിക്കുന്നത്. കോർപ്പറേറ്റ് കൃഷിയോ വാണിജ്യാടിസ്ഥാനത്തിലുള്ള ഊർജ്ജിത രാസികകൃഷിയോ ദീർഘകാലാടിസ്ഥാനത്തിൽ ആഗോള ഭക്ഷ്യപ്രതിസന്ധി പരിഹരിക്കാൻ സഹായകമല്ലെന്ന് ഇന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബത്തെ സുസ്ഥിരമായ ഭക്ഷ്യസ്വാശ്രയത്വത്തിലേക്കു നയിച്ചാൽ മാത്രമേ നാം ഇന്നു തേടുന്ന ഭക്ഷ്യസുരക്ഷാപ്രശ്നങ്ങൾക്ക് പ്രായോഗികമായ പരിഹാരം കണ്ടെത്താനാവുകയുള്ളു. ഈ സാഹചര്യത്തിലാണ് ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലി 2014 അന്താരാഷ്ട്ര കുടുംബകൃഷി വർഷമായി (ഇന്റർനാഷണൽ ഇയർ ഓഫ് ഫാമിലി ഫാമിംഗ്) പ്രഖ്യാപിച്ചിരിക്കുന്നത്.

**കോർപ്പറേറ്റ് കൃഷിയോ വാണിജ്യാടിസ്ഥാനത്തിലുള്ള ഊർജ്ജിത രാസികകൃഷിയോ ദീർഘകാലാടിസ്ഥാനത്തിൽ ആഗോള ഭക്ഷ്യപ്രതിസന്ധി പരിഹരിക്കാൻ സഹായകമല്ലെന്ന് ഇന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.**

കുടുംബകൃഷി എന്ന മഹത്തായ സംസ്ക്കാരത്തെ കാർഷിക-പാരിസ്ഥിതിക-സാമൂഹിക നയപരിപാടികളുടെ

കേന്ദ്രസ്ഥാനത്തേക്ക് മടക്കികൊണ്ടു വരിക എന്നതാണ് കുടുംബകൃഷി വർഷാചരണത്തിന്റെ പ്രധാനലക്ഷ്യം. സമൂഹത്തിന്റെ അടിസ്ഥാനഘടകമായ കുടുംബത്തെ ഭക്ഷ്യസുരക്ഷിതത്വത്തിലേക്കും പോഷക സുരക്ഷിതത്വത്തിലേക്കും നയിക്കുക, കുടുംബകൃഷിയുടെ പ്രാധാന്യം വീണ്ടെടുക്കുക എന്നിവയും വർഷാചരണത്തിന്റെ ലക്ഷ്യങ്ങളാണ്. കുടുംബകൃഷിയെയും ചെറുകിടകർഷകരെയും സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിലൂടെ പ്രകൃതിവിഭവങ്ങളും പരിപാലനവും പരിസ്ഥിതിസംരക്ഷണവും അതിലൂടെ സുസ്ഥിരവികസനവും സാധിക്കും. വെട്ടിവെളുപ്പിക്കുന്നതോ പ്രകൃതിയെ നശിപ്പിക്കുന്നതോ അല്ല, നട്ടുപിടിപ്പിക്കുന്നതും നിലനിർത്തുന്നതുമാണ് വികസനം എന്ന വലിയ സന്ദേശം കുടുംബകൃഷി വർഷാചരണം പൊതു സമൂഹത്തിനു പകർന്നുനൽകും. കുടുംബകൃഷിയും ചെറുകിടകർഷകരും നേരിടുന്ന വെല്ലുവിളികളും പുതിയ അവസരങ്ങളും പ്രാദേശിക-ദേശീയ-അന്തർദേശീയ സമൂഹത്തിനുമുന്നിൽ കുടുംബകൃഷി

**ചെറുകിട കർഷകരും പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് അവർ നടത്തുന്ന പാരിസ്ഥിതിക കൃഷിയുമാണ് ഭാവിയിലെ ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച ഏതൊരു വെല്ലുവിളിയെയും നേരിടാനുള്ള ഏറ്റവും മികച്ച മാർഗ്ഗം.**



Photo/Koodu Magazine

വർഷാചരണത്തിന്റെ മുൻനിരയിലുള്ള സംഘടനകൾ അവതരിപ്പിക്കും. വീടും കൃഷിയും ഒന്നിക്കുന്ന കുടുംബകൃഷി എന്ന പുരാതന കൃഷി സമ്പ്രദായത്തിലേക്കുള്ള തിരിച്ചുപോക്ക് മനുഷ്യസംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും വീണ്ടെടുക്കൽ കൂടിയാണ്. കുടുംബകൃഷിയെയും ചെറുകിട കർഷകരെയും പ്രോത്സാഹിപ്പിക്കുന്നത് വൻതോതിലുള്ള ദാരിദ്ര്യനിർമ്മാർജ്ജനത്തിനും ഗ്രാമീണ ജനതയുടെ സുസ്ഥിരമായ സാമ്പത്തിക വികസനത്തിനും അനിവാര്യവുമാണ്.

ചെറുകിട കർഷകരും പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് അവർ നടത്തുന്ന പാരിസ്ഥിതിക കൃഷിയുമാണ് (ഇക്കോളജിക്കൽ അഗ്രികൾച്ചർ) ഭാവിയിലെ ഭക്ഷ്യസുരക്ഷയെ സംബന്ധിച്ച ഏതൊരു വെല്ലുവിളിയെയും നേരിടാനുള്ള ഏറ്റവും മികച്ച മാർഗ്ഗം. കൃഷിയിടത്തിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കാൻ വൃക്ഷങ്ങൾ, ഫലവൃക്ഷങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യങ്ങൾ, പച്ചക്കറികൾ, കന്നുകാലി വളർത്തൽ, കോഴിവളർത്തൽ, തേനീച്ചവളർത്തൽ, ഇടവിളകൃഷി, ജൈവവളനിർമ്മാണം എന്നിവയെയെല്ലാം സമന്വയിപ്പിച്ചുകൊണ്ടുള്ള സംയോജിത കൃഷിരീതികൾ നടപ്പാക്കണം. കൂടുതൽ ജനുസുകളെ ഉൾപ്പെടുത്തി ജൈവവൈവിധ്യസമ്പന്നമായ കൃഷിരീതികൾ നടപ്പാക്കുകയാണ് മണ്ണിന്റെ ഫലപുഷ്ടി നിലനിർത്താനും ദീർഘകാലാടിസ്ഥാനത്തിൽ സുസ്ഥിരമായ ഉത്പാദനം നിലനിർത്താനും ഏറ്റവും ഫലപ്രദം. ഒരുകാലത്ത് കാർഷിക ജൈവവൈവിധ്യത്തിന്റെ കലവറയായിരുന്നു നമ്മുടെ കൃഷിഭൂമികൾ. ഇന്നുകാണുന്ന മികച്ച ഇനങ്ങളിൽ പലതും നൂറ്റാണ്ടുകളിലെ ബോധപൂർവ്വമായ നിർധാരണത്തിലൂടെ ചെറുകിട കർഷകർ വികസിപ്പിച്ചെടുത്തതാണ്. എന്നാൽ ഏകവിള കൃഷിയിൽ ഊന്നിയ ഹരിതവിപ്ലവത്തോടെ നമ്മുടെ കാർഷിക ജൈവവൈവിധ്യത്തിന്റെ നല്ലൊരു പങ്കും കൃഷിയിടങ്ങളിൽ നിന്നും അപ്രത്യക്ഷമായി. പതിനായിരക്കണക്കിന് പരുത്തി ഇനങ്ങൾ കൃഷിചെയ്തിരുന്ന ഇന്ത്യയിൽ ജനിതക പരിവർത്തനം വരുത്തിയ ബിടി പരുത്തിയുടെ ആവിർഭാവത്തോടെ 99 ശതമാനത്തിലേറെ കൃഷിയിടങ്ങളും ബിടി പരുത്തി ഇനങ്ങൾക്കു കീഴിലായി. ഹരിതവിപ്ലവത്തിനു മുമ്പ് പതിനായിരത്തിലേറെ നെൽവിത്തിനങ്ങൾ കൃഷി ചെയ്തിരുന്ന ഇന്ത്യയിൽ ഇപ്പോൾ പത്തോളം ഇനങ്ങളുടെ ജനിതക അടിത്തറയിലാണ് എഴുപത്തഞ്ചു ശതമാനം സ്ഥലത്തെയും നെൽകൃഷി. 1920-നു മുമ്പ് പതിനായിരത്തോളം ഗോതമ്പ് ഇനങ്ങൾ കൃഷി ചെയ്തിരുന്ന ചൈനയിൽ ഇന്ന് ആയിരത്തിൽ താഴെ ഇനങ്ങളേ കൃഷിയിടങ്ങളിൽ അവശേഷിക്കുന്നുള്ളൂ. മക്കച്ചോളത്തിന്റെ ജന്മദേശമായ മെക്സിക്കോയിൽ 1980-നു മുമ്പുള്ള മക്കച്ചോളം ഇനങ്ങളിൽ ഇരുപതു ശതമാനം മാത്രമേ ഇപ്പോൾ ബാക്കിയുള്ളൂ. കുടുംബകൃഷിയുടെ വീണ്ടെടുപ്പ്, നഷ്ടപ്പെട്ടുപോയ ജനിതക അടിത്തറയുടെ വീണ്ടെടുപ്പുകൂടിയാണ്. കാലാവസ്ഥാവ്യതിയാനം രൂക്ഷമായ പ്രതിസന്ധി സൃഷ്ടിച്ചേക്കാവുന്ന വരുംകാലങ്ങളിൽ പ്രതികൂല കാലാവസ്ഥയോടു പൊരുതി നിൽക്കാൻ ശേഷിയുള്ള വിത്തിനങ്ങൾ



ഭക്ഷ്യസുരക്ഷയോട് നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നു.

കൃഷി, ഫോറസ്ട്രി, മത്സ്യം വളർത്തൽ, മൃഗസംരക്ഷണം എന്നിവയെല്ലാം കുടുംബത്തിന്റെ മേൽനോട്ടത്തിലും മുഖ്യമായും കുടുംബാംഗങ്ങളുടെ തൊഴിൽശേഷിയെമാത്രം ആശ്രയിച്ചും നടത്തിക്കൊണ്ടുപോകാവുന്ന ഒന്നാണ് കുടുംബകൃഷിയെന്നാണ് ലോക ഭക്ഷ്യകാർഷിക സംഘടനയുടെ നിർവ്വചനം. കൃഷിമാത്രമല്ല കൃഷി അനുബന്ധ മേഖലകളും അതിന്റെ പരിധിയിൽ വരും. കുടുംബകൃഷി ഒരു ഉപജീവനമാർഗ്ഗം മാത്രമല്ല, ഭൂമിയിലെ ഏറ്റവും സുസ്ഥിരമായ ജീവിതരീതികളിൽ ഒന്നു കൂടിയാണ്. ആഗോളവ്യാപകമായി 260 കോടി ജനങ്ങൾ (ലോക ജനസംഖ്യയുടെ 30 ശതമാനം) കുടുംബകൃഷിയെ ആശ്രയിച്ചു ജീവിക്കുന്നു. സംഘടിതമായി കൃഷി നടത്തുന്ന ജനസംഖ്യയുടെ 99 ശതമാനവും കുടുംബകൃഷിയിൽ ഏർപ്പെടുന്നവരാണ്. ആഗോളവ്യാപകമായി 50 കോടി കുടുംബങ്ങളാണ് കുടുംബകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നത്. ഏഷ്യയിലെയും ആഫ്രിക്കയിലെയും കർഷകരിൽ 80 ശതമാനവും കുടുംബകൃഷി പരമ്പരാഗതമായി നടത്തിക്കൊണ്ടുപോകുന്ന ചെറുകിട കർഷകരാണ്. ലോകത്തിലെ കൃഷിയോഗ്യമായ ഭൂമിയുടെ 80 ശതമാനവും അവരുടെ നിയന്ത്രണത്തിലാണ്. മണ്ണ്-ജലം തുടങ്ങിയ പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം, നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യസംരക്ഷണം, തനത് ഗ്രാമീണ സംസ്ക്കാരങ്ങളുടെയും ഭക്ഷ്യവിഭവങ്ങളുടെയും സംരക്ഷണം തുടങ്ങിയ മേഖലകളിൽ വിലമതിക്കാനാവാത്ത സേവനങ്ങളാണ് അവർ നിർവ്വഹിക്കുന്നത്. ചെറുകിട-നാമമാത്രകർഷകർ ലാഭേച്ഛയില്ലാതെ നടത്തിക്കൊണ്ടുപോകുന്ന പാരിസ്ഥിതിക സേവനങ്ങൾ (എക്കോസിസ്റ്റം സർവ്വീസ്) പലപ്പോഴും പൊതുസമൂഹം തിരിച്ചറിയുന്നതേയില്ല. വീടും കൃഷിയും ഒന്നിച്ചു ചേരുമ്പോൾ ഭക്ഷ്യസുരക്ഷക്കൊപ്പം പാരിസ്ഥിതികവും സാംസ്ക്കാരികവുമായ ഒട്ടേറെ അമൂല്യസേവനങ്ങളും സമൂഹത്തിനു ലഭിക്കുന്നു.

ഭക്ഷണം കഴിക്കുന്ന ഓരോരുത്തർക്കും ഭക്ഷ്യോത്പാദനത്തിൽ പങ്കാളികളാകാനുള്ള ഉത്തരവാദിത്വം കൂടി ഉണ്ടെന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് അന്താരാഷ്ട്ര കുടുംബകൃഷി വർഷാചരണം. കർഷകർ മാത്രം ഭക്ഷ്യോത്പാദനത്തിൽ ഏർപ്പെടുന്ന ഭക്ഷ്യസുരക്ഷയല്ല, ഭക്ഷണം കഴിക്കുന്ന എല്ലാവരും ഭക്ഷണം ഉത്പാദിപ്പിക്കുകകൂടി ചെയ്യുന്ന 'അന്നസ്വരാജാണ്' ഇന്നത്തെ ആവശ്യം. ഭൂമി കൈവശമുള്ളവരും ഭൂരഹിതരും ഗ്രാമവാസികളും നഗരവാസികളും എല്ലാം ഭക്ഷ്യോത്പാദനത്തിൽ പങ്കാളികളാകണം. കൃഷിയോഗ്യമായ ഒരിഞ്ചുഭൂമി പോലും തരിശിടുകയോ കാർഷികേതര ആവശ്യങ്ങൾക്കുവേണ്ടി പരിവർത്തനം ചെയ്യുകയോ പാടില്ല. നഗരവാസികൾക്ക് പരിമിതമായ സ്ഥലത്ത് കൃഷിനടത്താനാവശ്യമായ സാങ്കേതിക വിദ്യകൾ ഇന്ന് ലഭ്യമാണ്. മട്ടുപ്പാവിലെ കൃഷി, മിനിപോളിഹൗസുകൾ, ഗ്രോബാഗുകളിലെ കൃഷി, വെർട്ടിക്കൽ വെജിറ്റബിൾ ടവർ, ഹൈഡ്രോപോണിക്സ് തുടങ്ങിയ മണ്ണില്ലാ കൃഷിരീതികൾ എന്നിവയെല്ലാം നഗരവാസികൾക്കു മുന്നിലും ഭക്ഷ്യോത്പാദനത്തിന്റെ പുതിയ സാധ്യതകൾ തുറന്നിടുന്നു. ഇത്തരം കൃഷിരീതികളിലൂടെ ഓരോ കുടുംബത്തിനും അവരവർക്കാവശ്യമായ പച്ചക്കറികൾ വിഷമുക്തമായി ഉത്പാദിപ്പിക്കാനാവും. ഭൂമി കൃഷിക്കെന്നതിലുപരി റിയൽ എസ്റ്റേറ്റ് ബിസിനസ്സിനുള്ള ഉപാധിയായി മാറിയതോടെ കാർഷിക സംസ്ക്കാരം നമ്മുടെ നാട്ടിൽ നിന്നും നാടുനീങ്ങിക്കൊണ്ടിരിക്കുകയാണ്. എല്ലാവരും കുടുംബമൊന്നായി കാർഷികോത്പാദനത്തിൽ പങ്കാളികളായാൽ മാത്രമേ നഷ്ടപ്പെട്ടുപോയ കാർഷിക സംസ്കാരം നമുക്ക് തിരിച്ചുപിടിക്കാനാവുകയുള്ളൂ. ഭക്ഷ്യോത്പാദനം കർഷകന്റെ മാത്രം ഉത്തരവാദിത്വമല്ല. ആരെങ്കിലും എവിടെയെങ്കിലും എങ്ങനെയെങ്കിലും ഉത്പാദിപ്പിക്കുന്ന ഭക്ഷണം മറ്റാരെങ്കിലും പാചകം ചെയ്ത് വിളമ്പിത്തരുന്നത് ഭക്ഷിക്കുക മാത്രമാണ് തങ്ങൾ ചെയ്യേണ്ടതെന്നു വിശ്വസിക്കുന്ന പുതുതലമുറയെ കാർഷിക സംസ്ക്കാരത്തിന്റെയും ഭക്ഷ്യസുരക്ഷയുടെയും ഒരിക്കലും മറക്കരുതാത്ത പാഠങ്ങൾ പഠിപ്പിക്കാനുള്ള അവസരം കൂടിയാണ് അന്താരാഷ്ട്ര കുടുംബകൃഷി വർഷാചരണം. ഫാസ്റ്റ്ഫുഡ് സംസ്ക്കാരം വ്യാപകമായതോടെ പോഷകവൈവിധ്യമേറിയ നാടൻ ഭക്ഷണങ്ങളുടെ രുചിക്കൂട്ടുകളിൽ നിന്ന് പുതുതലമുറ അകന്നു. കൗമാരക്കാർ പോലും ജീവിതശൈലി രോഗങ്ങൾക്ക് കീഴടങ്ങുന്ന അനാരോഗ്യകരമായ ജീവിതമാണ് ഈ ഫാസ്റ്റ്ഫുഡ് സംസ്കാരത്തിന്റെ ഏറ്റവും വലിയ സംഭാവന. പോഷകസമ്പന്നവും സന്തുലിതവുമായ ഒരു ഭക്ഷണക്രമത്തിലേക്ക് യുവതലമുറയെ മടക്കിക്കൊണ്ടുവരാനും അന്താരാഷ്ട്ര കുടുംബകൃഷി വർഷാചരണം സഹായിക്കും.

**ഭക്ഷണം കഴിക്കുന്ന ഓരോരുത്തർക്കും ഭക്ഷ്യോത്പാദനത്തിൽ പങ്കാളികളാകാനുള്ള ഉത്തരവാദിത്വം കൂടി ഉണ്ടെന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് അന്താരാഷ്ട്ര കുടുംബകൃഷി വർഷാചരണം.**

വൻതോതിലുള്ള നഗരവൽക്കരണത്തിന്റെയും വ്യവസായവൽക്കരണത്തിന്റെയും ആദ്യത്തെ ഇര ചെറുകിട-നാമമാത്ര കർഷകരാണ്. ഫലഭൂയിഷ്ടമായ കൃഷിഭൂമി കാർഷികേതര ആവശ്യത്തിനും വ്യവസായവികസനത്തിനും വേണ്ടി ഏറ്റെടുക്കുന്നത് അവസാനിപ്പിക്കണം. കൃഷിക്ക് അനുയോജ്യമായ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തിയെങ്കിൽ മാത്രമേ ഭാവി ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനാവുകയുള്ളൂ. അംബരചുംബികളായ ഫ്ളാറ്റുകളുടേയും പാർപ്പിടസമുച്ചയങ്ങളുടെയും നിർമ്മാണം നമ്മുടെ ഗ്രാമീണ മേഖലയുടെ മുഖഛായ തന്നെ മാറ്റിമറിച്ചുകഴിഞ്ഞു. അമേരിക്കയിൽ പോലും മണിക്കൂറിന് ഒരേക്കർ എന്ന നിരക്കിലാണ് കൃഷിഭൂമി മറ്റാവശ്യങ്ങൾക്കു വേണ്ടി പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്നത്. വൻകിട കോർപ്പറേറ്റുകൾ ചെറുകിട കർഷകരുടെ ഭൂമി തുച്ഛമായ വിലയ്ക്ക് വാങ്ങിക്കൂട്ടുന്നതും ആഗോളതലത്തിൽ വലിയ പ്രശ്നമായി മാറിയിട്ടുണ്ട്. ലോകമെമ്പാടും കാർഷിക മേഖലയിൽ സ്വകാര്യമൂലധന നിക്ഷേപം വൻതോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഭൂവിനിയോഗം സംബന്ധിച്ച് പ്രാദേശിക-ദേശീയ തലങ്ങളിൽ വ്യക്തമായ നിയമനിർമ്മാണം ഉണ്ടായില്ലെങ്കിൽ അവശേഷിക്കുന്ന കർഷകരും കൃഷിയിടങ്ങളിൽ നിന്ന് ആട്ടിയോടിക്കപ്പെടും.

കുടുംബകൃഷി വർഷാചരണത്തോടനുബന്ധിച്ച് പ്രാദേശിക-ദേശീയ-അന്തർദേശീയ തലത്തിൽ കാർഷിക, പാരിസ്ഥിതിക, സാമൂഹിക, സാമ്പത്തിക അജണ്ടകളിൽ ഉൾപ്പെടുത്തി കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് ഗൗരവമേറിയ ചർച്ചകൾ നടത്തേണ്ടതുണ്ട്.

കാർഷിക മേഖലക്ക് പ്രത്യേക ഊന്നൽ നൽകുന്നുവെന്ന് സർക്കാരുകൾ പ്രഖ്യാപിക്കുമ്പോഴും വിപണിയിൽ വിലപേശാനുള്ള ചെറുകിട കർഷകരുടെ ശേഷി ഇന്നും നിസ്സാരമായി തുടരുകയാണ്. ഇവർക്ക് സാങ്കേതിക ഉപദേശം നൽകുന്ന സർക്കാർ വിജ്ഞാനവ്യാപന ഏജൻസികളുടെ പ്രവർത്തനത്തിലും പരിമിതികളുണ്ട്. വിപണിയിൽ ഫലപ്രദമായി ഇടപെടാൻ ശക്തിപകരുന്നവിധം കുടുംബകൃഷിക്കാരെ പരസ്പരം സഹകരിപ്പിച്ചുകൊണ്ട് സംഘങ്ങളായി സംഘടിപ്പിക്കാൻ ഈ അവസരം ഉപയോഗിക്കണം. ജൈവകൃഷിയാണ് കുടുംബകൃഷിയുടെ ശക്തി. ജൈവകൃഷിയുടെ കാര്യക്ഷമതയിലേക്കും പ്രായോഗികതയിലേക്കും വിരൽചൂണ്ടുന്ന ഒട്ടേറെ മാതൃകകൾ ഇന്ന് നമുക്ക് ലഭ്യമാണ്. ആന്ധ്രാപ്രദേശിൽ സർക്കാർ സഹായത്തോടെ സെന്റർ ഫോർ സസ്റ്റയിനബിൾ അഗ്രികൾച്ചർ (സിഎസ്എ) എന്ന സംഘടന അഞ്ചുലക്ഷത്തോളം ഹെക്ടർ സ്ഥലത്ത് നടപ്പാക്കിവരുന്ന വിഷമില്ലാത്ത കൃഷി ഇത്തരമൊരു മാതൃകയാണ്. പാരിസ്ഥിതികമായി സുസ്ഥിരവും മനുഷ്യന്റെ ആരോഗ്യത്തിനു സുരക്ഷിതവുമായ ജൈവകൃഷിയാണ് ഭാവിയുടെ കൃഷി. കുടുംബകൃഷിക്കാർ ഉത്പാദിപ്പിക്കുന്ന ജൈവോല്പന്നങ്ങൾ പ്രാദേശികമായി തന്നെ സംഘടിത വിപണികളിലൂടെ വിറ്റഴിക്കാനുള്ള ശ്രമവും അന്താരാഷ്ട്ര കുടുംബകൃഷി വർഷാചരണത്തിന്റെ ഭാഗമായുണ്ടാകണം. കൃഷിഭൂമികളുടെ തുണ്ടുവൽക്കരണം ഉയർത്തുന്ന പ്രശ്നങ്ങൾ നേരിടണമെങ്കിലും ഇതല്ലാതെ മറ്റു പോംവഴിയൊന്നുമില്ല.

ലോകത്തിന്റെ ഭക്ഷ്യസുരക്ഷയുടെ താക്കോൽ കർഷകർക്ക് തിരികെ നൽകാനുള്ള ശ്രമമാണ് അന്താരാഷ്ട്ര കുടുംബകൃഷിവർഷാചരണത്തിലൂടെ ഐക്യരാഷ്ട്രസംഘടനയും ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മറ്റുസംഘടനകളും നടത്തുന്നത്. കൃഷി, അന്തസ്സും വരുമാനവുമുള്ള ഉപജീവനമാർഗ്ഗമാക്കി മാറ്റി, അതിനു വേണ്ട നയപരവും സാമൂഹികവും സാമ്പത്തികവുമായ സാഹചര്യങ്ങൾ സൃഷ്ടിക്കാൻ അന്താരാഷ്ട്രകുടുംബകൃഷി വർഷാചരണം വഴിയൊരുക്കും. ഇന്ത്യയിൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ അവശേഷിക്കുന്ന ചെറുകിട കർഷകരിൽ ബഹുഭൂരിപക്ഷവും മധ്യവയസ്സു പിന്നിട്ടവരാണ്. ലോകത്തിലെ മറ്റുരാജ്യങ്ങളിലെ സ്ഥിതിയും ഏറെ വിഭിന്നമല്ല. ഇന്ത്യയിൽ കാർഷിക മേഖലയിൽ നിന്നും കൊഴിഞ്ഞുപോകുന്നവരിൽ ഭൂരിപക്ഷവും വനിതാകർഷകരാണ്. 2001-നും 2011-നും ഇടയിൽ മുഴുവൻ സമയ പുരുഷകർഷകരുടെ എണ്ണത്തിൽ 27 ലക്ഷത്തോളം കുറവുണ്ടായപ്പോൾ ഇതേ കാലയളവിൽ വനിതാകർഷകരുടെ എണ്ണത്തിൽ 60 ലക്ഷത്തോളം പേരുടെ കുറവുണ്ടായതായി സെൻസസ് കണക്കുകൾ സൂചിപ്പിക്കുന്നു. യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതോടൊപ്പം വനിതാകർഷകർക്കുവേണ്ടിയും പ്രത്യേക പരിപാടികൾ നടപ്പാക്കിയാലേ രാജ്യത്തെ കൃഷിക്കു ഭാവിയുള്ളൂ. മഴയെ മാത്രം ആശ്രയിച്ചു കൃഷിനടത്തുന്ന പ്രദേശങ്ങളിലെ കൃഷി, പശ്ചിമഘട്ടമുൾപ്പെടെയുള്ള മലമ്പ്രദേശങ്ങളിലെ കൃഷി എന്നിവയെല്ലാം കാലാവസ്ഥാവ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ വലിയ വെല്ലുവിളികൾ നേരിടുകയാണ്. അന്താരാഷ്ട്രകുടുംബകൃഷി വർഷാചരണത്തിന്റെ ഭാഗമായി ഇതിനെയെല്ലാം പ്രത്യേകമായി അഭിസംബോധന ചെയ്യാൻ ശ്രമമുണ്ടാകണം. ചെറുകിട കർഷകരുടെ കൃഷിയിടങ്ങളിലെ ഉത്പാദനക്ഷമത കോർപ്പറേറ്റുകളുടെ ഉത്പാദനത്തെക്കാളും കൂടുതലാണെന്ന് അടുത്തകാലത്തു നടത്തിയ പല ശാസ്ത്രീയ പഠനങ്ങളും തെളിയിക്കുന്നു. എന്തുനഷ്ടം സഹിച്ചും ഭക്ഷണം ഉത്പാദിപ്പിക്കേണ്ടത് കർഷകന്റെ മാത്രം ഉത്തരവാദിത്വമാണെന്ന മനോഭാവം മാറ്റി ഓരോരുത്തരും കുടുംബത്തോടൊപ്പം ഭക്ഷ്യോത്പാദനത്തിൽ പങ്കാളികളാകുമ്പോൾ മാത്രമായിരിക്കും അന്താരാഷ്ട്ര കുടുംബകൃഷിവർഷാചരണം ഫലവത്തായി മാറുക. ●

**കൃഷി, അന്തസ്സും വരുമാനവുമുള്ള ഉപജീവനമാർഗ്ഗമാക്കി മാറ്റി, അതിനു വേണ്ട നയപരവും സാമൂഹികവും സാമ്പത്തികവുമായ സാഹചര്യങ്ങൾ സൃഷ്ടിക്കാൻ അന്താരാഷ്ട്രകുടുംബകൃഷി വർഷാചരണം വഴിയൊരുക്കും.**

Photo/Koodu Magazine



മണ്ണുത്തി കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞനാണ് ലേഖകൻ



Photo/Koodu Magazine

# ഭക്ഷണം അവകാശം; കൃഷി കടമയും

**ആർ. ഹേലി**

കൃഷിയുടെ മഹത്തായ അപൂർവ്വ പ്രാധാന്യത്തെ ലോകജനതയുടെ മുമ്പിൽ ഭക്ഷ്യകാർഷിക സംഘടന അവതരിപ്പിക്കുന്നത് വളരെ വളരെ ചിന്തിപ്പിക്കുന്ന ഒരു ചെറുവാചകത്തിലൂടെയാണ് 'ഏതാനും ആഴ്ച കഴിയ്ക്കാൻ ആവശ്യമുള്ള ഭക്ഷ്യവസ്തുക്കളേ ലോകത്തിലുള്ളൂ'. ഒരിയ്ക്കലും മാറ്റിവയ്ക്കുവാൻ കഴിയാത്ത ആഹാരം, മുഴുവനും മാനവരാശിയ്ക്കും മൃഗങ്ങൾക്കും പക്ഷികൾക്കും ലഭ്യമാക്കുന്ന കാർഷികവൃത്തിയുടെ വലിപ്പം മനസ്സിലാക്കാൻ മറ്റൊരു വിശദീകരണവും ആവശ്യമില്ല.

ഭൂമിയുടെ പ്രായത്തെചൊല്ലിയും കൃഷിയുടെ ഉൽപ്പത്തിയെപ്പറ്റിയും ഒക്കെ വിജ്ഞേയങ്ങളായ പ്രബന്ധങ്ങൾ നമുക്ക് സുലഭം. പക്ഷേ, കാർഷികോത്പാദനവും കർഷകക്ഷേമവും ഉത്തരം കിട്ടാത്ത പ്രശ്നങ്ങളായി മാറുന്നതുപോലെ കൃഷിഭൂമി കുറയുന്നതും കൃഷിയിൽ നിന്നും കർഷകർ ഒഴിഞ്ഞുപോകുന്നതും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, എല്ലാ രാഷ്ട്രങ്ങളിലും. കോടിക്കണക്കിനു വരുന്ന ജനങ്ങൾക്കും അതിനേക്കാളേറെയുള്ള പക്ഷി-മൃഗാദികൾക്കും എങ്ങനെ വിശപ്പടക്കി ജീവിതം നിലനിർത്താൻ കഴിയും? ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താൻ ഐക്യരാഷ്ട്രസഭ ലോകസമാധാനപാലനത്തിനുവേണ്ടിയുള്ള അടിയന്തരശ്രമങ്ങൾക്ക് ഈയിടെ മുന്നിട്ടിറങ്ങിയിരിക്കുന്നത് വളരെ സ്വാഗതാർഹമായ കാര്യമായിതന്നെ കരുതണം.

**ലോകത്ത് എല്ലാ രാഷ്ട്രങ്ങളിലും കൃഷിയുണ്ട്. 95 കോടിയോളം ഹെക്ടർ ഭൂമി ഇതിനായി ഉപയോഗിക്കുന്നുമുണ്ട്. ലോകത്തിലെ ഏതുവിളയും കൃഷിചെയ്യാൻ കഴിയുന്ന വിധത്തിലുള്ള കാലാവസ്ഥകൾ ഇന്ത്യയിൽ ലഭ്യമാണ്.**

2014 ഇതിന്റെ ഭാഗമായി 'കുടുംബകൃഷി' വർഷമായി ആചരിക്കുന്നതിലൂടെ ലോകമന:സാക്ഷിയെ കൃഷിയുടെ രംഗത്തേയ്ക്ക് കുറെച്ചങ്കിലും ആകർഷിക്കാൻ കഴിഞ്ഞാൽ അത്രയും നന്ന്!

ലോകത്ത് എല്ലാ രാഷ്ട്രങ്ങളിലും കൃഷിയുണ്ട്. 95 കോടിയോളം ഹെക്ടർ ഭൂമി ഇതിനായി ഉപയോഗിക്കുന്നുമുണ്ട്. ഇതിൽ 16 കോടിയും ഇന്ത്യയിലാണ്. ലോകത്തിലെ ഏതുവിളയും കൃഷിചെയ്യാൻ കഴിയുന്ന വിധത്തിലുള്ള കാലാവസ്ഥകൾ ഇന്ത്യയിൽ ലഭ്യമാണ്. ഇന്ത്യൻ കർഷകരുടെ അനുഭവജ്ഞാനം അതുല്യമാണ്. ലോക ധാന്യവിപണിയിൽ, വിശേഷിച്ചും അരിയുടെ രംഗത്ത് ഇന്ത്യൻ ആധിപത്യം ഒന്നാം സ്ഥാനത്തേക്ക് എത്തിനോക്കുകയാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ പാൽ ഉത്പാദിപ്പിക്കുന്ന രാഷ്ട്രമായി ഭാരതം ഉയർന്നിരിക്കുന്നു. എല്ലാ കാർഷിക വിഭവങ്ങളുടേയും രംഗത്ത് ഇന്ത്യ ശ്രദ്ധേയമായ സ്ഥാനം നേടിയിരിക്കുന്നു. ഭക്ഷണം അവകാശമായി പ്രഖ്യാപിക്കാൻ ഇന്ത്യ നിയമനിർമ്മാണം നടത്തുമെന്ന് 1950-കളിൽ കാർഷിക കോളേജിൽ പഠിക്കുമ്പോൾ ഞങ്ങളാരും സ്വപ്നം കണ്ടിരുന്നുപോലുമില്ല.

ഇപ്പോഴും ഇന്ത്യയിൽ ജനസംഖ്യയുടെ 55 ശതമാനത്തിൽ അധികവും കൃഷിയിലാണ് ജീവിതസുരക്ഷ കണ്ടെത്തുന്നത്. ഇവരുടെ എണ്ണം 60 കോടിയിലേറെ വരും. 1950-ൽ ഇത് 25 കോടി മാത്രമായിരുന്നു. കൃഷിപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം വളരെ വർദ്ധിച്ചു, ഒപ്പം കാർഷിക ഉത്പാദനം വളരെ ഉയർന്നു. പക്ഷേ, കൃഷിക്കാരുടെ ജീവിത നിലവാരം ഉയ

രുന്നില്ല. അതുകാരണം ആത്മഹത്യ കാർഷിക മേഖലയിലെ ഒരു കറുത്ത പാടായി വളരുന്നു. മാത്രവുമല്ല, ഇളം തലമുറയെ കൃഷിയിലേക്ക് കടന്നുവരാൻ കർഷകർ തന്നെ അനുവദിക്കുന്നില്ല. തിളക്കമാർന്ന ഭാവിയ്ക്കു ദാഹിക്കുന്ന ഇളം തലമുറ കൃഷിയിലേക്ക് നോക്കുന്നതുപോലുമില്ല എന്നതല്ലേ സത്യം.

അതേസമയം 2020 ആകുമ്പോൾ ഇന്ത്യൻ ധാന്യാവശ്യം മാത്രം 296 ദശലക്ഷം ടൺ ആകും. ഇതിനും പുറമെ നാം ലക്ഷ്യംവയ്ക്കുന്ന കയറ്റുമതിയ്ക്കും വേണ്ടതായ ധാന്യം നാം ഉത്പാദിപ്പിക്കണം - ഇതുപോലെ പാൽ, മുട്ട, പരുത്തി, കരിമ്പ്, സുഗന്ധദ്രവ്യങ്ങൾ ഇവയുടെ എല്ലാം ഉത്പാദനം ഉയർത്തണം. ഇന്ത്യയിലെ കൃഷിഭൂമി കുറയുന്ന കാര്യം മറക്കാൻ പാടില്ല. അതോടൊപ്പം കൃഷിഭൂമിയിടങ്ങൾ ചെറുതായി കൊണ്ടിരിക്കുന്നു. ഇത്തരത്തിൽ കുടുംബകൃഷി വർഷാചരണം കാർഷിക മേഖലയിലേക്കു ഒരു പുതിയ ചിന്തയ്ക്കു വഴി തെളിയ്ക്കുന്നു. അങ്ങുമിങ്ങും ചില ചർച്ചകളിൽ ഒതുങ്ങി നിൽക്കുന്ന ഒരു വിഷയം ആഗോളപ്രാധാന്യമുള്ള ഒന്നായി അങ്ങനെ നമ്മുടെ മുന്നിലേക്ക് വരികയാണ്.

കൃഷിഭൂമി വിസ്തീർണ്ണം കുറയുന്ന തോടൊപ്പം കൃഷിഭൂമിയുടെ ഉത്പാദന

**കൃഷിക്കാരുടെ ജീവിത നിലവാരം ഉയരുന്നില്ല. അതുകാരണം ആത്മഹത്യ കാർഷിക മേഖലയിലെ ഒരു കറുത്ത പാടായി വളരുന്നു. മാത്രവുമല്ല, ഇളം തലമുറയെ കൃഷിയിലേക്ക് കടന്നുവരാൻ കർഷകർ തന്നെ അനുവദിക്കുന്നില്ല.**

ക്ഷമതയും കുറയുന്നതായി കാണാം. പ്രകൃതിവിഭവചൂഷണം അതിരു കടക്കുന്നതിനാൽ, ജലം, ഭൂമി എന്നിവയ്ക്കു മുൻഗണന നൽകുന്ന സമ്പ്രദായം മാറിയിരിക്കുന്നു. കൃഷിഭൂമിയുടെ ഉത്പാദനക്ഷമത കുറഞ്ഞാൽ അതു സൃഷ്ടിക്കുന്ന ആഘാതം വളരെ വലുതാണ്. അനുഭവിച്ചറിയാൻ കൊള്ളുന്ന ഒരു കാര്യമല്ല അത്. വിളപരിപാലനവും മൃഗസംരക്ഷണവും പഴം-പച്ചക്കറികൃഷിയും ഔഷധകൃഷിയും ഒരുമിച്ചു കൊണ്ടുപോകണം. പരമ്പരാഗത കൃഷിമുറകൾ വിസ്മരിക്കപ്പെടുന്നതോടെ ഒരു വലിയ കച്ചവടസംസ്ക്കാരം കൃഷിയിലേക്ക് കടന്നുവരുന്നുണ്ട്. ഇത് പ്രകൃതിയെ പാടെ നശിപ്പിക്കുന്ന കേവല ലാഭത്തിന്റെയും നഷ്ടത്തിന്റെയും കണക്കുകൾ മാത്രമായി ചുരുങ്ങുന്നു. വമ്പിച്ച മുതൽ മുടക്കുന്നവർ അതിനനുസരിച്ച് ലാഭം കിട്ടാതെ വരുമ്പോൾ കൃഷിഭൂമിയെതന്നെ ഇല്ലാതാക്കുന്നു.

പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള സംയോജിത കൃഷിയും ചെറുകിട കർഷകന്റെ ശാക്തീകരണവും ഉത്പാദനക്ഷമതയും തിരിച്ചുവരണം. കൃഷിക്കാരനെന്നത് വെറും അസംസ്കൃതവസ്തു



വീട്ടിനകത്തെ കൂൺകൃഷി Photo/Praveen K

ഉത്പാദിപ്പിക്കുന്നവനാകരുത്. കൃഷിവിഭവങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുമ്പോൾ ഉണ്ടാക്കപ്പെടുന്ന വൻലാഭ കൂമ്പാരം വിപണിശക്തികൾക്ക് മാത്രമാകുന്നു. അതിനാൽ ഈ കൊടുംലാഭത്തിൽ കൃഷിക്കാരന് അവകാശലാഭം ലഭ്യമാക്കാനുള്ള യത്നങ്ങൾ ഉയർന്നുവരണം. കൃഷിയിൽ കർഷകരെ പിടിച്ചു നിറുത്താനുള്ള മാർഗ്ഗങ്ങൾക്കു പകരം ഇളം തലമുറയ്ക്ക് മാന്യമായ ആദായവും സാമൂഹ്യ അംഗീകാരവും കിട്ടുന്ന ഒരു മേഖലയായി കൃഷിരംഗത്തെ മാറ്റിയെടുക്കാൻ കുടുംബകൃഷി പ്രസ്ഥാനത്തിന് കഴിയണം. ഇത്ര ലഘുവായ കാര്യമല്ല. പക്ഷേ, തുടങ്ങിയേ മതിയാകൂ.

കണക്കുകൾ സൂചിപ്പിക്കുന്നത് ഇന്ത്യയിലെ കൃഷിയിടങ്ങളിൽ ഭൂരിഭാഗവും ചെറുകിട കൃഷിയിടങ്ങളാണെന്നാണ്. കാലാവസ്ഥയുമായി മല്ലിട്ട് ഈ കൃഷിയിടങ്ങളിൽ അദ്ധ്വാനിക്കുന്ന ചെറുകിടക്കാരാണ് ഇപ്പോൾ നമുക്കാവശ്യമായ കാർഷിക വിഭവങ്ങൾ ലഭ്യമാക്കുന്നത്. ഇവരുടെ കൃഷിയിടങ്ങളിലെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ മാത്രമല്ല ജീവിതസുരക്ഷ ഉറപ്പുവരുത്താനും കുടുംബകൃഷി പ്രസ്ഥാനത്തിനു കഴിഞ്ഞാൽ മാത്രമേ നാം ആശിക്കുന്ന നിത്യഹരിത വിപ്ലവം യാഥാർത്ഥ്യമാക്കാൻ കഴിയൂ.

പറമ്പിലെ കൃഷി എന്നത് നിർവ്വചിക്കാനും വിവരിയ്ക്കാനും കഴിയാത്തവിധം സംഘടിപ്പിക്കപ്പെട്ട നമ്മുടെ സ്വന്തം കൃഷി സമ്പ്രദായമായിരുന്നു. അതുല്യമായൊരു ജൈവസംയോജിത കൃഷിരീതി. വീട്ടിലേയ്ക്കാവശ്യമുള്ള അരിയും പഞ്ചസാരയും ഒഴിച്ച് മറ്റുള്ള എല്ലാ വിഭവങ്ങളും വീട്ടുവളപ്പിലെ കൃഷിയുടെ ഭാഗമായിരുന്നു. പഴവർഗ്ഗങ്ങൾ, പച്ചക്കറി, ഔഷധസസ്യങ്ങൾ, പുളി, തെങ്ങ്, പ്ലാവ്, മാവ്, നെല്ലിക്ക എന്നുവേണ്ട മണ്ണിൽ കുരുക്കുന്ന സർവ്വവും ഇവിടെ ഇടംപിടിച്ചിരുന്നു. ചേനയും ചേമ്പുമൊക്കെ കാടുപോലെ വളർന്നിരുന്നു. ഇതിനിടയിൽ പശുക്കളും ആടും

# കൂൺ കൃഷിയിലെ സാധ്യതകൾ

**പ്രവീൺ കെ.**

കേരളത്തിലെ കാലാവസ്ഥയിൽ ചെയ്യാൻ കഴിയുന്നതും താരതമ്യേന മുതൽമുടക്കു കുറഞ്ഞതുമായ ഒരു കൃഷിയാണ് കൂൺ വളർത്തൽ. വളരെയധികം പോഷകഗുണങ്ങളുള്ള കൂൺ നിത്യഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതു നല്ലതാണ്. യുവാക്കൾക്കും വീട്ടമ്മമാർക്കും ഒരു സ്വയംതൊഴിൽ എന്ന രീതിയിൽ വളരെയധികം സാധ്യതയുള്ള ഒരു കൃഷിയാണിത്.

### അടിസ്ഥാന സൗകര്യങ്ങൾ

നല്ല വൃത്തിയുള്ളതും സൂര്യപ്രകാശം നേരിട്ടു പതിക്കാത്തതും വായു സഞ്ചാരവും ഈർപ്പവുമുള്ളതായ മുറിയാണു വേണ്ടത്. ഈച്ച, വണ്ട്, എട്ടുകാലി എന്നിവ വരാതിരിക്കാൻ തുറന്ന ഭാഗങ്ങളിൽ ഗ്രീൻ ഷേഡ് അല്ലെങ്കിൽ ചെറിയ കണ്ണികളുള്ള നെറ്റ് വച്ചു മറയ്ക്കേണ്ടതാണ്. എലിയെ ഒഴിവാക്കാനുള്ള മാർഗ്ഗങ്ങളും തേടേണ്ടതാണ്. ഇരുന്നൂറ്റി അമ്പതു ലിറ്ററിന്റെ ഒരു പ്ലാസ്റ്റിക് ഡ്രം, ഒരു പ്ലാസ്റ്റിക് ഷീറ്റ് (വൈക്കോൽ ഉണക്കുന്നതിന്).

### കൃഷി ചെയ്യുന്ന രീതി

സാധാരണ വൈക്കോൽ ആണ് മാധ്യമം ആയി ഉപയോഗിക്കുന്നത്. നല്ലവണ്ണം ഉണക്കിയെടുത്ത മഞ്ഞ നിറമുള്ള വൈക്കോൽ ആണ് ഉത്തമം.

ആദ്യമായി വൈക്കോൽ അണുവിമുക്തമാക്കണം. അതിനു രണ്ടു മാർഗ്ഗങ്ങൾ ഉണ്ട്. തിളച്ച വെള്ളത്തിലോ ആവിയിലോ നാൽപ്പത്തഞ്ചു മിനിറ്റ് മുക്കിവച്ചോ അല്ലെങ്കിൽ നൂറു ലിറ്റർ വെള്ളത്തിൽ അമ്പതു മി.ലി. ഫോർമാലിൻ, എട്ടു ഗ്രാം ബാവസ്റ്റിൻ എന്ന അനുപാതത്തിൽ മിക്സ് ചെയ്ത വെള്ളത്തിൽ 12-16 മണിക്കൂർ മുക്കിവയ്ക്കുകയോ ചെയ്യാം. അതിനു ശേഷം പുറത്തെടുത്ത വൈക്കോൽ അധികജലം വാർന്നു പോകുന്നതിനു പൊട്ടാസ്യം പെർമാംഗനേറ്റ് ചേർത്ത വെള്ളത്തിൽ തുടച്ചു വൃത്തിയാക്കിയ പ്ലാസ്റ്റിക് ഷീറ്റിൽ വിരിച്ചിടുക. പിഴിഞ്ഞാൽ വെള്ളം

**മുളച്ച കൂണുകൾ മൂന്നു നാലു ദിവസത്തിനുള്ളിൽ വിളവെടുക്കാം. ഒരു ബെഡിൽ നിന്നും ഒരു കിലോ മുതൽ ഒന്നര കിലോ വരെ വിളവു കിട്ടും.**

ഇറ്റു വീഴാത്ത എന്നാൽ നനവ് കിട്ടുന്ന പരുവത്തിൽ വൈക്കോൽ ആറിയാൽ രണ്ടടി നീളവും ഒരടി വീതിയും ഉള്ള പ്ലാസ്റിക് കവറിൽ വൈക്കോൽ ചുമ്മാട് പോലെ പിരിച്ചെടുത്ത് അടുക്കി വയ്ക്കുക. നല്ലവണ്ണം അമർത്തി വായു കളഞ്ഞതിനു ശേഷം കവറിന്റെ വശങ്ങളിൽ വിത്ത് ഇട്ടു കൊടുക്കുക. വീണ്ടും വൈക്കോൽ വച്ച് വിത്ത് ഇടുക. അങ്ങനെ നാലു തവണ ചെയ്തതിനു ശേഷം ഏറ്റവും മുകളിൽ മുഴുവനായും വിത്തിട്ടു കവറിന്റെ മുകൾ ഭാഗം റബ്ബർബാന്റ് കൊണ്ടോ വള്ളി കൊണ്ടോ അടച്ചു കെട്ടുക. മുന്നൂറു ഗ്രാം വിത്തു കൊണ്ട് ഇതുപോലെ രണ്ടു ബെഡുകൾ തയ്യാറാക്കാം. ഇങ്ങനെ തയ്യാറാക്കിയ ബെഡുകളിൽ അണുവിമുക്തമാക്കിയ സൂചി ഉപയോഗിച്ച് വായു സഞ്ചാരത്തിനു വേണ്ടി ഇരുപതു മുതൽ മുപ്പത് വരെ തുളകൾ ഇടുക. ഈ ബാഗുകൾ പതിനഞ്ചു ദിവസം വരെ വായു സഞ്ചാരം ഉള്ളതും വെളിച്ചം കുറഞ്ഞതുമായ ഇടങ്ങളിൽ സൂക്ഷിക്കേണ്ടതാണ്.

പതിനഞ്ചു ദിവസത്തിനു ശേഷം പുറത്തെടുത്ത ബെഡുകളിൽ അണുവിമുക്തമാക്കിയ ബ്ലേഡ് ഉപയോഗിച്ച് ഒരിഞ്ചു അകലത്തിൽ വെർട്ടിക്കൽ ആയി കീറിക്കൊടുക്കുക. അതിനു ശേഷം വൃത്തിയാക്കിയ ഷെഡിൽ പ്ലാസ്റ്റിക് ചരടു കൊണ്ടുണ്ടാക്കിയ ഉറികളിൽ തൂക്കിയിടാം. രാവിലെയും വൈകീട്ടും വെള്ളം സ്പ്രേ ചെയ്തു കൊടുക്കണം. ഒരാഴ്ച കഴിയുമ്പോഴേക്കും മുളകൾ വന്നു തുടങ്ങും. മുളച്ച കൂണുകൾ മൂന്നു നാലു ദിവസത്തിനുള്ളിൽ വിളവെടുക്കാം. ഒരു ബെഡിൽ നിന്നും ഒരു കിലോ മുതൽ ഒന്നര കിലോ വരെ വിളവു കിട്ടും.

മുറിയിൽ ഈർപ്പം നിലനിർത്താൻ തറയിൽ മണലോ ചാക്കോ വിരിച്ചു വെള്ളം നനക്കാം.

ഷെഡ് തയ്യാറാക്കുമ്പോഴും ഷെഡിനുള്ളിൽ കയറുമ്പോഴും പൊട്ടാസ്യം പെർമാംഗനേറ്റ് ഉപയോഗിച്ച് കാലുകൾ അണുവിമുക്തമാക്കണം. വിത്ത് സ്വന്തമായി ഉണ്ടാക്കിയെടുക്കാം അല്ലെങ്കിൽ മണ്ണുത്തിയിലുള്ള കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും ലഭിക്കും. മുന്നൂറു ഗ്രാം വിത്ത് പാക്കറ്റിന് മുപ്പതു രൂപയാണ് വില. ●

---

കോഴിയും താറാവുമൊക്കെ വളർന്നിരുന്നു. പാലും മുട്ടയും മാംസവുമൊക്കെ ലഭ്യമാക്കിയിരുന്നു.

ജനസംഖ്യ കൂടിയതോടെ, ധാരാളം പണം മനുഷ്യസമൂഹത്തിലേക്ക് കടന്നുവന്നപ്പോൾ കൃഷി ഭൂമികൾ മറ്റാവശ്യങ്ങൾക്കായി മാറ്റപ്പെട്ടു. ഭൂമി ഒരു കാലത്ത് ജന്മിമാർ കൃഷിയ്ക്കായി വെട്ടിപ്പിടിച്ചിരുന്നുവെങ്കിൽ ഇന്നത് റിയൽ എസ്റ്റേറ്റ് ഭീമന്മാരുടെ നോട്ടത്തിൻ കീഴിലാണ്. തീർച്ചയായും അത് കൃഷിയ്ക്കല്ല. ഭൂമി ഒരു വിലപ്പെട്ട പണപ്പെട്ടിയാണ്. കണക്കുകൾ പറയുന്നത് ഇപ്പോഴും കേരളത്തിൽ ലക്ഷം കൃഷിയിടങ്ങൾ ഉണ്ടെന്നാണ്. 25 സെന്റുള്ള പുരയിടം പോലും ഇമ്മിണി വലിയ കൃഷിഭൂമിയായി ജനങ്ങൾ കരുതുന്നു. എന്നാൽ പത്തുസെന്റും 20 സെന്റും മാത്രമുള്ള കൃഷിയിടങ്ങളിൽ എന്തെല്ലാം വിളകൾ സമർത്ഥമായി വിളയിയ്ക്കാമെന്നതിന്റെ നിരവധി മാതൃകകൾ കേരളത്തിൽ സുലഭം. കൃഷി ദീപം ടെലിവിഷൻ പരിപാടിയിൽ കഴിഞ്ഞ പത്തു വർഷത്തിനിടയിൽ കൃഷിയിൽ വിജയംകൊയ്ത 400 കർഷകരുടെ ഒരു കൂട്ടായ്മ അടുത്തകാലത്ത് സംഘടിപ്പിച്ചിരുന്നു. അവയുടെ വിപുലമായ പ്രചാരണങ്ങളും അവ നടപ്പിലാക്കാൻ ഒരു വിപുലമായ

**ജനസംഖ്യ കൂടിയതോടെ, ധാരാളം പണം മനുഷ്യസമൂഹത്തിലേക്ക് കടന്നുവന്നപ്പോൾ കൃഷി ഭൂമികൾ മറ്റാവശ്യങ്ങൾക്കായി മാറ്റപ്പെട്ടു.**

പ്രസ്ഥാനവും കുടുംബകൃഷി പ്രചാരണ വർഷത്തിൽ ഉണ്ടായാൽ മാത്രം മതി ഒരു പക്ഷേ, നമ്മുടെ നാട്ടിൽ ഒരു ഹരിതമാറ്റം സൃഷ്ടിക്കുവാൻ എന്ന് അതു കണ്ടപ്പോൾ തോന്നിപ്പോയി. കൃഷിവിളകളും മൃഗ-പക്ഷിവളർത്തലും കൂട്ടിയോജിപ്പിക്കുന്ന എത്രയെത്ര മാതൃകകൾ നമുക്കുണ്ട്. നെല്ലും മത്സ്യവും, സംയോജിത മത്സ്യ-താറാവുകൃഷി, മത്സ്യത്തോടൊപ്പം പന്നിവളർത്തൽ, നെല്ലും താറാവും, വീട്ടുവളപ്പിൽ ചെറിയ തൊഴുത്തിലെ ഒരു പശുവും കുട്ടിയും വളർത്തൽ, ചായ്പുകളിലെ ആടുവളർത്തൽ, ഇറച്ചിക്കോഴി-പന്നി-മത്സ്യം വളർത്തൽ, മുയൽ വളർത്തൽ, ഔഷധകൃഷി, ഞണ്ടുകൃഷി, തേനീച്ച വളർത്തൽ, കരിമീൻ കൃഷി, പട്ടുനൂൽ കൃഷി ഇങ്ങനെ പോകുന്നു പ്രസ്തുത കൃഷിരീതികൾ. പറമ്പിന്റെ പിന്നിലായി അതിരുകളിൽ തേക്ക്, മഹാഗണി തുടങ്ങിയവ വളർത്തുക എന്നിങ്ങനെ എത്രയെത്ര മികച്ച കൃഷിരീതികൾ നമ്മുടെ മുമ്പിലുണ്ട്. ഭൂമി ഇല്ലാത്തവർക്ക് തേനീച്ച വളർത്തൽ, കൂൺകൃഷി, അലങ്കാരമത്സ്യകൃഷി തുടങ്ങിയവ നടത്തുവാൻ കഴിയും.

ഇവ യാഥാർത്ഥ്യമാക്കാനുള്ള ഉത്പാദകരുടെ കൂട്ടായ്മകളാണ് ആവശ്യം. അവരിലേക്ക് കൃഷിയും പരിചരണമുറകളും

മാത്രം ലഭ്യമാക്കിയാൽ പോരാ, ഇത്തരം വിഭവങ്ങൾ ആവശ്യം കഴിഞ്ഞുള്ളവ ശേഖരിക്കാനും സംസ്ക്കരിക്കാനും വിൽക്കാനുമുള്ള സംവിധാനം സൃഷ്ടിക്കണം. അതു നമ്മുടെ വികസനതന്ത്രത്തിന്റെ ഭാഗമാകണം. ഇവിടെയാണ് വിജയത്തിന്റെ താക്കോൽ.

കൃഷിമേഖലയുടെ ഇന്നത്തെ ഇല്ലായ്മ, ഫണ്ടുകളുടെ അപര്യാപ്തതയും സാങ്കേതിക വൈദഗ്ധ്യത്തിന്റെ അഭാവവുമല്ല. ഇതു രണ്ടും ആവശ്യത്തിനുണ്ടായിട്ടും പ്രതീക്ഷിക്കുന്ന അളവിൽ ഉത്പന്നലഭ്യത ഉയരുന്നില്ല. ഇതിലേയ്ക്കു യുവജനങ്ങൾ ആകർഷിക്കപ്പെടുന്നില്ല. ഉത്പാദകൻ മുമ്പ് സൂചിപ്പിച്ചതുപോലെ വെറും ഒരു അസംസ്കൃതവസ്തു ഉണ്ടാക്കുന്ന വ്യക്തിയല്ല. കുടുംബകൃഷിയിലെ ഒരു പ്രധാനതത്വം നല്ല കാർഷികവിഭവങ്ങൾ സ്വയം ഉപയോഗിയ്ക്കുവാൻ ഉത്പാദകനെ പ്രേരിപ്പിക്കുക എന്നതാണ്. അപ്പോൾ കൃഷികൊണ്ട് മാത്രം ഉപജീവനം കഴിയ്ക്കാത്ത അതേ സമയം മികച്ച വിഭവങ്ങൾ ആഹാരത്തിന് ആവശ്യമുണ്ടെന്ന് തോന്നുന്ന ഒരു

**കീടനാശിനി സൃഷ്ടിക്കുന്ന ഘോരവിപത്തിന്റെ അനുഭവങ്ങൾ നാടുമുഴുവൻ വ്യാപിക്കുന്നതിൽ നിന്നും രക്ഷപ്പെടാനുള്ള ഒരു മാർഗ്ഗമായി നാം ഐക്യരാഷ്ട്രസഭയുടെ കുടുംബകൃഷി പ്രസ്ഥാനത്തെ ഉപയോഗപ്പെടുത്തണം.**

വലിയ വിഭാഗം ജനങ്ങൾ ഇതിൽ തല്പരരാകും.

കേരളത്തിൽ തീർച്ചയായും ഒരു ജനവിഭാഗത്തെ കുടുംബകൃഷി പ്രസ്ഥാനത്തിലേയ്ക്ക് നമുക്ക് ആകർഷിക്കാൻ കഴിയും. എന്നാൽ ഈ പദ്ധതി, ഉദ്ഘാടനാഘോഷവും വിത്തുവിതരണവും, ആട്-കോഴി നൽകലും കൊണ്ട് അവസാനിയ്ക്കരുത്. കുടുംബകൃഷിയെ നമ്മുടെ ജീവിത ശൈലിയുടെ ഒരു ഭാഗമാക്കാൻ കഴിയണം.

കീടനാശിനി സൃഷ്ടിക്കുന്ന ഘോരവിപത്തിന്റെ മേഖലയായ കാസർഗോഡ് അനുഭവങ്ങൾ നാടുമുഴുവൻ വ്യാപിക്കുന്നതിൽ നിന്നും രക്ഷപ്പെടാനുള്ള ഒരു മാർഗ്ഗമായി നാം ഐക്യരാഷ്ട്രസഭയുടെ കുടുംബകൃഷി പ്രസ്ഥാനത്തെ ഉപയോഗപ്പെടുത്തണം.

കുടുംബകൃഷി എന്ന ആശയം പ്രാവർത്തികമാക്കാൻ ജനസമൂഹത്തിനെ മൊത്തത്തിൽ അണി നിരത്താൻ നമുക്കു കഴിയുമോ എന്നതാണ് പ്രശ്നം. ഇതിനുത്തരം കാണാൻ വിദേശപര്യടനം ആവശ്യമില്ല. വേണ്ട വിധത്തിൽ നാം തന്നെ പ്രയത്നിച്ചാൽ മതിയാകും. ●

കൃഷിവകുപ്പിൽ നിന്ന് ഡയറക്ടറായി വിരമിച്ചയാളാണ് ലേഖകൻ

# വിജയ കാന്താരി

ജോജോ ചിറമേൽ

ഒരു കർഷക കുടുംബത്തിൽ ജനിച്ച എനിക്ക് ബാല്യകാലം മുതൽ കൃഷിയോട് പ്രത്യേക താല്പര്യം ഉണ്ടായിരുന്നു. കാർഷികവൃത്തികളിൽ ചെറുപ്പം മുതലേ പിതാവിനെ സഹായിക്കാൻ ഞാനും കൂടുമായിരുന്നു. ചെറുപ്പത്തിൽതന്നെ പിതാവ് 30 സെന്റ് സ്ഥലം കൃഷി ചെയ്യാനായി എനിക്കെഴുതിത്തന്നു. അന്നു നട്ട കുറച്ച് ജാതികൾ സ്ഥിരവരുമാനമായി മാറിയിരിക്കുന്നു. കുറച്ചുനാൾ വിദേശവാസം കഴിഞ്ഞു തിരിച്ചെത്തി വീണ്ടും ഞാൻ കുറേശ്ശെയായി കൃഷിയിലേക്ക് കടക്കാൻ ആരംഭിച്ചു. ഏതു കൃഷി തുടങ്ങണം എന്ന് ചിന്തിച്ചു നടക്കുമ്പോഴാണ് കേരളത്തിൽ പച്ചമുളകിന് 250 മുതൽ 300 രൂപ വരെ വിലയുയർന്നത്. അപ്പോൾ മുളകു കൃഷി ആരംഭിക്കാമെന്ന് കരുതി. കൃഷി ചെയ്യുമ്പോൾ അതിൽ നിന്ന് വരുമാനമുണ്ടായാലേ നമുക്ക് അതിനോട് കൂടുതൽ താൽപര്യമുണ്ടാകൂ. അങ്ങനെ നാലിനങ്ങളുമായി മുളകുകൃഷി തുടങ്ങി. ഒരു വർഷത്തോളം അങ്ങനെ പൊയ്ക്കൊണ്ടിരുന്നു. മുളകിൽ നിന്ന്

• ജോജോ മുളകുതോട്ടത്തിൽ

Photo/ Santhosh Bhasker





• പേപ്പർ ലന്റേൻ എന്ന മുളകിനം Photo/ Koodu Magazine

തരക്കേടില്ലാത്ത വരുമാനവും ലഭിച്ചുകൊണ്ടിരുന്നു. ആ അവസരത്തിലാണ് ഫേസ്ബുക്ക് എന്ന സോഷ്യൽ നെറ്റ്വർക്ക് സൈറ്റിൽ കാർഷിക കൂട്ടായ്മയുടെ സംഗമവേദിയായ 'കൃഷി ഗ്രൂപ്പ്' എന്ന പേജിൽ ഞാൻ എത്തിയത്. അവിടെ മുളക് കൃഷിയും, കൃഷിരീതികളും മറ്റും വിവരിക്കുകയും വിളവെടുപ്പുകളുടെയും മറ്റും ചിത്രങ്ങൾ പോസ്റ്റ് ചെയ്യുകയും ചെയ്തുകൊണ്ടിരുന്നു. 20,000-ത്തോളം അംഗങ്ങൾ ഉള്ള ഈ ഗ്രൂപ്പിൽ നിന്നും എനിക്ക് നിർലോഭമായ പിന്തുണയും, അംഗങ്ങളിൽ നിന്ന് ധാരാളം പുതിയ ഇനങ്ങളിലുള്ള വിത്തുകളും ലഭിച്ചുകൊണ്ടിരുന്നു. വിദേശത്തുനിന്ന് ഇതിലുള്ള അംഗങ്ങൾ വിത്തുകൾ വാങ്ങി എനിക്കയച്ചു തരുമായിരുന്നു. അതോടൊപ്പം അംഗങ്ങൾക്ക് എന്റെ കയ്യിലുള്ള മുളകുവിത്തുകൾ സൗജന്യമായി ഞാനും അയച്ചുകൊടുത്തിരുന്നു.

ഇപ്പോൾ എന്റെ തോട്ടത്തിൽ 40 ഇനങ്ങളിൽ ഉള്ള മുളകുകൾ ഉണ്ട്. എല്ലാത്തിന്റെയും വിത്തുകൾ സുഹൃത്തുക്കൾ എനിക്ക് സമ്മാനിച്ചതാണ്. അതിൽ ത്തന്നെ ലോകത്തിലെ ഏറ്റവും എരിവ് കൂടിയതും 2013-ലെ ഗിന്നസ്സ് റെക്കോർഡ് നേടിയതുമായ Bhut Jolokia (നാഗ ചില്ലി) യുടെ മൂന്നു കളർ വരെയെത്തിയിട്ടുണ്ട്. ഹബെനെരോ, പേപ്പർ ലന്റേൻ, ബെൽ ചില്ലി, ബ്രെയിൻ സ്ട്രെയിൻ, Rocoto pepper എന്നിവ ചിലത് മാത്രം. കാപ്സിക്കവും കാന്താരിയും അഞ്ചു നിറങ്ങളിലുണ്ട്. ഉജ്വല, അതുല്യ എന്നീ നാടൻ ഇനങ്ങളും കാശ്മീരി കറിമുളക് എന്നിവയുമുണ്ട്. ഇടുക്കി ജില്ലയിൽ മാത്രം ഇപ്പോൾ കൃഷി ചെയ്യുന്ന മാലി മുളകും ശേഖരത്തിൽ എത്തിയിട്ടുണ്ട്. രണ്ടിനം മുളകുകൾ പരാഗണം നടത്തി വർണ്ണ ഭംഗിയുള്ള പുതിയ ഒരിനം ഉത്പാദിപ്പിച്ചിട്ടുണ്ട്. അത് പരീക്ഷണഘട്ടത്തിലാണ്.

മുളക് നിത്യജീവിതത്തിൽ, പാചകത്തിൽ ഉപ്പുപോലെതന്നെ ഒഴിവാക്കാനാവാത്ത ഒന്നാണ്. വിവിധതരം മുളകുകളും അവയുടെ കൃഷിരീതികളും

**വളരെ ചെലവു കുറഞ്ഞ രീതിയിലും ആയാസരഹിതമായും ചെയ്യാവുന്ന ഒരു കൃഷിയാണ് മുളകിന്റേത്. മെയ് മുതൽ ഡിസംബർ വരെയാണ് വിളവെടുപ്പുകാലം.**

വിപണന സാധ്യതകളും എല്ലാവരുമായി പങ്കു വക്കാനായി ഫേസ്ബുക്കിൽ ചില്ലി ലവേഴ്സ് എന്ന ഒരു ഗ്രൂപ്പ് ആരംഭിച്ചിട്ടുണ്ട്. സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകൾ ക്രിയാത്മകമായി കൃഷിക്ക് എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിന് ഏറ്റവും വലിയ ഉദാഹരണമാണ് കൃഷി ഗ്രൂപ്പും, ചില്ലി ലവേഴ്സും. സൗജന്യ വിത്തു വിതരണം അംഗങ്ങൾക്കിടയിൽ നടക്കുന്നു.

വളരെ ചെലവു കുറഞ്ഞ രീതിയിലും ആയാസരഹിതമായും ചെയ്യാവുന്ന ഒരു കൃഷിയാണ് മുളകിന്റേത്. മെയ് മുതൽ ഡിസംബർ വരെയാണ് വിളവെടുപ്പുകാലം. ചൂടുകൂടുന്ന സമയത്ത് ഇല കുരുടിക്കുന്ന രോഗം കണ്ടുവരാറുണ്ട്. ഇതിനു പ്രതിവിധിയായി പുളിപ്പിച്ച കഞ്ഞിവെള്ളം തളിച്ചു കൊടുത്താൽ മതി. ഉപഭോഗ സംസ്ഥാനമായ കേരളത്തിന് ആവശ്യമായ മുളകിന്റെ സിംഹഭാഗവും കർണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് എത്തുന്നത്. നല്ല എരിവുള്ള കാന്താരി മുളകിന് ആവശ്യക്കാർ ഏറെയാണ്. വൈദ്യശാസ്ത്രരംഗത്തും മുളകിന് ഗണ്യമായ സ്ഥാനമുണ്ട്. മുളക് ക്യാൻസർരോഗികളുടെ വേദന ഇല്ലാതാക്കാൻ ഉപയോഗിക്കാമോ എന്ന പരീക്ഷണത്തിലാണ് നാഷണൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞർ. വീട്ടുമുറ്റത്തെ കാന്താരിയും കപ്പൽമുളകും താമസിയാതെ പരീക്ഷണശാലയിൽ എത്തിയാൽ ഇനിയും മുളകിന് വിലകൂടും. ഒരു വീട്ടിൽ ഒരു ദിവസം ഒരു രൂപയുടെ മുളകെങ്കിലും ഉപയോഗിക്കുന്നുണ്ടാകും. അങ്ങനെ നോക്കുമ്പോൾ കേരളത്തിലെ എല്ലാ വീടുകളിലും കൂടി ഒരു വർഷം എത്ര കോടി രൂപയുടെ മുളകാണ് വേണ്ടി വരുന്നത് എന്നൂഹിക്കാമല്ലോ. ഈ പണമെല്ലാം പോകുന്നത് അന്യസംസ്ഥാനങ്ങളിലേക്കാണ്. അതുകൊണ്ട് ഓരോ വീട്ടിലും രണ്ടു മുളകുചെടികൾ വച്ചുപിടിപ്പിക്കുകയാണെങ്കിൽ ഈ പണം കേരളത്തിന്റെ വികസനത്തിന് ഒരു മുതൽക്കൂട്ടാവും എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ●



Photo/Color transparency-Dr Unnikrishnan Pulikkal



# നെല്ലിൻതണ്ടു മണക്കും വഴികൾ

സി. രാജഗോപാലൻ

മൺചുമരുവച്ച് ഓലമേഞ്ഞതായിരുന്നു തറവാട്. ഒരു ചെറിയ വീടായിരുന്നു. താഴെ രണ്ടു കുഞ്ഞു മുറികൾ. തെക്കേ അറയും വടക്കേ അറയും. നടുവിൽ മച്ച്. മൂന്നുപുറം ഇടനാഴികൾ. ചുമരു കെട്ടിത്തിരിക്കാത്ത ഒരു തട്ടിൻ പുറം. ഒരടുക്കളയും. വീടിന്റെ പിന്നാമ്പുറത്ത് വയ്ക്കോൽ സൂക്ഷിക്കാൻ ഒരു ചായ്ച്ചുകെട്ടി. കറ്റമെതിക്കാനും നെല്ലുകുത്താനും ഒരു നെടുമ്പുര. ഉമ്മറ മുറ്റത്തിനപ്പുറം തൊഴുത്ത്. എല്ലാം ഓലപ്പുരകൾ. മുറികൾക്കും ഇടനാഴികൾക്കും വലിപ്പം കുറഞ്ഞ കിളിവാതിലുകൾ. അടപ്പില്ല. തിരികുറ്റിയിലുറപ്പിച്ച മരവാതിലുകൾ. കമ്പിയോ സിമന്റോ കൃത്രിമച്ചായങ്ങളോ ചുട്ടമണ്ണോ തൊടാത്ത ഒരു വീട്. ഒരു മുള്ളാണിപോലുമില്ല. പുറ്റുമണ്ണുമെഴുകി മിനുസക്കല്ലുകൊണ്ടരച്ച് കരിയും ചാണകവും മെഴുകിയ മൺനിലങ്ങൾ. കുന്നിൻ ചെരിവിലെ ചുവന്നമണ്ണ് ഉരുളയാക്കിക്കൊണ്ടുവന്ന് കലക്കിത്തേച്ച ചുവരുകൾ.

തറവാടെന്നു വിളിക്കുമ്പോഴും ആ വാക്കിന്റെ തലയെടുപ്പൊന്നുമില്ലാത്ത ആ കൊച്ചുവീട്ടിൽ കുട്ടികളും മുതിർന്നവരുമായി ഇരുപത്-ഇരുപത്തിരണ്ടുപേർ താമസിച്ചിരുന്നത് ഇന്നോർക്കുമ്പോൾ അത്ഭുതം തോന്നുന്നു. മനുഷ്യന് ഇരി

ക്കാനും കിടക്കാനും ഉറങ്ങാനും സത്യത്തിൽ എത്ര കുറച്ചുസ്ഥലം മതി! അത്രയും ആൾക്കാർക്കൊപ്പം, കൊയ്തുമെതിച്ച നെല്ലും ഉണക്കി വെച്ച വിത്തും വിളയിച്ചെടുത്ത കായ്കറികളും ആ വീട്ടിൽത്തന്നെ സൂക്ഷിച്ചു.

നെൽവിത്തുകളും നിലവിളക്കുകളും കാരണവന്മാരുടെ പീഠങ്ങളും മച്ചിൽ സൂക്ഷിച്ചു. 'തൊടാൻ പാടില്ലാതിരിക്കുന്ന' സ്ത്രീകൾ മച്ചിന്റുമ്മറത്തേക്ക് പോയിക്കൂട. ചെത്തിത്തേക്കാത്ത അടുക്കളച്ചുവരിലും വിത്തു സൂക്ഷിപ്പുണ്ട്. കയ്പക്ക, ചുരയ്ക്ക തുടങ്ങിയവയുടെ വിത്തുകൾ ചാണക ഉരുളയിലാക്കി മൺചുമരിൽ പതിച്ചുവെക്കും. നടാനെടുക്കും വരെ അത് കേടുകൂടാതെയിരിക്കും.

വേനലിൽ ഇടമഴപെയ്ത് പുതലിറങ്ങിയാൽ കൃഷിയിറക്കാനുള്ള വട്ടം കൂട്ടുന്നു. പറമ്പിൽ കിഴങ്ങുവർഗ്ഗങ്ങളും പയറു വർഗ്ഗങ്ങളും. ഓണക്കൊയ്ത്തിനുള്ള കരനെല്ലും (മോടൻ) പറമ്പിൽ വിതയ്ക്കും. പള്ളിയാലിൽ ഞാറുപാ

**കുടുംബത്തിലുള്ള ആണുങ്ങളും പെണ്ണുങ്ങളും കുട്ടികളും ഒരുമിച്ചാണ് കൃഷിപ്പണിക്ക് പാടത്തും പറമ്പിലും ഇറങ്ങുക. ആൺമക്കൾക്കും പേരക്കുട്ടികൾക്കും നേതൃത്വം മുത്തശ്ശനാണ്.**

കും. ഇടവപ്പാതിക്ക് വെള്ളം കൂടിയാൽ പള്ളിയാലിലും പാടത്തും പറിച്ചു നടും. കുടുംബത്തിലുള്ള ആണുങ്ങളും പെണ്ണുങ്ങളും കുട്ടികളും ഒരുമിച്ചാണ് കൃഷിപ്പണിക്ക് പാടത്തും പറമ്പിലും ഇറങ്ങുക. ആൺമക്കൾക്കും പേരക്കുട്ടികൾക്കും നേതൃത്വം മുത്തശ്ശനാണ്. പെൺമക്കൾക്കും കുട്ടികൾക്കും മുത്തശ്ശിയും.

ഏത്തം പൂട്ടി വെള്ളം തേവലും, കന്നുപൂട്ടലും, മരത്തിൽ നിന്ന് തോല് (പച്ചില) വെട്ടിയിറക്കലും, അടിത്തോലരിയലും, കെട്ടുകളാക്കി കണ്ടത്തിൽ കൊണ്ടുപോയി ചിന്നലും, വരമ്പുകിളച്ച് മിനുക്കലും, കന്നൂർച്ചയും കണ്ടം നന്നാക്കലും, ഞാറുപറിയും നാടും, കളപറിച്ചു ശുശ്രൂഷിക്കലും കന്നിക്കൊയ്ത്തും മകരക്കൊയ്ത്തും എല്ലാം തന്നെ കുടുംബത്തിലെ ആണുങ്ങളും പെണ്ണുങ്ങളും കുട്ടികളും ഒരുമിച്ച് ചെയ്യുന്നു. കുട്ടികൾക്ക് നാടും കൊയ്ത്തും പറമ്പുപണിയുമൊക്കെ ഉത്സവം പോലെയാണ്. നന്നാക്കലും നാടും കൊയ്ത്തും മെതിയുമായി വീട്ടിലെല്ലാവരും പാടത്തിറങ്ങുന്ന ദിവസങ്ങളിൽ കുട്ടികൾക്ക് സ്കൂളിൽ പോകാതിരിക്കാൻ അനുമതിയുണ്ട്. വലിയവരോടൊപ്പം അന്ന് പാടത്തേക്കിറങ്ങാം, ഞാറുപറിക്കാം, കണ്ടം ചവിട്ടാം, നടാം, കൊയ്യാം, കുഞ്ഞു കറ്റകെട്ടാം, കളമുറ്റത്ത് വലിയവരോടൊപ്പം മെതിക്കാം, നെല്ലളക്കുമ്പോൾ ഉറക്കെ പൊലിയെണ്ണാം,


Photo/Color transparency-Dr Unnikrishnan Pulikkal

വയ്ക്കോൽ കുണ്ടയിലും നെൽക്കൂനയിലും കുത്തിമറിയാം.

മുത്തശ്ശനോടൊപ്പം കുട്ട്യമ്മാമയും വല്ല്യമ്മാമയും വാസുമ്മാമയും, ലീവിൽ വന്ന സമയമെങ്കിൽ ബാലമ്മാമയും പാടത്തേക്കിറങ്ങും. കന്നുപൂട്ടലും വരമ്പുവെക്കലും കണ്ടം ചവിട്ടലുമൊക്കെ ആണുങ്ങളുടെ പണിയാണ്. ഞാറു പറിയ്ക്കലും ചാണകം കോരലും പെണ്ണുങ്ങൾ മാത്രവും. നടീലും കൊയ്ത്തും എല്ലാവരും ചേർന്ന്.

മേടവിഷുവിന് ചാലിട്ടുകഴിഞ്ഞശേഷം പെയ്യുന്ന കനത്ത വേനൽമഴക്കു പിറ്റേന്ന്, കണ്ണുകാണാറാകും നേരത്ത് കന്നിനെയഴിച്ച് കരിയും നുകവുമായി കുട്ട്യമ്മാമ പാടത്തേക്ക് പോകും. നനഞ്ഞ പുതുമണ്ണുമണത്ത കന്നുകൾ മുക്രയിട്ടു പുളച്ചു പായും. അവയെ മെരുക്കി നുകത്തിൽ പൂട്ടാൻ കുട്ടികളും വലിയവരും ഒപ്പം വേണം. കൊഴുത്തലയ്ക്കൽ പുതുമണ്ണ് ഉഴുതു മലരുമ്പോൾ പാടത്തെങ്ങും മണ്ണിന്റെ ഈറ്റു ഗന്ധം



പടരും. ഉലർന്ന മണ്ണിൽ കൊത്തിപ്പെറുക്കാൻ വെള്ളക്കൊറ്റികൾ കൂട്ടത്തോടെ പറന്നിറങ്ങും. ചുവന്ന പാടത്ത് അണിഞ്ഞ അരിച്ചുട്ടിപോലെ അവ നിരക്കും. പാമ്പിൻ തുള്ളലിന് പൊലിപ്പാട്ടു പാടുന്ന പുള്ളുവൻ, അലക്കിമടക്കി വെച്ച തൂവെള്ളമുണ്ട് പൊലിച്ചുകിട്ടുമ്പോൾ പാടുന്ന പാട്ടിൽ

''പാടത്തെ വെള്ളക്കൊറ്റി പറന്നലച്ച പോലെ, തെരുതെരെ ഉഴീഞ്ഞതാ പൊലിച്ചു തന്നത്'' എന്നൊരു ഉപമയുണ്ട്.

പൂട്ടിപ്പൊടിയാക്കി ചാണകപ്പൊടി ചിന്നുമ്പോഴേക്ക് വിളക്ക് കൊളുത്തി മച്ചിലെ വിത്തു പുറത്തെടുക്കും. പറവെച്ച് വിത്ത് കൂമ്പനെ ചൊരിഞ്ഞ് കിഴക്കോട്ടു തിരിഞ്ഞ് തൊട്ടു വന്ദിച്ച് ''ചെറുകുന്നിലമ്മേ അന്ന പൂർണ്ണേശ്വരീ.....'' എന്ന് നെഞ്ചിൽ തൊട്ടു വിളിച്ച് ചെറിയമ്മ വിത്തളക്കും. ഉണക്കിവെച്ച വിത്തിന്റെ ഗന്ധം വീട്ടിനകത്ത് നിറയും. വിഷുപ്പിറകെ 'പൊടിപ്പണി'യും പറമ്പു പണിയും വെള്ളം കൂടിയശേഷമുള്ള വിരിപ്പു പണിയും തീരുമ്പോഴേക്ക് കർക്കിടകമാവും. വിളയിറക്കിയതും താനേ മുളച്ചതുമായി നോക്കുന്നിടത്തൊക്കെ അപ്പോൾ പച്ചത്തഴപ്പ്. കർക്കിടക സംക്രമത്തിന് ദശപുഷ്പങ്ങൾ പുരയിന്മേലും തൊഴുത്തുമ്മേലും ചൂടും. മാസം മുഴുവൻ ശീപോതിയെ വെക്കും. പത്ത് ഔഷധികളും പറമ്പിൽ നിന്ന് കുട്ടികൾ പറിച്ചുണ്ടാക്കും.

കർക്കിടകത്തിൽ 'നിറ'യും ചിങ്ങത്തിൽ 'പുത്തരി'യുമുണ്ട്. കട്ടിളയിലും പത്തായത്തിന്മേലും ഉത്തരത്തിലും മച്ചിലും ചാണകഉരുളയിൽ ഒട്ടിച്ച് വിളഞ്ഞ കതിരുകൾ വെക്കും. 'നിറയോനിറ' എന്ന് ആർപ്പിട്ടാണ് കുട്ടികൾ കതിര് കൊണ്ടുവരിക. ചിങ്ങവെയിൽ തെളിയുന്നതോടെ പറമ്പുവിളകളൊക്കെ പൂവിട്ടു കായകൂടും. വെണ്ട, വഴുതിന, മത്തൻ, കുമ്പളം, മുളക്, പയറ് എല്ലാം. ഓണത്തിനു മുൻപേ കൊയ്യാനുള്ള കരനെല്ല് പറമ്പിൽ വിളഞ്ഞു നിൽക്കും. ചിങ്ങവെയിലേറ്റ് തിളങ്ങുന്ന മോടൻ നെല്ലിന് മഴവില്ലിന്റെ നിറപ്പകിട്ട്. ആണ്ടിലെ ആദ്യത്തെ കൊയ്ത്ത്. മുത്തശ്ശി അരിവാളുമായി മുമ്പിൽ. പിറകെ മറ്റുള്ളവരും. കുട്ടികൾക്കും അരിവാളെടുക്കാം. 'കൈ മുറിക്കരുത്' എന്നൊരു മുന്നറിയിപ്പുകിട്ടും. ആദ്യത്തെ കതിർക്കറ്റ മുറ്റത്തേക്കു കൊണ്ടുപോകുന്ന കുട്ടി, 'താര'മാണ്. അതിനായി വലിയ മത്സരമാണ്. കുളത്തിൽ ചാടി കുളിച്ചുവരും. കുറിതൊട്ട് കണ്ണെഴുതിച്ച് പാവുമുണ്ടുടുപ്പിച്ച് കുട്ടിയെ ഒരുക്കും. കറ്റയെ വരവേൽക്കാൻ മുറ്റം അടിച്ചുതളിച്ച് അരിമാവണിഞ്ഞ് വിളക്കുവെക്കും. വിരിപ്പിലും മുണ്ടകത്തിലും മുറ്റത്ത് കറ്റ കുന്നുകൂടാനുള്ള പ്രാർത്ഥനയാണ്. മോടൻ കൊയ്തു കഴിഞ്ഞാൽ പുത്തരി. കൊയ്തെടുത്ത നെല്ലിന്റെ പുത്തനരിച്ചോറും പായസവും പറമ്പിൽ നിന്നു പറിച്ചെടുത്ത പച്ചക്കറികളും കൂട്ടത്തിൽ വെളിച്ചെണ്ണയിൽ കാച്ചുന്ന പപ്പടവും ചേർന്ന പുത്തരി സദ്യയുടെ ഓർമ്മപോലും നാവിൽ വെള്ളമൂറിയ്ക്കും.

**കൊയ്തെടുത്ത നെല്ലിന്റെ പുത്തനരിച്ചോറും പായസവും പറമ്പിൽ നിന്നു പറിച്ചെടുത്ത പച്ചക്കറികളും വെളിച്ചെണ്ണയിൽ കാച്ചുന്ന പപ്പടവും ചേർന്ന പുത്തരി സദ്യയുടെ ഓർമ്മപോലും നാവിൽ വെള്ളമൂറിയ്ക്കും.**

കൊയ്ത്തുൽസവമായ ഓണത്തിനു പിറകെയെത്തുന്ന കന്നിയിലെ ആയില്യം നെല്ലിന്റെ പിറന്നാളാണ്. ചാണകം തേച്ച് അരിമാവണിഞ്ഞ മുറ്റത്ത്, മണ്ണുകുഴച്ച് മെനഞ്ഞെടുത്ത ആയില്ല്യക്കുട്ടിയെ വെച്ച് നെൽകതിർ ചൂടിക്കും. തൊടിയിലെ പച്ചക്കറികൾ കൊണ്ടു കൊരുത്ത മാല ചാർത്തും. പുത്തനരി കൊണ്ടു പായസം വെച്ചു നിവേദിക്കും.

ഇടവപ്പാതിക്ക് വരമ്പുമൂടി വെള്ളം കയറിക്കിടന്ന കുണ്ടുപാടങ്ങളിൽ, ചിങ്ങവെയിലിൽ വെള്ളമിറങ്ങുന്നതോടെ 'കരിങ്കറ'പ്പണിക്കുള്ള കന്നുപൂട്ടാരംഭിക്കും. തെളിവെയിലും കുളിർകാറ്റും, പഞ്ഞിക്കെട്ടുകൾ പോലെ വെൺമേഘത്തുണ്ടുകൾ ചിന്നിയ നീലാകാശവും, ഒരുമിച്ചു പറന്ന് ധവള ധനുസ്സു തീർക്കുന്ന വെള്ളക്കൊറ്റികളും ചേർന്ന പാടത്തിന്റെ വിശാലതയിൽ കന്നുപൂട്ടുന്നവരുടെ 'ഭാഷ'യില്ലാത്ത ആഹ്ലാദസ്വരങ്ങൾ അവാച്യസംഗീതമായി ചേറ്റുഗന്ധത്തിലലിഞ്ഞു പരക്കും. ആ ഗന്ധവും ഈണങ്ങളും വയൽക്കാറ്റിൽ, ഓരോ വീട്ടിലുമെത്തും. പാടത്തു പണിയുന്നവർക്ക് കഞ്ഞിവെക്കുന്ന അടുക്കളകളിൽ ആ മണവും സ്വരവും പാചകത്തിന്റെ ശ്രുതിയും താളവുമാകും.

ഒരു പറ വിത്തിന്റെ നിലമെങ്കിലുമുള്ള ഏതു വീട്ടിലും ഉഴവു മാടുകളുണ്ടായിരുന്നു. വീടിനോടു ചേർന്ന് ഒരോലത്തൊഴുത്തും അതിൽ, വേല കഴിഞ്ഞ് കുളിച്ച് ഭക്ഷണം കഴിച്ച് അയവെട്ടുന്ന കന്നുകളും ഓരോ കാർഷിക ഭവനത്തേയും സനാഥവും സ്നേഹ സമ്പന്നവുമാക്കിയിരുന്നു. തട്ടിയും മുട്ടിയും കൊമ്പുരസിയും ഉറക്കെ ശ്വസിച്ചും വയ്ക്കോൽ ചവച്ചരച്ചും രാവിന്റെ ഏകാന്ത നിശ്ശബ്ദതകളിൽ ''പേടിക്കേണ്ട, നിങ്ങളുറങ്ങിക്കൊള്ളൂ... ഞങ്ങളിവിടെയുണ്ട് '' എന്ന് പറയാതെ പറയുന്ന നിഷ്കളങ്ക മൃഗങ്ങൾ.വിട്ടുതീറ്റാൻ വൈകിയാൽ ''അവ മുൻപേ നടന്നിട്ടാണ് നാഴി കഞ്ഞിവെള്ളം കുടിക്കുന്നത് അത് ഓർമ്മിച്ചോളൊണ്ടൂ'' എന്ന് കുട്ടികളെ ശാസിക്കുമായിരുന്നു. പറമ്പിൽ മേയ്ക്കുമ്പോഴും പുഴയിൽ കുളിപ്പിക്കുമ്പോഴും പോത്തിന്റെ പുറത്തു സവാരിചെയ്യൽ കുട്ടികളുടെ നേരമ്പോക്കാണ്. ഞങ്ങൾക്ക് അന്നൊക്കെ പോത്ത് 'കാല'വാഹനമല്ല. സ്നേഹവാഹനമായിരുന്നു. പച്ചക്കറി തോലുചെത്തി അരിയുമ്പോഴും, അരി തിളക്കുന്ന ഗന്ധമുയരുമ്പോഴും, ചക്ക മുറിക്കുമ്പോഴും തൊഴുത്തിൽ നിന്നും മുക്ര ഉയരും. ''ഞങ്ങൾക്കും തരണേ...!''

ഒഴിഞ്ഞു കിടക്കുന്ന തൊഴുത്ത് ഒരപശകുനമായി കരുതിയിരുന്നു അന്ന്. അയൽപക്കക്കാർ പരസ്പരം ഉഴുതും ഊർന്നും സഹായിച്ചാണ് ഓരോരുത്തരും കൃഷിചെയ്തത്. (ഉഴവുമാടുകളുടെ ചാണകവും മൂത്രവും കൊണ്ട് പരിപുഷ്ടമായിരുന്ന കൃഷിനിലങ്ങൾ ഇന്ന് രാസവളകീടനാശിനികൾ വീണു പൊള്ളിത്തരിശാകുന്നതു കാണുമ്പോൾ ഉഴുന്നവനും മുൻപേ നടന്ന നാൽക്കാലികളെ ഓർത്തു പോകുന്നു).

കൃഷിയിലെ ആഹ്ളാദം പാരമ്യത്തിലെത്തുന്നത് മകരക്കൊയ്ത്തു കാലത്താണ്. ഉത്സാഹത്തോടെയുള്ള

Photo/Color transparency-Dr Unnikrishnan Pulikkal





Photo/Koodu Magazine

മുന്നൊരുക്കങ്ങൾ. കരിമ്പനത്തണ്ട് വെയിലിൽ വാട്ടി കറ്റക്കയറു ചീകിയുണ്ടാക്കും മുത്തശ്ശൻ. കൊയ്ത്തരിവാളുകൾ തിരഞ്ഞുകൂട്ടി കുട്ടികളുടെ കയ്യിൽ തരും മുത്തശ്ശി. കരുവാന്റെ ആലയിൽ കൊണ്ടുപോയി മൂർച്ചകൂട്ടിക്കൊണ്ടു വരിക എന്നത് കുട്ടികൾക്ക് പരമാനന്ദമാണ്. കാറ്റൂതുന്ന ഉലയിൽ തീപ്പൊരികൾ പൂത്തിരികളാകുന്നതും ഇരുമ്പ് പഴുത്ത് തിളങ്ങുന്നതുമൊക്കെ മതിവരാക്കാഴ്ചയാണ്.

മകരത്തിലെ വെളുത്ത വാവിനുശേഷമുള്ള പിൻനിലാവിലാണ് മകരക്കൊയ്ത്ത് ആരംഭിക്കുന്നത്. രാവിലെ കിളികരഞ്ഞാൽ എല്ലാവരും എഴുന്നേൽക്കും. പല്ലുതേച്ച് ചുടുകാപ്പി കഴിച്ച്, അരിവാളും കറ്റക്കയറുമെടുത്ത് പാടത്തേക്കിറങ്ങും. മുത്തശ്ശിയാകും മുൻപിൽ. നിലാവും നക്ഷത്രങ്ങളും മകരക്കുളിരും പുലരിശബ്ദങ്ങളും പാടവരമ്പേ നടക്കുമ്പോൾ മനസ്സിലേക്ക് അലിഞ്ഞിറങ്ങും. വെള്ളംവറ്റി ഉറച്ച നിലത്ത്, വിളഞ്ഞു ചാഞ്ഞ് തോളോടു തോൾ ചേർന്ന് കൊയ്ത്തരിവാളും കാത്തുകിടക്കുന്ന കതിർ പാടങ്ങൾ. വയൽക്കരകളിൽ നിന്നും, രാവു പുലരുവോളം നീളുന്ന അനുഷ്ഠാനങ്ങളുടെ അവസാന യാമത്തിലെ ദ്രുതതാളങ്ങൾ. അകലെ അറയുന്ന പറച്ചെണ്ടയും മുറുകി മൂളുന്ന പുള്ളുവക്കുടവും.

നേർത്തമഞ്ഞിൽ മയപ്പെട്ടുകിടക്കുന്ന നെല്ല് കൊയ്യാനായി എല്ലാവരും നിരപിടിച്ച് കണ്ടത്തിലിറങ്ങും. എല്ലാവരേക്കാളും വേഗത്തിൽ കൊയ്യുന്നതും കെട്ടുന്നതും അമ്മമ്മയാണ്. അമ്മമ്മയുടെ നാടും കൊയ്ത്തും എന്നുവേണ്ട ഏതു പണിക്കും ഒരു താളമുണ്ട്. ടോം സോയറുടെ വെള്ളവലിപോലെ കണ്ടു നില്ക്കുന്നവരെയും പണിയിലേക്കു വശീകരിക്കുന്ന എന്തോ ഒന്നുണ്ട് അമ്മമ്മയുടെ ഓരോ പ്രവൃത്തിയിലും. വെയിലു ചൂടാകുമ്പോഴേക്ക് കൊയ്ത്ത് ഒരുപാടു മുന്നേറിയിരിക്കും. കൊയ്ത്തിനും നാടിനും പാടവരമ്പത്താണ് ഭക്ഷണം. വിളഭൂമിയുടെ വീര്യഗന്ധങ്ങൾ ഞരമ്പുകളെ ത്രസിപ്പിക്കുകയും രസമുകുളങ്ങളെ ഉന്മത്തമാക്കുകയും ചെയ്യുന്ന അന്നേരത്തെ വിശപ്പും രുചിയും മറ്റൊരിക്കലും മറ്റെവിടെയും അനുഭവപ്പെട്ടിട്ടില്ല.

ഉച്ചച്ചൂട് പെരുകിയാൽ കൊയ്ത്ത് നിർത്തും. പിന്നെ വെയിലാറിയേ കണ്ടത്തിലിറങ്ങൂ. കൊയ്ത്തവസാനിച്ചാലേ കറ്റകെട്ടൂ. രാത്രി, കറ്റക്കാവലുണ്ട്. മുളമ്പനമ്പു വളച്ച് കണ്ടത്തിൽ കാവൽ മാടം കെട്ടും. രാത്രിയിൽ അമ്മാമൻമാർക്കൊപ്പം കറ്റക്കാവലിന് കുട്ടികൾക്കും പോകാം. വിളവുഗന്ധം മകരക്കുളിരിൽ ചാലിക്കുന്ന രാപ്പാടത്ത് നക്ഷത്രങ്ങൾ ചിന്നുന്ന നാട്ടുവെളിച്ചത്തിൽ തെളിയുന്ന മായക്കാഴ്ചകളും നിഗൂഢ ശബ്ദങ്ങളും, വാക്കുകൾക്കതീതമായ അനുഭൂതിയാണ്. കൊയ്ത്തവസാനിച്ചാൽ കറ്റകെട്ട്. കളമുറ്റത്ത് മെതി. അവസാന കറ്റക്ക് ഒരുനാൾ 'കളമുറക്കം'. പിറ്റേന്ന് പൊലിയളവ്. കൊയ്ത്തു കഴിഞ്ഞാൽ വിളവു കാത്ത കുലദൈവങ്ങൾക്ക് അരിയും തിരിയും വെക്കുന്ന അനുഷ്ഠാനങ്ങൾ. മുണ്ട്യേന് മുടികെട്ട്. പറക്കുട്ടിക്ക് പുള്ളിക്കലശം. നാഗ ദൈവങ്ങൾക്ക് പാലും പൊടിയും പാമ്പിൻ തുള്ളലും.

വേനൽമഴയെത്തും മുമ്പേ പുരമേച്ചിലുണ്ടാകും. അധ്വാനവും ആഹ്ലാദവും മേളിക്കുന്ന മറ്റൊരവസരം. വീട്ടുകാർക്കൊപ്പം മേച്ചിൽ വിദഗ്ധരായ അയൽക്കാരുമുണ്ടാകും. വെട്ടിയിട്ട് വെയിലത്തു വാടിയ കരിമ്പനപ്പട്ട അർദ്ധവൃത്തത്തിൽ കോട്ടിയെടുത്ത് കെട്ടി അതിനുമീതെ സ്വർണ്ണനിറമുള്ള മുണ്ടക വൈക്കോൽ നിരക്കനെ കനത്തിൽ മേയും. കാറ്റെടുക്കാതിരിക്കാൻ ഇല്ലിമുളയുടെ 'തലാടി' വെക്കും. പുരമേച്ചിലിന് ചക്ക ഇലശ്ശേരിയും ഇടിച്ചു പിഴിഞ്ഞ പായസവുമായി മേച്ചിൽ സദ്യയുമുണ്ട്. മേച്ചിൽ കഴിഞ്ഞ പുരയ്ക്കകത്ത് കരിമ്പനയോല വലിഞ്ഞുണങ്ങുന്നതിന്റെയും വിളഞ്ഞു മൂത്ത വൈക്കോലിന്റെയും ഹൃദ്യമായ ഗന്ധം നിറയും.

**മരിച്ചാൽ കിടക്കാൻ മാത്രമല്ല, ജീവിതം വേരോടി കാറ്റാടി തളിരിട്ടു പൂക്കാനും കായ്ക്കാനുമുള്ളതുകൂടിയാണ് മണ്ണ് എന്നത്, അതിജീവനസാക്ഷരതയുടെ ഹരിശ്രീയായി അരിയിലെഴുതി നമുക്ക് ഒരിക്കൽ കൂടി തുടങ്ങാം.**

മകരക്കൊയ്ത്തു കഴിഞ്ഞ പാടത്ത് നാലഞ്ചു വീട്ടുകാർ ചേർന്ന്, നനക്കാൻ സൗകര്യമൊരുക്കി വേനൽ കായ്കറിയുണ്ടാക്കും. ഏത്തം പൂട്ടി കൈകൊണ്ട് തേവിയാണ് നന. വെള്ളരി, കുമ്പളം, മത്തൻ, ചുരയ്ക്ക, കക്കിരി, വെണ്ട, ചീര, പടവലം, കയ്പ ഒക്കെയുണ്ടാകും. കായ്കറി കായകൂടിയാൽപ്പിന്നെ പച്ചക്കറിയുടെ സമൃദ്ധിയാണ്. അയൽക്കാർക്കൊക്കെ കൊടുക്കും. പണത്തിന് വില്പനയില്ല. വാണിജ്യമോ രാസവസ്തുക്കളോ ഒട്ടുമില്ല. വിളഞ്ഞ കണിവെള്ളരിക്കകൾ കുട്ടകളിലാക്കി കൊണ്ടുവന്ന് വരിവരിയായി ഉമ്മറത്തും ഇടനാഴിയിലും മച്ചിന്മേലും കെട്ടിത്തൂക്കും. മത്തനും കുമ്പളനും ഉറികെട്ടി സൂക്ഷിക്കും. അടുത്ത ഓണക്കാലം വരെ വീട്ടിനകത്ത് വിളഞ്ഞു മൂത്ത പച്ചക്കറികൾ യഥേഷ്ടമുണ്ടാകും. കിണ്ണത്തിൽവെച്ച ഒരു കണിവെള്ളരിയല്ല മറിച്ച് വീടാകെ നിറയുന്ന അധ്വാനത്തിന്റെ നിറവാണ് അന്നത്തെ വിഷുക്കണി.

ആണ്ടോടാണ്ട് നീളുന്ന അധ്വാനത്തിന്റെയും വിളവെടുപ്പാഹ്ളാദത്തിന്റെയും കുടുംബക്കൂട്ടായ്മയിൽ പൂവിടുകയും കായ്ഫലം പിടിക്കുകയും ചെയ്തുപോന്ന ഒരു ജീവിതകാലം. ഇതൊന്നുമല്ല ജീവിതമെന്ന് ആരൊക്കയാണ് നമ്മളെ പഠിപ്പിച്ചത്? എന്തായാലും തരിശു വളർത്തുന്ന ആ പാഠങ്ങളിൽ നിന്നും കൂട്ടുചേർന്നുള്ള അധ്വാനത്തിന്റെയും ആഹ്ളാദത്തിന്റേയും പശിമനിലങ്ങളിലേക്ക്, കാലം നമ്മെ മടക്കിവിളിക്കുന്നുണ്ട്. മരിച്ചാൽ കിടക്കാൻ മാത്രമല്ല, ജീവിതം വേരോടി കാറ്റാടി തളിരിട്ടു പൂക്കാനും കായ്ക്കാനുമുള്ളതുകൂടിയാണ് മണ്ണ് എന്നത്, അതിജീവനസാക്ഷരതയുടെ ഹരിശ്രീയായി അരിയിലെഴുതി നമുക്ക് ഒരിക്കൽ കൂടി തുടങ്ങാം. ●

## കവർ സ്റ്റോറി കുടുംബകൃഷി

# അരങ്ങിൽ നിന്ന് അടുക്കളത്തോട്ടത്തിലേയ്ക്ക്

**ബഹിയ ഫായിസ്**

ഓരോ വീട്ടിലും ഓരോ അടുക്കളത്തോട്ടം എന്ന ലക്ഷ്യം നിറവേറിയാൽ 2014-നെ സമ്പൂർണ്ണ അടുക്കളത്തോട്ട വർഷമാക്കുവാൻ നമുക്കു കഴിയും. അതിനു മുൻകൈ എടുക്കേണ്ടത് സ്ത്രീകളാണ്. എന്തുകൊണ്ട് പുരുഷനാകില്ല എന്ന ചോദ്യത്തേക്കാൾ ഞങ്ങൾക്കതിനു കഴിയും എന്ന നിശ്ചയ ദാർഢ്യമാണ് നമുക്ക് ഗുണകരം.

ഇന്നു നാം പുറത്തിറങ്ങി ഒന്നു യാത്ര ചെയ്യുമ്പോൾ പല വീടുകളിലും പലതരം വിളകളും പച്ചക്കറികളും ചെടികളും കാണാനാകും. ചവറുനിറഞ്ഞും തരിശായും കിടന്ന പല പാടങ്ങളും വീണ്ടും നെൽക്കതിരുകളുമേന്തി പച്ചയണിഞ്ഞു നിൽക്കുന്നു. ഈ ഹരിത നവവിപ്ലവത്തെ നമുക്കും വരവേൽക്കാം. അതിന് ഏറെ പണച്ചെലവോ സമയമോ ബുദ്ധിമുട്ടോ ഇല്ല, താത്പര്യമുണ്ടെങ്കിൽ മറ്റെല്ലാം പുറകെ വരും.

പഴുത്ത തക്കാളിയോ മുളകോ മൂത്ത പച്ചക്കറികളോ ഉപയോഗിക്കുമ്പോൾ അതിൽ നിന്നെടുത്ത അല്പം കുരുക്കൾ അടുക്കളയിലേയോ കുളിമുറിയിലേയോ വെള്ളം പോകുന്നിടത്തു കൊണ്ടിട്ടാൽ അവ മുളയ്ക്കും, വളരും, പൂക്കും, കായ്ക്കും. ഈ വിത്തിടൽ, പൊട്ടിയ കറിച്ചട്ടിയിലോ ബക്കറ്റിലോ ഉപയോഗിക്കാനാവാത്ത പാത്രങ്ങളിലോ അരിയും മറ്റും വാങ്ങുന്ന ചാക്കിലോ സോപ്പിൻ പൊടിയും മറ്റും വാങ്ങുന്ന കവറിലോ ടെക്സ്റ്റയിൽ കവറുകളിലോ ഒരു പടികൂടി മുന്നോട്ടു കടന്ന് ചെടികവറുകളും ഗ്രോബാഗും ചെടിച്ചട്ടികളും വാങ്ങി അതിലോ ആവാം. താത്പര്യമുള്ളവർക്ക് അടുത്തുള്ള കർഷകരിൽനിന്നു വിത്തുകൾ ശേഖരിക്കാം. കൃഷിഭവനും സ്കൂളുകളും വഴിയും വിത്തുകൾ വിതരണം ചെയ്യുന്നുണ്ട്.

സമയപരിമിതി ഒരു വിഷയമേ അല്ല

**ദിവസവും അരമണിക്കൂറിൽ താഴെ മതി ഒന്നോ രണ്ടോ ചെടികൾ നടാനും ഉള്ളവയെ നനയ്ക്കാനും വളം നൽകാനുമായി.**

ഇക്കാര്യത്തിൽ. ദിവസവും അരമണിക്കൂറിൽ താഴെ മതി ഒന്നോ രണ്ടോ ചെടികൾ നടാനും ഉള്ളവയെ നനയ്ക്കാനും വളം നൽകാനുമായി. വീട്ടു വേയ്സ്റ്റോ മീൻ വെള്ളമോ ചാണകമോ പച്ചിലകളോ എന്തും വളമായുപയോഗിക്കാം, മനുഷ്യമൂത്രം വരെ. കുട്ടികളുടെ മൂത്രം നേർപ്പിച്ച് ഒഴിച്ചാൽ വിളവും രോഗപ്രതിരോധശേഷിയും കൂടും എന്നുറപ്പ്. വെള്ളമാണെങ്കിൽ ഒരു ചെടിക്ക് ഒരുദിവസം അര ഗ്ലാസ് അല്ലെങ്കിൽ ഒരു ഗ്ലാസ് മതി വളരാൻ. ഇത് അടുക്കളയിലെ ഒരു തവണ ഉപയോഗിച്ചുമാറ്റിയ വെള്ളമോ അലക്കുകഴിഞ്ഞ് തുണികൾ ഊരി പിഴിഞ്ഞ വെള്ളമോ ആയാലും മതി.

വിൽപ്പനക്കല്ലാത്തതിനാൽ പലയിനങ്ങളുടെ രണ്ടോ മൂന്നോ ചെടികൾ, മുരിങ്ങപോലെ, കറിവേപ്പുപോലെ ചിലയിനങ്ങളുടെ ഓരോ തൈകൾ, ചീര പോലുള്ളവയുടെ പത്തോ പതിനഞ്ചോ തൈകൾ മതി വീട്ടാവശ്യത്തിനു തികയാൻ. സ്വന്തം വീട്ടിൽ സ്വയം നട്ടുനനച്ചുണ്ടാക്കിയ പച്ചക്കറികൾ പൂക്കുകയും കായ്ക്കുകയും ചെയ്യുമ്പോൾ നമുക്ക് മനസ്സിൽ നിറയുന്ന സന്തോഷം പറഞ്ഞറിയിക്കാനാകില്ല. അവയുടെ പച്ചപ്പുമാറാതെ പാകം ചെയ്തു കഴിക്കുമ്പോഴുള്ള രുചിയും അപാരം. ഇതുവഴി നാം കൂടുതൽ ഊർജ്ജസ്വലരാവുകയും ശാരീരികവും മാനസികവുമായ ആരോഗ്യം വർദ്ധിക്കുകയും ചെയ്യുന്നു. അതു നമ്മെ കൂടുതൽ ചെറുപ്പമാക്കുന്നു. വെറും അടുക്കളജോലിയിൽ നാം വലിയ ഊർജ്ജമൊന്നും വിനിയോഗിക്കുന്നില്ല എന്നതിനാൽ കൊഴുപ്പും പഞ്ചസാരയുമടിഞ്ഞ് രോഗാതുരമായ നമ്മുടെ ശരീരം ഇതിലൂടെ ഉയിർത്തെഴുന്നേൽക്കും. രാവിലെ എണീറ്റ് പൊണ്ണത്തടിയും കുടവയറും കൊളസ്ട്രോളും കുറയ്ക്കാൻ നടക്കുന്ന സഹോദരിമാർ ഒരോ കവർ മണ്ണുമായി ടെറസ്സിൽ കയറി കൃഷി ചെയ്താൽ തടിയും രോഗവും തനിയെ കുറയും. അതിനൊന്നും സ്ഥലമില്ലെന്നുള്ള പരാതിയും വെറുതെയാണ്. വീട്ടുമുറ്റത്തോ, ഇറയത്തോ, ബാൽക്കണിയിലോ, ടെറസ്സിലോ സൂര്യപ്രകാശമേൽക്കുന്ന അൽപം സ്ഥലം മതി ഒരു അടുക്കളത്തോട്ടത്തിന്. തീരെ സ്ഥലമില്ലാത്തവർക്ക് ഒരൊറ്റ ചാക്കിൽ പലയിനം പച്ചക്കറികൾ നട്ട് പച്ചക്കറിഗോപുരവുമാവാം!! മനസ്സുണ്ടെങ്കിൽ വഴിയുമുണ്ട് എന്നപോലെ എനിക്കു കൃഷി ചെയ്യണം എന്ന മനസ്സുമാത്രം മതി വിഷമയമില്ലാത്ത പച്ചക്കറികൾ സ്വയം വിളയിക്കാൻ. ●

• ബഹിയയുടെ മക്കൾ ടെറസിലെ പച്ചക്കറിതോട്ടത്തിൽ Photo/Fayis MM



അതിരാവിലെ വീട്ടിൽ നിന്നിറങ്ങി വളരെ ദൂരെയുള്ള ജോലിസ്ഥലത്തുനിന്നും സന്ധ്യമയങ്ങിയതിനുശേഷം തിരിച്ച് വീട്ടിലെത്തുന്ന ഈ അദ്ധ്യാപകദമ്പതികൾ നല്ലൊരു അടുക്കളത്തോട്ടമൊരുക്കാൻ സമയം കണ്ടെത്തുന്നു. വിത്തുകളും തൈകളും താല്പര്യമുള്ളവർക്ക് കൈമാറി കൃഷിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. സമയവും സ്ഥലവുമില്ലെന്ന് പരാതി പറയുന്നവർക്ക് ബഹിയയുടെ അടുക്കളത്തോട്ടവും കൃഷിമനസ്സും മാതൃകയാക്കാവുന്നതാണ്.

# പേപ്പാറ

ഡോ. പി.എസ്. ഈസ

പശ്ചിമഘട്ടത്തിന്റെ തെക്കേയറ്റം, പതനതായ സസ്യ-ജന്തുജാലങ്ങളാൽ സമ്പന്നമായ അഗസ്ത്യമലഭാഗം. ഷെന്തുരുണി, നെയ്യാർ, പേപ്പാറ, കന്യാകുമാരി വന്യജീവി സംരക്ഷണകേന്ദ്രങ്ങൾ, കളക്കാട്-മുണ്ടന്തുറൈ കടുവാസംരക്ഷണകേന്ദ്രം, അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, കുളത്തൂപ്പുഴ വനങ്ങൾ, അഗസ്ത്യമല ജൈവസംരക്ഷണമേഖല. ഈ മേഖലയിൽ ഇവിടെ മാത്രം കാണുന്ന നിരവധി സസ്യങ്ങളുണ്ട്. ഇവിടെമാത്രം കാണുന്ന ഉഭയജീവികളുണ്ട്. അതുകൊണ്ടുതന്നെ, ഈ 3500 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുടെ ഭാഗമായ പേപ്പാറ വന്യജീവിസംരക്ഷണകേന്ദ്രം പ്രാധാന്യം അർഹിക്കുന്നു.

പേപ്പാറ വന്യജീവി സംരക്ഷണകേന്ദ്രത്തിന്റെ വടക്കുഭാഗം ബോണേക്കാട് തേയിലത്തോട്ടമാണ്. ഈ ഭാഗമൊഴിച്ചാൽ ഈ സംരക്ഷണകേന്ദ്രം വനങ്ങളാൽ ചുറ്റപ്പെട്ടതാണ്. നെയ്യാർ, അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, കളക്കാട്-മുണ്ടന്തുറൈ കടുവാസംരക്ഷണകേന്ദ്രം, പരുത്തിപ്പള്ളിവനങ്ങൾ എന്നിവയാണീ വനപ്രദേശങ്ങൾ. പാലോട്, കോട്ടൂർ റിസർവ് വനങ്ങളുടെ ഭാഗമായ പേപ്പാറ വന്യജീവി സംരക്ഷണ കേന്ദ്രം 1983 ഡിസംബറിലാണ് നിലവിൽ വന്നത്. മറ്റു പല വന്യജീവിസംരക്ഷണകേന്ദ്രങ്ങളുടെയും പ്രഖ്യാപനം പോലെ, പേപ്പാറയും ഒരു അണക്കെട്ടുമായി ബന്ധപ്പെട്ടാണ് നിലവിൽ വന്നത്. കരമനയാറിനു കുറുകെ അണകെട്ടിയുണ്ടായ പേപ്പാറ ജലാശയത്തിന്റെ വൃഷ്ടിപ്രദേശം സംരക്ഷിക്കപ്പെടുക എന്നതായിരുന്നു പ്രാഥമിക ലക്ഷ്യമെങ്കിലും ഇതിലൂടെ വളരെ പ്രധാനപ്പെട്ട ഒരു വനപ്രദേശം സംരക്ഷിതമേഖലയായി. ഏകദേശം 53 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള വന്യജീവിസംരക്ഷണ കേന്ദ്രം തുടക്കത്തിൽ ഭരണപരമായി ഷെന്തുരുണി വന്യജീവി ഡിവിഷന്റെ ഭാഗമായിരുന്നു. പിന്നീട് തിരുവനന്തപുരം വന്യജീവി ഡിവിഷന്റെ ഭാഗമായി.

വിസ്തൃതിയിൽ ചെറുതെങ്കിലും നിമ്നോന്നതങ്ങളായ ഈ പ്രദേശത്ത് ഒൻപതു തരം വനങ്ങൾ കാണുന്നു. ഇലപൊഴിയും കാടുകൾ മുതൽ നിത്യഹരിതവനങ്ങളും ഉയർന്ന പ്രദേശങ്ങളിൽ കാണുന്ന ചോലക്കാടുകളും വരെ ഇവിടെയുണ്ട്. വളരെ അപൂർവ്വമായ Myristica swamps (ചതുപ്പ്)/ഈറ്റക്കാടുകൾ

പേപ്പാറ Photo/Sandeep Das



എന്നിവ ഇവിടത്തെ പ്രത്യേകതയാണ്. ഈ ആവാസവ്യവസ്ഥാവൈവിധ്യം ഇവിടത്തെ സസ്യവൈവിധ്യത്തിലും പ്രകടമാണ്. ആയിരക്കണക്കിന് സസ്യങ്ങളിൽ ഏകദേശം 30 ശതമാനത്തോളം അഗസ്ത്യമലഭാഗങ്ങളിൽ മാത്രം കാണുന്നവയാണ്. ഇവിടെ കാണുന്ന മരങ്ങളുടെ ഇനങ്ങളിൽ 41 ശതമാനത്തോളം ഇവിടെ മാത്രം കാണുന്നവയാണത്രേ. ഏകദേശം തൊണ്ണൂറോളം ഇനം പായലുകൾ (Bryophytes) ഇവിടെനിന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പെരിയാർ മുതൽ തെക്കോട്ടുള്ള വനങ്ങളിൽ മാത്രം കാണുന്ന കാന്തപ്പന Bentinckia condapanna യുടെ നല്ലൊരു കൂട്ടം പേപ്പാറയിലുണ്ട്. ഏതാണ്ട് 1717 മീറ്റർ ഉയരത്തിലുള്ള ചേമുഞ്ചി മൊട്ട



**ആയിരക്കണക്കിന് സസ്യങ്ങളിൽ ഏകദേശം 30 ശതമാനത്തോളം അഗസ്ത്യമലഭാഗങ്ങളിൽ മാത്രം കാണുന്നവയാണ്. ഇവിടെ കാണുന്ന മരങ്ങളുടെ ഇനങ്ങളിൽ 41 ശതമാനത്തോളം ഇവിടെ മാത്രം കാണുന്നവയാണത്രേ.**

ഭാഗത്തു നിന്നുമാത്രം ആറിനം സസ്യങ്ങൾ ആദ്യമായി രേഖപ്പെടുത്തപ്പെട്ടു.

വളരെയധികം ശ്രദ്ധനേടിയ ആരോഗ്യപച്ച ഉൾപ്പെടെ നിരവധി ഔഷധച്ചെടികൾ പേപ്പാറയിലുണ്ട്. ഇവയിൽ 31 ഇനങ്ങൾ ആണ് പ്രധാനമായും ശേഖരിക്കപ്പെടുന്നത്. പാർവ്വതി മേനോൻ ഇവിടെ നടത്തിയ ഒരു പഠനത്തിൽ കൂടുതലായും ശേഖരിക്കപ്പെടുന്ന ഇനങ്ങളും സ്ഥലങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. പേപ്പാറ ഉൾപ്പെടുന്ന അഗസ്ത്യമലയിലെ സസ്യവൈവിധ്യത്തെക്കുറിച്ചുള്ള പഠനങ്ങൾ പാലോടിലെ ട്രോപ്പിക്കൽ ബൊട്ടാനിക്കൽ ഗാർഡനിലെ ശാസ്ത്രജ്ഞരും മഞ്ജു സി. നായർ തുടങ്ങിയവരുമാണ് നടത്തിയിട്ടുള്ളത്. ഇനിയും കണ്ടെത്തേണ്ട നിരവധി സസ്യങ്ങളുടെ കലവറയാണ് ഈ വനഭാഗം.



മനോഹരി ഇലത്തവള Raorchestes manohari Photos/Sandeep Das

ജന്തുവൈവിധ്യത്തിലും പേപ്പാറ വന്യജീവി സംരക്ഷണകേന്ദ്രം സമ്പന്നമാണ്. മുപ്പത്തഞ്ച് ഇനം സസ്തനികൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇനിയും രേഖപ്പെടുത്താത്ത എലി വർഗ്ഗങ്ങളും വവ്വാലുകളും കൂടിയായാൽ സസ്തനിയിനങ്ങൾ ഇനിയും വർദ്ധിക്കും. സിംഹവാലൻകുരങ്ങും കരിങ്കുരങ്ങും കുട്ടിത്തേവാങ്കും നീലഗിരി മാർട്ടെനും മുള്ളെലിയും (Spiny dormouse) ഉൾപ്പെടെ നിരവധി അപൂർവ്വ ഇനങ്ങളുടെ നല്ലൊരു സാന്നിദ്ധ്യം ഇവിടെയുണ്ട്. കടുവ, പുള്ളിപ്പുലി, വള്ളിപ്പുലി, ചെന്നായ, കരടി, ആന, കാട്ടുപോത്ത്, കേഴ, മ്ലാവ് തുടങ്ങിയവയെയും ധാരാളമായി കാണാം. ഇരുന്നൂറ്റിമുപ്പത്തിമൂന്നിനം പക്ഷികൾ കാണപ്പെടുന്ന പേപ്പാറ, പക്ഷി നിരീക്ഷ



പേപ്പാറയുടെ വശ്യസൗന്ദര്യം



കാന്തപ്പന Bentinckia condapanna Photo/Sandeep Das

കരുടെ സ്ഥിരം സന്ദർശനസ്ഥലമാണ്.

കോയമ്പത്തൂർ ആസ്ഥാനമായ സാലിം അലി സെന്റർ നടത്തിയ പഠനത്തിൽ ഇതുവരെ 42 ഇനം ഉരഗജീവികളെ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 19 ഇനങ്ങൾ പശ്ചിമഘട്ടത്തിൽ മാത്രം കാണപ്പെടുന്നവയാണ്. രാജവെമ്പാല, വെള്ളിക്കെട്ടൻ തുടങ്ങി, മണ്ണിനടിയിൽ ജീവിക്കുന്ന Shield Tails (കുരുടി)ന്റെ വിവിധ ഇനങ്ങൾ വരെ ഇവിടെയുണ്ട്. കണ്ടെത്തിയ നിരവധി ഇനം ഉരഗങ്ങളെ ഇനിയും തിരിച്ചറിയുവാനുണ്ട്. ഉഭയജീവികളുടെ വൈവിധ്യമാണ് പേപ്പാറയുടെ പ്രധാന പ്രത്യേകത. നാൽപത്തൊമ്പത് ഇനം ഉഭയജീവികളിൽ 39 എണ്ണവും പശ്ചിമഘട്ടത്തിൽ മാത്രം കാണുന്നവയാണ്. ഇവയിൽത്തന്നെ 20 ഇനങ്ങൾ അഗസ്ത്യമല വനമേഖലയിൽ മാത്രം കാണുന്നവയാണ്. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ആറു പുതിയ തവളകളെ പേപ്പാറ ഉൾപ്പെടുന്ന പശ്ചിമഘട്ടത്തിന്റെ തെക്കേ അറ്റമായ അഗസ്ത്യമല ബയോസ്ഫിയറിൽ നിന്നു കണ്ടെത്തുകയുണ്ടായി. അരുവികളാൽ സമ്പന്നമായ പേപ്പാറയിൽ നിന്നും കുയിൽ (കറ്റി) ഉൾപ്പെടെ 16 ഇനം മത്സ്യങ്ങളെയാണ് ഇതുവരെ കണ്ടെത്തിയിട്ടുള്ളത്.

ട്രാവൻകൂർ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റി നടത്തിയ സർവ്വേയിൽ 153 ഇനം ചിത്രശലഭങ്ങൾ രേഖപ്പെടുത്തപ്പെട്ടു.

**വന്യജീവിസംരക്ഷണകേന്ദ്രത്തിൽ 13 ഗിരിവർഗ്ഗ കോളനികളുണ്ട്. ഇവരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള വനസംരക്ഷണപരിപാടികളും വനാശ്രയത്വം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങളും വനം വകുപ്പ് നടപ്പിലാക്കുന്നുണ്ട്.**

മറ്റൊരു പഠനത്തിൽ 227 ഇനം പ്രാണികളെ കണ്ടെത്തി. ഇവ പേപ്പാറയിലുള്ള പ്രാണികളുടെ വൈവിധ്യത്തിന്റെ ചെറിയൊരു ശതമാനം മാത്രമാണ്.

പേപ്പാറ വന്യജീവിസംരക്ഷണകേന്ദ്രത്തിൽ 13 ഗിരിവർഗ്ഗ കോളനികളുണ്ട്. ഇവരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള വനസംരക്ഷണപരിപാടികളും വനാശ്രയത്വം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങളും വനം വകുപ്പ് നടപ്പിലാക്കുന്നുണ്ട്. എങ്കിലും ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള വനേതരവിഭവങ്ങളുടെ ശേഖരണം, പ്രത്യേകിച്ച് ശേഖരണരീതികൾ, ആശങ്ക ഉയർത്തുന്നു. അഗസ്ത്യാർകൂടത്തിലേക്കുള്ള തീർത്ഥയാത്രകരുടെ സഞ്ചാരപഥം പേപ്പാറയിലാണ്. വനം വകുപ്പ് ഇവരുടെ എണ്ണം ദിവസം നൂറാക്കി നിജപ്പെടുത്തിയിട്ടുണ്ട്. നിർഭാഗ്യവശാൽ ഈ തീർത്ഥാടകയാത്ര ട്രെക്കിംഗിനുള്ള അവസരമായി മാറിയതോടെ ഇതിന്റെ ദുരന്തഫലങ്ങൾ പേപ്പാറ വന്യജീവി സംരക്ഷണകേന്ദ്രത്തിന് വൻ ഭീഷണിയായിക്കൊണ്ടിരിക്കുന്നു. ഏകദേശം 3500 ച.കി.മീറ്റർ വിസ്തൃതിയുള്ള ഈ വനഭാഗം (പെരിയാർ ആന റിസർവ്വിന്റെ ഭാഗം, തനതായ സസ്യ-ജന്തുവിഭാഗങ്ങളുടെ കലവറ) കൂടുതൽ സംരക്ഷണം നൽകി നമ്മുടെ അഭിമാനമായി നിലനിർത്തേണ്ടിയിരിക്കുന്നു. ●

# സൗന്ദര്യവും സത്യവും





ഡോ. ഉണ്ണികൃഷ്ണൻ പുളിക്കൽ

നുള്ളിമിനുക്കിയ തേയിലത്തോട്ടങ്ങളുടെ ചേലും ചന്തവും കണ്ട്, കുശലം പറയുന്ന കൂട്ടുകാരോട് കളിപറഞ്ഞ്, നല്ലൊരു സായന്തനം ചെലവിടാൻ വന്നതാണിവിടെ. അപ്പുറത്തുള്ള തേയില ഫാക്ടറിയിൽ നിന്നും നനുത്ത സുഗന്ധം പടരുന്നുണ്ടായിരുന്നു. സന്ധ്യയായി. ഇടക്കൊന്നു തെളിഞ്ഞ സൂര്യൻ, ചില സത്യങ്ങൾ കാട്ടിത്തരാനെന്നവണ്ണം, ദൂരെ കണ്ണടച്ചുനില്ക്കുന്ന മരങ്ങൾക്കു മേലെ കുറേ വെളിച്ചം വീഴ്ത്തി. കണ്ണു തുറന്ന അവർ കുറെ കഥകൾ പറയാൻ തുടങ്ങി. ഞങ്ങൾ ഉല്ലസിച്ചാർത്ത തേയിലത്തോട്ടങ്ങൾ നില്ക്കുന്നിടങ്ങളിൽ അവരുടെ അനേകായിരം അംഗങ്ങളുള്ള കുടുംബം പാർത്തിരുന്നതും, എണ്ണമറ്റ ജീവജാലങ്ങൾക്ക് അവർ വീടൊരുക്കിയിരുന്നതും, പിന്നെ, കുടിയേറിയ മനുഷ്യന്റെ തൃഷ്ണകൾ അവരുടെ അനേക തലമുറകളെ അംഗോപാംഗം കഷണങ്ങളാക്കി കെട്ടിയൊതുക്കിയതും ചുരം കടത്തിയതും! ഇനിയെങ്കിലും മഴുവൊച്ച കേൾക്കില്ലെന്ന് വ്യാമോഹിക്കാൻ ശീലിച്ച അവർ വീണ്ടും കണ്ണുകൾ അടച്ചു. ചുറ്റിലും നിറഞ്ഞ നിശ്ശബ്ദത പോലും ചൊടിയനക്കാതെ ആ കഥ കേട്ടുനിന്നു.

എല്ലാ ഭൂഭാഗങ്ങൾക്കും ഓരോ കഥ പറയാനുണ്ടാകും. ചിത്രമെടുക്കുന്നയാൾക്ക് അതു കേൾക്കാനും കാണുന്നയാൾക്ക് അതു വായിച്ചെടുക്കാനും കഴിയുമ്പോളാണ് ഒരു ഭൂഭാഗചിത്രം പൂർണമാകുന്നത്.



# വയനാടിന്റെ ബാദുഷ



**വയനാട് വനസംരക്ഷണസമിതിയുടെ സ്ഥാപകനേതാക്കളിലൊരാളും, ആദിവാസി സമരങ്ങളിലും വയനാടിലെ ശ്രദ്ധേയമായ പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളിലും പ്രക്ഷോഭങ്ങളിലും ക്രിയാത്മകമായി ഇടപെടുകയും വ്യക്തമായ നിലപാടുകൾ എടുക്കുകയും ചെയ്ത പരിസ്ഥിതി സ്നേഹിയുമാണ് എൻ. ബാദുഷ. നന്മയുടെ ഭാഗത്തു നിൽക്കുകയും മുഖം നോക്കാതെ തീക്ഷ്ണമായി പ്രതികരിക്കുകയും ചെയ്യുന്ന കർഷകബന്ധുവായ ഇദ്ദേഹം തന്റെ അനുഭവങ്ങളും കാഴ്ചപ്പാടുകളും കൂടുമായി പങ്കുവയ്ക്കുന്നു.**

**സി. താജുദീൻ**

**○ ജനനം, പഠനം, കുടുംബം, കുട്ടികൾ?**

● ജനനം 1949-ൽ വയനാട്ടിലെ നൂൽപ്പുഴ പഞ്ചായത്തിലെ നായ്ക്കട്ടി ഗ്രാമത്തിൽ. ബത്തേരി സർവ്വജന ഹൈസ്ക്കൂളിൽ നിന്ന് എസ്.എസ്.എൽ.സി. ഭാര്യ പാത്തുട്ടി. മക്കൾ: അമൽ, അരുൾ, അനൽ. അമൽ ആർട്ടിസ്റ്റും, ശിൽപ്പിയുമാണ്. അരുൾ വൈൽഡ്ലൈഫ് കൺസർവേഷൻ സൊസൈറ്റിയിൽ ഫീൽഡ് ഓഫീസർ ആണ്. അനൽ ബിസിനസ്സ്.

**○ പരിസ്ഥിതി സംരക്ഷണ രംഗത്തേക്ക് കടന്നു വരാനുണ്ടായ സാഹചര്യം?**

● തമിഴ്നാട്ടിലെ മുതുമലൈ, കർണാടകയിലെ ബന്ദിപ്പൂർ എന്നീ ദേശീയോദ്യാനങ്ങളുടെയും വയനാട് വന്യജീവി കേന്ദ്രത്തിന്റെയും സംഗമസ്ഥാനമാണ് നൂൽപ്പുഴ. ആദിമനിവാസികളും പരമ്പരാഗത ചെട്ടിസമുദായവും കുടിയേറ്റക്കാരും താമസിക്കുന്നു. 1970-കളാവുമ്പോഴേയ്ക്കും ആനക്കൊമ്പുവേട്ടസംഘങ്ങളുടെയും ചന്ദനം കള്ളക്കടത്തുകാരുടെയും പറുദീസയായി ഈ പ്രദേശം മാറിക്കഴിഞ്ഞിരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ തൊഴിലില്ലാത്ത ചെറുപ്പക്കാരും ആദിവാസികളും കർണ്ണാടക-തമിഴ്നാട് വനംവകുപ്പുദ്യോഗസ്ഥരുടെ വെടിയേറ്റു മരിച്ചുകൊണ്ടിരുന്നു. പോലീസിന്റെയും വനംവകുപ്പിന്റെയും ലോഭമില്ലാത്ത സഹായസഹകരണം ഈ സംഘങ്ങൾക്കുണ്ടായിരുന്നു. ഒരു കഷണം ചന്ദനമില്ലാത്ത വയനാട്ടിൽ നിരവധി ചന്ദനമില്ലുകൾ വനാതിർത്തിയിൽ സ്ഥാപിക്കപ്പെട്ടു. ആദിവാസികളെയും ചെറുപ്പക്കാരെയും കുരുതികൊടുക്കുന്ന വനംകൊള്ള അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു സർവ്വകക്ഷി ആക്ഷൻ കമ്മിറ്റി രൂപീകരിക്കാൻ ഞങ്ങൾക്കായി. ചന്ദനക്കാട്ടിൽ വെടിയേറ്റു വീണ 13 ആദിവാസികളടക്കം 21 പേരുടെ ലിസ്റ്റ് ഞങ്ങൾ പ്രസിദ്ധീകരിക്കുകയും അധികാരികൾക്കു നിവേദനം നൽകുകയും ചെയ്തു.

അതിശക്തരും രാഷ്ട്രീയ-ഉദ്യോഗസ്ഥ പിൻതുണയുള്ളവരുമായ വേട്ടസംഘം ഭീഷണിയുമായി രംഗത്തെത്തിയപ്പോൾ ചെറുപ്പക്കാരെയും നാട്ടുകാരായ കർഷകരെയും ഞങ്ങൾ സംഘടിപ്പിച്ചു. ചന്ദനമില്ലുകൾ മാസങ്ങളോളം ഉപരോധിക്കപ്പെട്ടു. പ്രക്ഷോഭങ്ങളുണ്ടായി. വനം-പോലീസുദ്യോഗസ്ഥരെ ജനങ്ങൾ താക്കീതു ചെയ്തു.

1978-ൽ നായ്ക്കട്ടിയിൽ നിന്നും നൂറു കണക്കിനു കർഷകർ വനംവകുപ്പിന്റെ തടി ഡിപ്പോയിലെ ലേലസ്ഥലത്തേക്കു മാർച്ചു ചെയ്തു. ഇനി കാടുവെട്ടിയാൽ തടയുമെന്ന് പ്രഖ്യാപിച്ചു. പി.കെ. കേശവൻ, കെ.ജി. തങ്കപ്പൻ എന്നിവർ ഈ സമരത്തിന്റെ മുൻനിരയിൽ ഞങ്ങൾക്കൊപ്പം ഉണ്ടായിരുന്നു. കേശവൻ കൺവീനറും ഞാൻ ജോ: കൺവീനറുമായി വയനാട് വനസംരക്ഷണ സമിതി രൂപീകരിക്കപ്പെട്ടു.

**ഇന്ത്യയാകെ ശ്രദ്ധിക്കപ്പെട്ടതാണ് എടക്കൽ ഗുഹാസംരക്ഷണസമരം. ഞങ്ങൾ ഏറെപേർ അറസ്റ്റു ചെയ്യപ്പെട്ടു. കേരളത്തിനകത്തും പുറത്തുമുള്ള ചരിത്രകാരന്മാരും സാംസ്ക്കാരിക പ്രവർത്തകരും ഞങ്ങൾക്ക് കരുത്തു നൽകി.**

1980-ൽ സുൽത്താൻ ബത്തേരി സർവ്വജനഹൈസ്ക്കൂൾ വളപ്പിലുള്ള മരച്ചുവട്ടിൽ കൂടിയ യോഗത്തിൽ എം.പി. വീരേന്ദ്രകുമാർ, എം.പി. ചന്ദ്രനാഥ്, ഒ.കെ. ജോണി, അന്തരിച്ച പത്രപ്രവർത്തകൻ ജയചന്ദ്രൻ, പി.കെ. കേശവൻ എന്നിവരുണ്ടായിരുന്നു. അഡ്വക്കേറ്റ് സി.സി. മാത്യു പ്രസിഡന്റും ഞാൻ സെക്രട്ടറിയുമായി. വയനാട് പ്രകൃതി സംരക്ഷണസമിതി രൂപീകരിച്ചതിവിടെവച്ചാണ്. അന്നു തൊട്ട് ഇന്നുവരെ പ്രകൃതിസംരക്ഷണസമിതി പ്രവർത്തന രംഗത്തുണ്ട്.

ആർ.പി. അബ്ദുൾ വഹാബ്, ബാബു മൈലാമ്പാടി, തോമസ് അമ്പലവയൽ, എം. ഗംഗാധരൻ എന്നിവർകൂടി എത്തിയതോടെ പ്രവർത്തനം സജീവമായി. സമിതി രൂപീകരിക്കുന്നതിനു മുമ്പുതന്നെ ജോൺസി ജേക്കബ് വയനാട്ടിലെത്തി ഞങ്ങളുമായി ബന്ധപ്പെട്ടിരുന്നു. ഡോ. സതീഷ് ചന്ദ്രൻ നായർ, എസ്. ശാന്തി, സുഗതകുമാരി, സാരംഗ് ഗോപാലകൃഷ്ണനും വിജയലക്ഷ്മിയും, പി.എൻ. ഉണ്ണികൃഷ്ണൻ എന്നിവർ അക്കാലംതൊട്ടേ സമിതിയുമായി സഹകരിച്ചിട്ടുണ്ട്.

1982-ഓടെ പി.കെ ഉത്തമൻ വയനാട്ടിൽ എത്തുകയും ഞങ്ങളുമായി ഗാഢമായ സൗഹൃദം സ്ഥാപിക്കുകയുമുണ്ടായി. ഉത്തമന്റെ സാന്നിദ്ധ്യം പ്രകൃതി സംരക്ഷണസമിതിയെ അടിമുടി മാറ്റിക്കളഞ്ഞു. സമിതിയിലെ മിക്കപ്രവർത്തകരും പഴയ നക്സലൈറ്റുകളായിരുന്നു. കുറെയൊക്കെ അനാർക്കിസ്റ്റുകളും. പരിസ്ഥിതിയുടെ സാത്വികതയും ദർശനവും ഞങ്ങളിലേക്ക് സംക്രമിപ്പിച്ചത് ഉത്തമനാണ്. പരിസ്ഥിതി അവബോധം അരക്കിട്ടുറപ്പിച്ചത് സതീഷും ശാന്തിയുമാണ്. ഗാന്ധിയൻ നൈതികതയിൽ ഊന്നിയ സന്നദ്ധപ്രവർത്തനമാണ് പരിസ്ഥിതി പ്രവർത്തനമെന്ന തിരിച്ചറിവ് ഞങ്ങൾക്കുണ്ടായത് ഉത്തമനിലൂടെയാണ്. പിന്നീട് സുന്ദർലാൽ ബഹുഗുണയും പാണ്ഡുരംഗഹെഗ്ഡെയും സമിതിയുടെ മാർഗദർശികളായി.

**○ വയനാട്ടിലെ പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളിൽ ഏതു വിധത്തിലായിരുന്നു താങ്കളുടെ ഇടപെടൽ?**

● പരിസ്ഥിതി ദുരന്തങ്ങൾ വയനാട്ടിൽ നിത്യസംഭവമായിരുന്നു. നിത്യഹരിതവനങ്ങൾ വനംവകുപ്പുതന്നെ വെട്ടി നശിപ്പിച്ച് ഏകവിളത്തോട്ടങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. അതവസാനിപ്പിക്കാൻ ഞങ്ങൾക്കായി. നിയമവിരുദ്ധ ആനപിടുത്തം ഞങ്ങൾ അവസാനിപ്പിച്ചു. സാമൂഹ്യവനവൽക്കരണത്തിനെതിരായ ബഹുജന സമരം വയനാട്ടിൽ മാത്രമേ ഉണ്ടായിട്ടുള്ളൂ. ഒരു കോടിയിലധികം അക്ക്വേഷ്യതൈകൾ ഞങ്ങൾ നശിപ്പിച്ചു. ഞങ്ങൾക്കെതിരെ കേസ്സും അറസ്റ്റുമുണ്ടായി.

Photo/Koodu Magazine

## അഭിമുഖം

സ്വകാര്യവനഭൂമി നിക്ഷിപ്തമാക്കൽ നിയമം നിലവിൽ വന്നതിനെ തുടർന്ന് അരങ്ങുതകർത്ത മരം മുറിക്കലിനെ ചെറുത്തത് വയനാട്ടിലെ പ്രകൃതി സംരക്ഷണപ്രവർത്തകരാണ്. വയനാട് ചുരത്തിന്റെ നെറുകയിലുള്ള മീനാക്ഷിസുന്ദരം, പെരിയ, ബ്രഹ്മഗിരി, കമ്പമല, കൊടിയൂർ സംഭവങ്ങൾ ചിലതുമാത്രം. കുറുവദ്വീപിനെയും കബനിയുടെ പ്രഭവങ്ങളായ മലന്തലപ്പുകളെയും സാമൂഹ്യവനവൽക്കരണത്തിൽനിന്നും രക്ഷിച്ചത് ശക്തമായ പ്രക്ഷോഭത്തിലൂടെയാണ്. ഇന്ത്യയാകെ ശ്രദ്ധിക്കപ്പെട്ടതാണ് എടക്കൽ ഗുഹാ സംരക്ഷണസമരം. ഞങ്ങൾ ഏറെപേർ അറസ്റ്റുചെയ്യപ്പെട്ടു. കേരളത്തിനകത്തും പുറത്തുമുള്ള ചരിത്രകാരന്മാരും സാംസ്ക്കാരിക പ്രവർത്തകരും ഞങ്ങൾക്ക് കരുത്തു നൽകി. അമ്പലവയലിലെ കരിങ്കൽ ക്വാറികൾക്കെതിരായ സമരവും വൻ ജനപിന്തുണകൊണ്ട് ശ്രദ്ധേയമായിരുന്നു.

**കേരളത്തിലെ പരിസ്ഥിതി സംരക്ഷണപ്രവർത്തകർക്കിടയിലെ ചേർച്ചയില്ലായ്മ നമ്മുടെ പ്രവർത്തനങ്ങൾക്ക് ലക്ഷ്യം നേടാനാവാത്ത അവസ്ഥയുണ്ടാക്കി എന്ന് തോന്നുന്നുണ്ടോ? സൈലന്റ്‌വാലി സംരക്ഷണത്തിനു ശേഷം പ്രധാനപ്പെട്ട ഏതു പരിസ്ഥിതി സമരമാണ് ലക്ഷ്യം കണ്ടത്?**

കേരളത്തിലെ പരിസ്ഥിതി പ്രവർത്തകർക്കിടയിലെ ചേർച്ചയില്ലായ്മ ദു:ഖകരമായ ഒരു യാഥാർത്ഥ്യമാണ്. എന്നാൽ അതിൽ നാം കണക്കിലധികം ആകുലപ്പെടേണ്ടതുണ്ടെന്നു തോന്നുന്നില്ല. ഏകശിലാരൂപത്തിൽ സുസംഘടിതമായ ഒരു പരിസ്ഥിതി സംഘടന ഉണ്ടാവേണ്ടതില്ലെന്നാണ് എന്റെ അഭിപ്രായം. അതിനെക്കാൾ ഭേദം ഇന്നത്തെ അവസ്ഥതന്നെ

**പരിസ്ഥിതി പ്രവർത്തകർക്ക് ഒറ്റ സംഘടനയില്ലാത്തതിനാൽ വലിയ കുഴപ്പങ്ങൾ ഒന്നും ഉണ്ടായതായി എനിക്ക് തോന്നിയിട്ടില്ല. പക്ഷേ, അവർക്കിടയിലെ വ്യക്തിപരമായ ഈർഷ്യ ലജ്ജാകരമാംവിധം കൂടുതലാണ്.**

യാണ്. എന്നാൽ പ്രശ്നാധിഷ്ഠിതമായ യോജിപ്പുകളും സഹകരണവും നിർബന്ധമാണ്. ഇന്നതില്ലെന്നതാണ് ദു:ഖകരം. പരിസ്ഥിതിപ്രവർത്തകർക്കിടയിലെ വൈവിധ്യങ്ങളിലും വൈരുദ്ധ്യങ്ങളിലും ഞാൻ അത്രയധികം ഉത്കണ്ഠാകുലനല്ല. പരിസ്ഥിതി പ്രവർത്തകർക്ക് ഒറ്റസംഘടനയില്ലാത്തതിനാൽ വലിയകുഴപ്പങ്ങൾ ഒന്നും ഉണ്ടായതായി എനിക്ക് തോന്നിയിട്ടുമില്ല. പക്ഷേ, അവർക്കിടയിലെ വ്യക്തിപരമായ ഈർഷ്യ ലജ്ജാകരമാംവിധം കൂടുതലാണ്.

സൈലന്റ്‌വാലിയെ തുടർന്ന് കേരളീയ സമൂഹത്തിലുണ്ടായിരുന്ന ഉണർവ്വ് വളരെ വലുതാണ്. ഇന്ത്യയിലേറ്റവും കൂടുതൽ പാരിസ്ഥിതികാവബോധമുള്ളത് കേരളീയ സമൂഹത്തിനാണ്. പരിസ്ഥിതിവിചാരങ്ങളിലും പ്രവർത്തനങ്ങളിലും സദാ മുഴുകിയിരിക്കുന്ന കുറച്ചുപേരെങ്കിലും ഇവിടെയുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ വിദഗ്ധരുടെയും പരിസ്ഥിതി ശാസ്ത്രജ്ഞരുടെയും എൻ.ജി.ഒ.കളേ ഉള്ളൂ. കേരളത്തിലാകട്ടെ സന്നദ്ധപ്രവർത്തകർ ധാരാളമുണ്ട്. സ്വന്തം കയ്യിൽ നിന്നും പണമെടുത്താണ് അവർ പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്. ഇവരെയൊന്നും ഫണ്ടിംഗ് ഏജൻസികൾ വിഴുങ്ങിയിട്ടില്ല. പരിസ്ഥിതി നാശത്തിനെതിരായ ശബ്ദം അവഗണിക്കാൻ ഭരണാധികാരികൾക്കുപോലും കഴിയാത്തവിധം പൊതുസമൂഹം ഇവിടെ



Photo/Koodu Magazine

ജാഗ്രവത്താണ്. കേരള അസംബ്ലിയിൽവരെ ഹരിത എം.എൽ.എ. മാരുടെ ലോബിയുണ്ട്. യുവാക്കളായ മാധ്യമപ്രവർത്തകർ കൂടുതൽ പ്രതിബദ്ധരും സത്യസന്ധരുമാണ്. എൻഡോസൾഫാൻ, പ്ലാച്ചിമട, കരിമണൽഖനനം, ക്ലിയർഫെല്ലിംഗും സെലക്ഷൻ ഫെല്ലിംഗും അവസാനിച്ചത്, എടക്കൽ ഗുഹാസംരക്ഷണം, ഇ. എഫ്.എൽ നിയമത്തിലൂടെ ഒരു ലക്ഷം ഏക്കർ ഭൂമി വനമായി നിലനിർത്തിയത് ഇവയൊക്കെ കഴിഞ്ഞകാലത്തെ നേട്ടങ്ങൾ തന്നെയാണ്. പൂയംകുട്ടി, അതിരപ്പിള്ളി, പാത്രക്കടവ് ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാൻ സംസ്ഥാനഭരണകൂടം ഇനിയും ധൈര്യപ്പെട്ടിട്ടില്ലെന്നും ഓർക്കേണ്ടതുണ്ട്.

**വയനാട്ടിലെ കൃഷിക്കാരുമായി സംവദിക്കാൻ പരിസ്ഥിതിപ്രവർത്തകൻ എന്നുള്ള നിലയ്ക്ക് എന്തെങ്കിലും പരിമിതികൾ തോന്നിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എന്താവാം?**

വയനാട്ടിലെ കൃഷിക്കാരുമായി സംവദിക്കാൻ ഞങ്ങൾക്ക് ഒരു കാലത്തും യാതൊരു പരിമിതിയും അനുഭവപ്പെട്ടിട്ടില്ല. ഞങ്ങളെന്നും അവർക്കൊപ്പവും അവരുടെതന്നെ ഭാഗവുമാണ്. പരിസ്ഥിതിസന്തുലനവും സുസ്ഥിരതയും നിലനിൽക്കേണ്ടത് കർഷകർക്കാണ് ഏറ്റവും അത്യാവശ്യം. പരിസ്ഥിതിയിലുണ്ടാകുന്ന നേരിയ വ്യതിയാനം പോലും കാർഷികവ്യവസ്ഥയെ താറുമാറാക്കും. വയനാട്ടിൽ കർഷകാത്മഹത്യകൾ ഉണ്ടായപ്പോൾ ഞങ്ങൾ ശക്തമായി ഇടപെടുകയും നിലപാടെടുക്കുകയും ചെയ്തു. കാർഷികവിളകളുടെ വിലത്തകർച്ചയെക്കാൾ കൃഷിതന്നെ അസാദ്ധ്യമാക്കിയ പരിസ്ഥിതിനാശമാണ് കാർഷിക പ്രതിസന്ധിക്ക് ഇന്നു കാരണമെന്ന് കർഷകർക്ക് നന്നായി അറിയാം. കാലാവസ്ഥാവ്യതിയാനത്തിൽ അവർ അതീവ ഖിന്നരാണ്.

ചില മത-രാഷ്ട്രീയ സംഘടനകൾ കർഷകരെ പരിസ്ഥിതി പ്രവർത്തകർ

ക്കെതിരെ തിരിച്ചുവിടാൻ നടത്തിക്കൊണ്ടിരിക്കുന്ന നിതാന്തശ്രമങ്ങൾ ഇനിയും വിജയം കണ്ടിട്ടില്ല. അപൂർവ്വം സന്ദർഭങ്ങളിലേ കുതന്ത്രം ഏശിയിട്ടുള്ളൂ. ഒരു വർഷം മുൻപുണ്ടായ വയനാടിനെ ഇളക്കിമറിച്ച കടുവപ്രക്ഷോഭം ഉദാഹരണമാണ്. തികച്ചും അവാസ്തവപരവും സുസംഘടിതവും അസംബന്ധജഡിലവുമായ പ്രചാരണങ്ങളാണ് അഴിച്ചുവിട്ടത്. സാമൂഹ്യദ്രോഹികളും വനംക്രിമിനലുകളും നിയമവും ക്രമസമാധാനപാലനവും കയ്യിലെടുത്തു. ജനം ഉന്മാദം കൊണ്ട് തെരുവിലിറങ്ങി. വനം വകുപ്പുദ്യോഗസ്ഥരും പരിസ്ഥിതി പ്രവർത്തകരും മർദ്ദിക്കപ്പെട്ടു. എന്നാൽ രണ്ടുമാസം കൊണ്ട് എല്ലാം കെട്ടടങ്ങി. കബനീതടങ്ങളിൽ



ഞങ്ങൾ നടത്തിയ പദയാത്രയിൽ അവർ ഞങ്ങളെ ആദരവുകൊണ്ടും സ്നേഹം കൊണ്ടും വീർപ്പുമുട്ടിച്ചു. ഗാഡ്ഗിൽ-കസ്തൂരിരംഗൻ സമരകാലത്ത് വയനാട്ടിൽ പ്രക്ഷോഭം ആളിക്കത്തിക്കാൻ കഴിയാതെ പോയതു കർഷകർക്ക് ഞങ്ങൾ പറഞ്ഞത് കുറെയൊക്കെ മനസ്സിലായതുകൊണ്ടുകൂടിയാണ്.

വയനാട് വന്യജീവികേന്ദ്രത്തിലെ കർഷകരുടെ വർഷങ്ങളായുള്ള പ്രശ്നങ്ങൾക്കുനേരെ, മുഖ്യരാഷ്ട്രീയപാർട്ടികൾ പുറംതിരിഞ്ഞുനിൽക്കുമ്പോൾ ഞങ്ങൾ അവർക്കൊപ്പമുണ്ട്. വയനാട് വന്യജീവി സംരക്ഷണകേന്ദ്ര കർഷകക്ഷേമസമിതിയുടെ രക്ഷാധികാരി ഞാനാണ്. പരിസ്ഥിതി പ്രവർത്തകരാണ് അതിനു നേതൃത്വം കൊടുക്കുന്നത്. വനമേഖലയിൽ വനംവകുപ്പിനും വനം-വന്യജീവികൾക്കും എതിരല്ലാതെ പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഒരേയൊരു കർഷകസംഘടനയാണിതെന്ന് ഓർക്കണം.

**◯ മാഫിയകളുമായുള്ള സംഘർഷങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവങ്ങൾ ഓർത്തെടുക്കാൻ സാധിക്കുമോ?**

● വയനാട്ടിൽ പരിസ്ഥിതിപ്രവർത്തനം തുടങ്ങിയതുതന്നെ ആനക്കൊമ്പ്-ചന്ദനം കള്ളക്കടത്തുസംഘങ്ങളുമായി ഏറ്റുമുട്ടിക്കൊണ്ടാണ്. അവർ പൂർണ്ണമായും അടിച്ചമർത്തപ്പെട്ടു. ഇന്നിവിടെ അത്തരം സംഘങ്ങൾക്ക് നിലനിൽക്കാൻ സാധ്യമല്ല. മുത്തങ്ങയിൽ ആദിവാസിഗോത്രസഭ വനം കയ്യേറി കുടിൽ കെട്ടിയതിനെ എതിർത്തതോടെ ഞങ്ങൾ കേരളത്തിൽ മാത്രമല്ല ഇന്ത്യയിലാകെ വേട്ടയാടപ്പെട്ടു. ക്വാറികൾക്കെതിരായി ജനങ്ങൾക്കൊപ്പം നിന്നപ്പോൾ ക്വാറിയിലെ തൊഴിലാളികളെ ഞങ്ങൾക്കെതിരെ തിരിച്ചുവിട്ടു. മരംമുറിയെ എതിർത്തപ്പോൾ മരക്കച്ചവടക്കാരും തൊഴിലാളികളെയാണ് ഇളക്കിവിട്ടത്. ബന്ദിപ്പൂർ വനമേഖലയിലൂടെ കടന്നുവരുന്ന നാഷണൽ ഹൈവേകളിൽ രാത്രി ഗതാഗതനിരോധനത്തിനായി കർണാടക ഹൈക്കോടതിയെ സമീപിച്ചപ്പോൾ അന്തർസംസ്ഥാനഗുണ്ടകൾ ഞങ്ങളെ വിരട്ടാൻ നോക്കി. അതിശക്തരായ ട്രക്കുടമകളും കള്ളക്കടത്തുകാരും ടൂറിസം ബസ്സ് ഓപ്പറേറ്റർമാരും വ്യാപാരി-വ്യവസായികളും കായികമായി നേരിടുമെന്ന് ഭീഷണി മുഴക്കിയിരുന്നു. പള്ളിക്കാർ പത്രസമ്മേളനം നടത്തി എന്നെയും തോമസ്സിനെയും നേരിടാൻ ആഹ്വാനം ചെയ്തു. കഴിഞ്ഞ വർഷത്തെ കടുവപ്രക്ഷോഭകാലത്ത് കുടുംബത്തെ വരെ പീഡിപ്പിച്ചു. വയനാട്ടിൽ എക്കാലത്തും പരിസ്ഥിതി പ്രവർത്തനം അപകടകരമായിരുന്നു. അതു നഗര കേന്ദ്രീകൃത ബൗദ്ധിക കസർത്തുകളാകാത്ത എവിടെയാണ് അങ്ങനെയല്ലാതിരുന്നത്?

**◯ മുത്തങ്ങ സമരത്തിനെ താങ്കൾ നോക്കിക്കാണുന്ന രീതി?**

● മുത്തങ്ങയിൽ ആദിവാസിഗോത്രസഭ നടത്തിയ വനം കയ്യേറ്റത്തെ എതിർത്ത ഞങ്ങളുടെ നിലപാട് നൂറുശതമാനവും ശരിയായിരുന്നുവെന്ന് ഇന്നെല്ലാവരും സമ്മതിച്ചു തുടങ്ങിയിട്ടുണ്ട്. നിലപാടുകളുടെ പേരിൽ വളരെയേറെ താറടിക്കപ്പെട്ടവരും തെറ്റിദ്ധരിക്കപ്പെട്ടവരുമാണ് ഞങ്ങൾ. കെ. വേണു അടിയന്തരാവസ്ഥക്കാലത്ത് എന്റെ വീട്ടിൽ താമസിച്ചിട്ടുണ്ട്. സിവിക് ചന്ദ്രന് എന്റെ കുടുംബവുമായി സ്നേഹബന്ധമുണ്ട്. രണ്ടു കൂട്ടരും മ്ലേച്ഛമായാണ് എന്നെ ചിത്രവധം നടത്തിയത്. ബാബുവിനെയും തോമസിനെയും വഹാബിനെയുമൊക്കെ ഇവർക്ക് നന്നായറിയാവുന്നതാണ്. ഞങ്ങളെയൊക്കെ വ്യക്തിഹത്യനടത്തി വനംമാഫിയയും ആനവേട്ടക്കാരും ചന്ദനം കള്ളക്കടത്തുകാരുമാക്കി.

അന്യാധീനപ്പെട്ട ആദിവാസിഭൂമി വീണ്ടെടുക്കാനുള്ള പ്രവർത്തനം വയനാട്ടിലാരംഭിച്ചിട്ട് 40 കൊല്ലം കഴിഞ്ഞു. ബത്തേരി സെന്റ് മേരീസ് കോളേജ് തട്ടിയെടുത്ത കിടങ്ങിൽ കുറുമരുടെ ഭൂമിക്കുവേണ്ടിയുള്ള സമരം പോലീസ് വെടിവയ്പിലാണവസാനിച്ചത്. ആ സമരത്തിൽ ഞങ്ങൾ ആദിവാസികൾക്കൊപ്പമുണ്ടായിരുന്നു. മാരകമായ രോഗങ്ങൾ ആദിവാസികളെ വേട്ടയാടിയപ്പോൾ അതു പുറംലോകത്തെ അറിയിച്ചത് ഞങ്ങളാണ്. ആദിവാസി ഭൂമി വീണ്ടെടുക്കാൻ സി.പി.ഐ.(എം.എൽ)-ഉം ഡോ. നല്ലതമ്പി തേരയും നടത്തിയ പ്രക്ഷോഭങ്ങൾക്കൊപ്പം നിന്നിട്ടുണ്ട്. തേലമ്പറ്റ പണിയർക്ക് ഭൂമി വീണ്ടെടുത്ത് നൽകാൻ നേതൃത്വം നൽകിയിട്ടുണ്ട്. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരികെ ലഭിക്കണമെന്നും വയനാട്ടിൽ അനധികൃതമായി കമ്പനികളും വ്യക്തികളും കൈവശം വച്ച ആയിരക്കണക്കിനേക്കർ ഭൂമി പിടിച്ചെടുത്തു ഭൂരഹിതർക്ക് നൽകണമെന്നും പ്രകൃതി സംരക്ഷണ സമിതി

**മാരകമായ രോഗങ്ങൾ ആദിവാസികളെ വേട്ടയാടിയപ്പോൾ അതു പുറംലോകത്തെ അറിയിച്ചത് ഞങ്ങളാണ്. ആദിവാസി ഭൂമി വീണ്ടെടുക്കാൻ സി.പി.ഐ.(എം.എൽ)-ഉം ഡോ. നല്ലതമ്പി തേരയും നടത്തിയ പ്രക്ഷോഭങ്ങൾക്കൊപ്പം നിന്നിട്ടുണ്ട്.**

എന്നും നിലപാടെടുത്തിട്ടുണ്ട്.

2000-ആരംഭമാകുമ്പോഴേക്കും ആദിവാസികളുടെ ഭൂമിക്കുവേണ്ടിയുള്ള പോരാട്ടം ശക്തിപ്പെട്ടുതുടങ്ങിയിരുന്നു. ഡോ. നല്ലതമ്പി തേരയുടെ കേസ് സുപ്രീംകോടതി പരിഗണിക്കുകയായിരുന്നു. സി.പി.ഐ.(എം.എൽ) സമരം ശക്തമാക്കിയിരുന്നു. വയനാട്ടിലെ മുഴുവൻ പാർട്ടികളും ക്രൈസ്തവ സംഘടനകളും പള്ളിയും ആദിവാസികൾക്കെതിരെ പരസ്യമായി നിലപാടെടുത്തു. കേരളത്തിലെ ഇടതു സർക്കാർ നിയമനിർമ്മാണം നടത്തി. ഭൂമി കയ്യടക്കിയ കുടിയേറ്റക്കാരും ആദിവാസികളും തമ്മിലുള്ള സംഘർഷം രൂക്ഷമായി. അതു പരിണാമ ഗുപ്തിയിലേക്ക് അടുക്കുകയായിരുന്നു. ഈ ഘട്ടത്തിലാണ് പള്ളിയുടെ ശക്തമായ പിന്തുണയോടെ ചില എൻ.ജി.ഒ.കൾ ഈ സമരത്തെ സമർത്ഥമായി റാഞ്ചിയത്. അതിനവർ മുമ്പിൽ നിർത്തിയത് ചില ആദിവാസികളെത്തന്നെയാണ്.

ഇന്ത്യയിലേറ്റവും കൂടുതൽ മനുഷ്യ-വന്യജീവിസംഘർഷമുള്ള പ്രദേശമാണ് വയനാടൻ വനമേഖല. ആദിവാസികൾ കുടിൽ കെട്ടിയ കാക്കത്തോടും തകരപ്പാടിയും ആനകളുടെ പരമ്പരാഗത സഞ്ചാരപഥങ്ങളാണ്. കൊടിയ വരൾച്ചയും ജലക്ഷാമവുമുണ്ട്. ആദിവാസി



Photo/Suhaz Kechery

കൾക്കെന്നല്ല ഒരു മനുഷ്യനും ഇവിടെ അതിജീവനം സാദ്ധ്യമല്ല. ഈ സ്ഥലം കുടിൽ കെട്ടാൻ തെരഞ്ഞെടുത്തതിനു പിന്നിൽ ദുഷ്ടലാക്കുണ്ട്. കർണാടക-തമിഴ്നാട്-കേരള വനങ്ങളുടെ സംഗമസ്ഥാനമാണിത്. വളരെ തന്ത്രപ്രധാനമായ മേഖലയാണീ കാടുകൾ. ആദിവാസികളോട് ഞങ്ങൾക്കാഭിമുഖ്യമുണ്ട്. എന്നാൽ വന്യജീവികളുടെ നില കൂടുതൽ ദയനീയമാണ്. വന്യജീവികളുടെ വളരെ ശുഷ്കിച്ചുപോയ ആവാസവ്യവസ്ഥകൾ സംരക്ഷിക്കപ്പെടണം. അവിടെ ആരുടെയും കൈയേറ്റം പാടില്ല. സമരം ചെയ്യണമെങ്കിൽ മറ്റേതെങ്കിലും വനഭൂമികൾ തെരഞ്ഞെടുക്കണം.

ഈ വിവരം ഞാൻ സമരഭൂമിയിൽ ചെന്ന് ജാനുവിനെയും ഗീതാനന്ദനെയും കണ്ട് പറയുകയും മുത്തങ്ങ വന്യജീവി കേന്ദ്രത്തിൽ നിന്നും കുടിയൊഴിഞ്ഞു പോകണമെന്ന് അപേക്ഷിക്കുകയും ചെയ്തു. ഇതിനിടയിലാണ് മുത്തങ്ങ കാട്ടിൽ വൻ തീപിടുത്തമുണ്ടായത്. തീയണക്കാൻ ചെന്ന ആദിവാസിവാച്ചർമാരെയും ഡ്രൈവർമാരെയും വനംവകുപ്പുദ്യോസ്ഥരെയും ബന്ധികളാക്കി നഗ്നരാക്കി മരത്തിൽ കെട്ടിയിട്ടു. തടങ്കലിലാക്കിയരുടെ ദൃശ്യങ്ങൾ ചാനലുകൾക്കും പത്രങ്ങൾക്കും നൽകി. ബന്ധുക്കളും നാട്ടുകാരും ടാക്സി ഡ്രൈവർമാരും മുത്തങ്ങ റെയിഞ്ചാഫീസ് ഉപരോധിച്ചു. നാഷണൽ ഹൈവേയിൽ കുത്തിയിരുന്നു. കാട്ടിലേക്ക് മാർച്ചുചെയ്തു. പിറ്റേദിവസം പോലീസ് നടപടികൾ ഉണ്ടായി. ജോഗിയും പോലീസുകാരൻ വിനോദും മരണപ്പെട്ടു. വെടിവെപ്പിനുശേഷം ചിതറി ഓടിയ ആദിവാസികളെ പോലീസ് ക്രൂരമായി തല്ലിച്ചതച്ചതും അവരുടെ സെറ്റിൽമെന്റുകളിൽ കയറി മർദ്ദനവും ഭീകരതയും അഴിച്ചുവിട്ടതും ഏറെ വേദനാജനകമാണ്. ഇതിനൊന്നും ഞങ്ങൾ ഉത്തരവാദികളല്ല. സമരത്തെ സ്പോൺസർ ചെയ്തവർക്കും സംസ്ഥാനസർക്കാരിനും ഗീതാനന്ദനും ഗോത്രമഹാസഭയ്ക്കും നഗരബുദ്ധിജീവികൾക്കുമാണ് മുത്തങ്ങ ദുരന്തത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം. ഞങ്ങൾ പോലീസ് അതിക്രമങ്ങളെ അന്നുതന്നെ ശക്തമായി അപലപിച്ചിരുന്നു. മുത്തങ്ങ കൈയേറ്റത്തിന്റെ യഥാർത്ഥ ഗൂഢാലോചന ഇനിയും അനാവരണം ചെയ്യപ്പെട്ടിട്ടില്ല.

**മുത്തങ്ങ സമരത്തിനു മുമ്പും പിൻപും ഞങ്ങൾ വയനാട്ടിലെ ആദിവാസികൾക്കൊപ്പം നിന്നിട്ടുണ്ട്. അവരുടെ ദുരിതങ്ങളിലും അവകാശപ്പോരാട്ടങ്ങളിലും ഞങ്ങൾ ഒപ്പം നടന്നിട്ടുണ്ട്.**

**○ മുത്തങ്ങ സംഭവത്തിനു ശേഷം വയനാട്ടിലെ നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആദിവാസികളുടെ പിന്തുണ നേടാൻ സാധിച്ചിട്ടുണ്ടോ?**

● മുത്തങ്ങ സമരത്തിനു മുമ്പും പിൻപും ഞങ്ങൾ വയനാട്ടിലെ ആദിവാസികൾക്കൊപ്പം നിന്നിട്ടുണ്ട്. അവരുടെ ദുരിതങ്ങളിലും അവകാശപ്പോരാട്ടങ്ങളിലും ഞങ്ങൾ ഒപ്പം നടന്നിട്ടുണ്ട്. അവരെ ഒഴിവാക്കിക്കൊണ്ടുള്ള വനസംരക്ഷണം ഞങ്ങളുടെ അജണ്ടയിലില്ല. പരിസ്ഥിതിയുടെ അഭേദ്യഭാഗം തന്നെയാണ് അവർ. അവർക്കും ഞങ്ങൾക്കുമിടയിൽ ഒരവിശ്വാസവും ഒരിക്കലും ഉണ്ടായിട്ടില്ല. ഗീതാനന്ദനും ജാനുവും ഗോത്രസഭയും വയനാട്ടിലെ ആദിവാസികളുടെ പ്രതിനിധികളാണെന്ന് ഞങ്ങൾ കരുതുന്നില്ല. ജാനുവും കൂട്ടരും ആത്യന്തികമായി അവർക്കു ദുരിതം മാത്രമേ നൽകിയിട്ടുള്ളൂ. ക്രിസ്ത്യൻ ഫണ്ടിംഗ് ഏജൻസികളാണ് അവരുടെ യജമാനന്മാർ. കുടിയേറ്റക്കാരന്റെ താൽപര്യമാണ് മുത്തങ്ങ സമരം സംരക്ഷിച്ചത്.

**○ നാലു പതിറ്റാണ്ട് പിന്നിട്ടിട്ടും പരിസ്ഥിതി സംരക്ഷണം മലയാളികളുടെ മനസ്സിൽ ഒരു വിഷയമേ ആവാത്തത് എന്തുകൊണ്ടാണെന്നാണ് താങ്കൾ കരുതുന്നത്?**

● മലയാളി സമൂഹം ഒരു കപടസമൂഹമാണ്. ഇത്രയധികം ആത്മവഞ്ചനയിൽ ഏർപ്പെട്ട ഒരു ജനത ലോകത്ത് മറ്റെവിടെയുമില്ല. എന്നാൽ മലയാളിയുടെ മനസ്സിൽ 'ഇക്കോളജി' ഇല്ലെന്ന് പറയുന്നതിൽ കഴമ്പില്ല. മിക്ക മലയാളിക്കും പരിസ്ഥിതിയെക്കുറിച്ച് അറിവുണ്ട്. അവിശ്വസനീയമായ നിസ്സംഗതയോടെയാണ് പരിസ്ഥിതിനാശത്തെ അവൻ കാണുന്നത് എന്നതാണ് ഏറെ അത്ഭുതകരം. കേരളമാകെ ഒരു നെരിപ്പോടിലെന്നവണ്ണം വെന്തെരിയുന്നതും ചുട്ടുപഴുക്കുന്നതും പ്രാണവായുവും കുടിവെള്ളവും ഭക്ഷണവും നാൾക്കുനാൾ ഇല്ലാതാകുന്നതും അവൻ മനസ്സിലാക്കുന്നുണ്ട്. എന്നിട്ടും മൗനിയായിരിക്കുന്നതിന്റെ പൊരുളാണ് മനസ്സിലാകാത്തത്.

**○ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ നിന്നും മുഖ്യധാരാ രാഷ്ട്രീയപാർട്ടികളെ മാറ്റി നിർത്തിയിരുന്നത് സംരക്ഷണ സമരങ്ങളെ എങ്ങനെ**

**ബാധിച്ചു? നയപരമായ തീരുമാനങ്ങൾ എടുക്കുന്ന അവരെ മാറ്റി നിർത്തിയത് വിപരീതമായ ഒരു ദിശയിലാവില്ലേ സംരക്ഷണപ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടാവുക?**

പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളിൽനിന്നും മുഖ്യധാരാ രാഷ്ട്രീയപാർട്ടികളെ ആരും അകറ്റിയതല്ല. അവർ സ്വയം മാറിനിന്നതാണ്. അതിലൊട്ടും അത്ഭുതപ്പെടേണ്ടതായി ഇല്ല. എല്ലാ പരിസ്ഥിതി നാശത്തിന്റെയും മുഖ്യ ഉത്തരവാദിത്വം അവർക്കാണ്. വൻ അഴിമതികൾ ഇതിനുപിന്നിലുണ്ട്. പരിസ്ഥിതിസമരങ്ങളെ തകർക്കാൻ അവർ മുന്നിൽതന്നെ ഉണ്ടാകാറുണ്ട്. വാസ്തവത്തിൽ അവരുടെ സഹകരണമാണ് കൂടുതൽ ദ്രോഹകരം. പ്ലാച്ചിമട സമരം തന്നെ ഉദാഹരണം. മലയാളിയുടെ സഹജമായ കാപട്യത്തിന്റെ പരിച്ഛേദമാണ് രാഷ്ട്രീയ കക്ഷികൾ. ജനങ്ങളിൽ നിന്നും പൂർണ്ണമായും ഒറ്റപ്പെട്ട ഒരു വംശമാണവർ. രാഷ്ട്രീയ പാർട്ടികൾക്കോ മതസംഘടനകൾക്കോ ഫലപ്രദമായ ഒരിടപെടലിനും ഇനി കെൽപ്പില്ല. അത്രയധികം അവർ ജീർണ്ണിച്ചിരിക്കുന്നു. പരിസ്ഥിതിസമരങ്ങൾക്ക് ഇന്നു ലഭിച്ചുവരുന്ന ബഹുജനപിന്തുണപോലും അവരുടെ സാന്നിദ്ധ്യം ഇല്ലാതാക്കും.

**ഹരിതരാഷ്ട്രീയം, ഹരിത വോട്ടുബാങ്ക് എന്നീ സങ്കൽപ്പങ്ങളെ എങ്ങനെ നോക്കിക്കാണുന്നു?**

പരിസ്ഥിതിക്ക് അതിന്റേതായ രാഷ്ട്രീയമുണ്ട്. അത് അതിസങ്കീർണ്ണമാണ്. ഹരിതരാഷ്ട്രീയം എന്നു വിവക്ഷിക്കുന്ന പ്രസ്ഥാനങ്ങൾക്ക് നമ്മുടെ നാട്ടിൽ ഇപ്പോൾ സാംഗത്യമുണ്ടെന്നു തോന്നുന്നില്ല. സമഗ്രമായൊരു ഗ്രീൻ മൂവ്മെന്റ് വളരെ അകലെയാണ്. നമ്മുടെ നാടിന്റെ സവിശേഷ സാഹചര്യം കൂടി കണക്കിലെടുത്താണ് അത്തരമൊരു പ്രസ്ഥാനം ഉരുത്തിരിഞ്ഞുവരേണ്ടത്. ഹരിതവോട്ടുബാങ്ക് ജനാധിപത്യവ്യവസ്ഥയിൽ വളരെ പ്രസക്തമാണെന്നതിൽ തർക്കമില്ല. പക്ഷേ, സമീപഭാവിയിൽ അങ്ങനെയൊന്ന് ഉരുത്തിരിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല.

**ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടും കസ്തൂരിരംഗൻ റിപ്പോർട്ടും വയനാട് ജനത സ്വീകരിച്ചിട്ടുണ്ടോ? അതോ ഇവ രണ്ടും പൂർണ്ണമായി തള്ളിക്കളയാനാണോ കർഷകരുടെ തീരുമാനം?**

ഗാഡ്ഗിൽ-കസ്തൂരിരംഗൻ ശുപാർശകൾ വയനാട്ടിലെ കർഷകർ പൂർണ്ണമായും നിരാകരിച്ചതായോ സ്വീകരിച്ചതായോ പറയാൻ വയ്യ. അവർക്ക് തീർച്ചയായും ആശങ്കയുണ്ട്. പാർട്ടികളും മതങ്ങളും പറയുന്നത് പൂർണ്ണമായി വിഴുങ്ങാൻ അനുഭവം അവരെ അനുവദിക്കുന്നുമില്ല. വയനാട്ടിലെ ഏറെ പ്രകീർത്തിക്കപ്പെട്ട സ്വതന്ത്ര കർഷകസംഘടനകളുടെ നിലപാട് പരമദയനീയവും പ്രതിലോമപരവുമായിരുന്നു. ചർച്ചിന്റെ നേരെ തിരിച്ചുവച്ച റഡാറാണ് അവരുടെ മസ്തിഷ്കം. ചർച്ചാണ് എല്ലാം തീരുമാനിക്കുന്നത്. ഇടുക്കിയിലും തിരുവമ്പാടിയിലും കൊട്ടിയൂരിലും സമരം അക്രമാസക്തമായി. വയനാട്ടിൽ അക്രമങ്ങൾ ഉണ്ടാവാത്തതിന്റെ കാരണം വ്യക്തമാണ്. പരിസ്ഥിതി പ്രവർത്തകർ, ആദിവാസി സംഘടനകൾ, ചില കൊച്ചുപാർട്ടികൾ, സന്നദ്ധ-മനുഷ്യാവകാശ സംഘടനകൾ എന്നിവരൊക്കെ വയനാട്ടിൽ സജീവമാണ്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്റെ അന്ത:സത്ത വയനാട്ടുകാർ ഉൾക്കൊള്ളുക തന്നെ ചെയ്യും എന്നാണെന്റെ വിശ്വാസം.

**ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെതിരെ കേരളത്തിൽ സ്വതവേ കാണുന്ന കൃഷിക്കാരുടെ എതിർപ്പിനുള്ള കാരണം? അതല്ല ഈ എതിർപ്പ് കൃത്രിമമായി സ്ഥാപിതതാല്പര്യക്കാർ ഉണ്ടാക്കിയെടുക്കുന്നതാണോ?**

കേരളത്തിലെ കുടിയേറ്റ പ്രദേശങ്ങളിലെ കുടിയേറ്റ കർഷകനാണ് ഗാഡ്ഗിൽ റിപ്പോർട്ടിനെ നിരാകരിക്കുന്നത്. ചിട്ടയായ പ്രചാരണത്തിലൂടെ അവരെ തെറ്റിദ്ധരിപ്പിച്ച് പാകപ്പെടുത്തിയെടുത്തതാണ്. ഇതിന്റെ സൂത്രധാരത്വം ചർച്ചിനാണ്. പശ്ചിമഘട്ടത്തിന്റെ നാശത്തിൽ

**ഹരിതവോട്ടുബാങ്ക് ജനാധിപത്യവ്യവസ്ഥയിൽ വളരെ പ്രസക്തമാണെന്നതിൽ തർക്കമില്ല. പക്ഷേ, സമീപഭാവിയിൽ അങ്ങനെയൊന്ന് ഉരുത്തിരിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല.**

കുടിയേറ്റക്കാരനുള്ള പങ്ക് വളരെയധികമാണ്. എന്നാൽ പശ്ചിമഘട്ടത്തിന്റെ നിർണ്ണായക ശക്തിയായിമാറിക്കഴിഞ്ഞ ഇവരുടെ സഹകരണത്തോടെയേ നിസ്തുലമായ ഈ മലനിരകളെ സംരക്ഷിക്കാൻ നമുക്കു കഴിയൂ. ചർച്ചിന്റെ നിലപാട് നമുക്ക് മനസ്സിലാക്കാം. കമ്മ്യൂണിസ്റ്റു പാർട്ടികൾ 40 വോട്ടുകൾക്കുവേണ്ടി സ്വന്തം പൈതൃകത്തെ ഒറ്റിക്കൊടുത്തത് സമീപകാലത്തെ ദുരന്തങ്ങളിൽ ഒന്നാണ്. പശ്ചിമഘട്ടത്തിലെ ഏറ്റവും വലിയ ഭൂഉടമ ചർച്ചാണ്. ആയിരക്കണക്കിനേക്കർ ഭൂമി അവരുടെ കയ്യിലുണ്ട്. മിക്കതും രേഖയില്ലാത്തതും വനഭൂമിയും കയ്യേറ്റ ഭൂമിയുമാണ്. കമ്മ്യൂണിസ്റ്റുകൾക്ക് ഭവിച്ച ജീർണ്ണത എത്ര ആഴത്തിലുള്ളതാണെന്ന് ഗാഡ്ഗിൽ വിരുദ്ധസമരം നമ്മെ ഓർമ്മിപ്പിക്കുന്നു.

**ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ ഉണ്ടാക്കിയ ചർച്ചകൾക്കും ഇടപെടലുകൾക്കും ശേഷമുള്ള പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങൾക്ക് നിലവിലുള്ള രീതിയിൽ നിന്നുള്ള എന്തെങ്കിലും മാറ്റം താങ്കൾക്ക് നിർദ്ദേശിക്കാനുണ്ടോ?**

നേരത്തെ സൂചിപ്പിച്ചപോലെ വല്ലപ്പോഴും ഒന്നിച്ചിരിക്കാനുള്ള ഒരു വേദിയുണ്ടാകണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. പരിസ്ഥിതി പ്രവർത്തകർക്കിടയിൽ ഇന്നു ശക്തമായി ഉള്ള വ്യക്തിഗതമായ ഈർഷ്യ കൈവെടിയണം. പരമാവധി യോജിപ്പിന്റെ മേഖലകൾ കണ്ടെത്തണം. പ്രക്ഷോഭങ്ങൾ ഉണ്ടാകണം. നമ്മുടെ ശക്തി-ദൗർബല്യങ്ങൾ വിലയിരുത്തപ്പെടണം. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളെ തുടർന്നുണ്ടായ സംഭവവികാസങ്ങൾ ഒരവസരമാണ്. ഗൗരവതരമായി ഈ റിപ്പോർട്ടുകൾ പോലും നമുക്കിടയിൽ വിലയിരുത്തിയിട്ടില്ല. പുതുതായി കുറേപ്പേർ പരിസ്ഥിതിയെക്കുറിച്ച് ഉത്കണ്ഠപ്പെടാൻ തുടങ്ങിയിട്ടുണ്ട്. അവരെ ഉൾക്കൊള്ളാഞ്ഞാൽ വൻ തെറ്റായിപ്പോകും. പരിരക്ഷണത്തിന്റെ വിശാല ഭൂമികയിലേക്കവരെ കൈപിടിച്ചു കൊണ്ടുവരേണ്ടത് കേരളത്തിലെ പരിസ്ഥിതി പ്രവർത്തകരുടെ കടമയാണ്.

**സംസ്ഥാനതലത്തിൽ ഒരു പരിസ്ഥിതികൂട്ടായ്മയ്ക്ക് സമയമായി എന്നു തോന്നുന്നുണ്ടോ? ഉണ്ടെങ്കിൽ അതിനു നേതൃത്വപരമായ എന്തു സംഭാവന താങ്കൾക്ക് നൽകാനാവും?**

സംസ്ഥാനതലത്തിൽ ഒരു പരിസ്ഥിതി സംഘടനയ്ക്കു ഇനിയും കാലമായിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. എന്നാൽ പരസ്പരം ആശയ വിനിമയം നടത്താനും ബന്ധപ്പെടാനും ഉള്ള ഒരു സംവിധാനം അത്യാവശ്യമാണ്. അതെക്കുറിച്ചാണ് അടിയന്തരമായി ചിന്തിക്കേണ്ടത്. വളരെ അയഞ്ഞതും ലിബറലും ജനാധിപത്യത്തിൽ ഊന്നിയതുമായ ഒരു സംവിധാനം. അതെങ്ങനെയാവണമെന്ന് എനിക്ക് ഒരു രൂപവുമില്ല. വർഷത്തിൽ ഒന്നോ രണ്ടോ തവണ ഒന്നിച്ചിരിക്കാനുള്ള വേദി ഉണ്ടായാലും മതി. ഇതിന് ഒരു നേതാവോ നേതാക്കളോ ആവശ്യമില്ല. പരസ്പരം വിശ്വസിച്ചും സഹകരിച്ചും ഇത്തരമൊരു വേദി ഉണ്ടാകുന്നതാണുത്തമം.

**പുതുതലമുറയിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തകരിൽ പ്രതീക്ഷയുണ്ടോ?**

പരിസ്ഥിതി സംരക്ഷണപ്രസ്ഥാനങ്ങളുടെ പ്രസക്തി അതിദ്രുതം കൂടിക്കൊണ്ടിരിക്കുകയാണ്. പുതിയ തലമുറ പ്രാഥമികവും മൗലികവുമായ വിഭവങ്ങൾക്കുവേണ്ടി പൊരുതേണ്ടിവരും. വെള്ളം, വായു, ഭക്ഷണം തുടങ്ങിയ പ്രാഥമിക വിഭവങ്ങളുടെ ദാരിദ്ര്യമാണ് ലോകം നേരിടുന്ന ഏറ്റവും വലിയ ഭീഷണി. വെള്ളവും പ്രാണവായുവും ഭക്ഷണവും കൂടാതെ ഒരു ജീവനും ഭൂമിയിൽ നിലനിൽക്കില്ല. അതുകൊണ്ടുതന്നെ പരിസ്ഥിതി സംരക്ഷണത്തിന് പുതുതലമുറ കൂടുതൽ ഊന്നൽ നൽകേണ്ടിവരും. അവരിൽ പ്രതീക്ഷയർപ്പിക്കുകയല്ലാതെ മറ്റുവഴികളില്ലല്ലോ. ●

# നേരിന്റെ നെരിപ്പോടുകൾ

## സുരേന്ദ്രൻ മങ്ങാട്ടിന്റെ മണ്ണും മരങ്ങളും പറഞ്ഞത് എന്ന പുസ്തകത്തിന്റെ ആസ്വാദനം

യു.കെ. സുരേഷ്കുമാർ



കഥകൾ ഒരേസമയം മനുഷ്യാനുഭവങ്ങളും ജീവിത ചരിത്രവുമാണ്. അതുകൊണ്ട് മനുഷ്യചരിത്രത്തോളം തന്നെ കഥകളുടെ ചരിത്രത്തിന് പ്രായമുണ്ട്. പക്ഷേ, കഥ എന്ന സാഹിത്യരൂപം പിറവിയെടുത്തിട്ട് ഒന്നര നൂറ്റാണ്ടിലധികമായിട്ടില്ല. എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം കഥകൾ, ജീവിക്കുന്ന കാലത്തോടും പരിസരത്തോടുമുള്ള പ്രതികരണങ്ങളാണ്. പലപ്പോഴും കലഹിച്ചും ചിലപ്പോഴെങ്കിലും സമരസപ്പെട്ടും ജീവിതത്തേയും കാലത്തേയും ബോധാബോധങ്ങളുടെ നിലപാടുതറകളിൽനിന്ന്

**ഹരിതസമൃദ്ധമായ പ്രകൃതിയുടെ അപചയം പണ്ടത്തേക്കാളുമധികം ഈ കാലത്ത് മനുഷ്യരുടെ സ്വാസ്ഥ്യം കെടുത്തുന്നുണ്ട്.**

കുറിച്ചിടുന്നു. ആദ്യകാലത്ത് മനുഷ്യന്റെ കേവലാനുഭവങ്ങളും പാരസ്പര്യങ്ങളും വിഷയമായിരുന്ന കഥാലോകത്ത് ഇന്ന് വെളിപ്പെടുന്നത് മനുഷ്യനും ജൈവപ്രകൃതിയും തമ്മിലുള്ള ക്രയവിക്രയങ്ങളുടെ ആഖ്യാനരൂപങ്ങളാണ്.

മനുഷ്യനും ഭൗമപ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തിൽ പ്രസക്തമാകുന്ന ചില ചോദ്യങ്ങളുണ്ട്. എന്താണ് പ്രകൃതി? ആരാണ് മനുഷ്യൻ? പ്രകൃതിയിൽ നിന്നും വ്യത്യസ്തമാർന്ന ഒന്നാണോ മനുഷ്യൻ? മനുഷ്യനും ജൈവപ്രകൃതിയും ഭിന്ന ധ്രുവങ്ങളിലാണോ? ഇങ്ങനെ ഒരുപാട് ചോദ്യങ്ങൾ കഥാകാരന്റെ ചോദനകളെ ഉദ്ദീപിപ്പിക്കുന്നുണ്ട്. ഒരു കാര്യം സുവ്യക്തമാണ്. ഹരിതസമൃദ്ധമായ പ്രകൃതിയുടെ അപചയം പണ്ടത്തേക്കാളുമധികം ഈ കാലത്ത് മനുഷ്യരുടെ സ്വാസ്ഥ്യം കെടുത്തുന്നുണ്ട്. നിരക്ഷരരായ കർഷകത്തൊഴിലാളികൾ മുതൽ അഭ്യസ്തവിദ്യരായ ശാസ്ത്രജ്ഞർ വരെ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ആശങ്കപ്പെടുന്നുണ്ട്. ഒന്നും പറയാതെവയ്യ. ശാസ്ത്രസാങ്കേതിക വളർച്ചയുടെ ആഘാതം പൂർണ്ണമായും ഏറ്റുവാങ്ങേണ്ടിവന്നത് ജൈവസമൃദ്ധവും വൈവിദ്ധ്യ സങ്കീർണ്ണവുമായ ജൈവ പ്രപഞ്ചത്തിനുതന്നെയാണ്. മാത്രവുമല്ല, മനുഷ്യസമൂഹം പടുത്തുയർത്തിയ സാമ്പത്തിക ശാസ്ത്രത്തിന്റെയും സമ്പദ്ഘടനയുടെയും ആധാരശിലയും ആഘാതശിലയും ജൈവസമ്പുഷ്ടമായ പ്രകൃതിതന്നെയാണ്.

ഈയൊരു തിരിച്ചറിവിലാണ് സുരേന്ദ്രൻ മങ്ങാട്ടിന്റെ, 'മണ്ണും മരങ്ങളും പറഞ്ഞത്' എന്ന കഥാസമാഹാരം പ്രസക്തമാകുന്നതും. ഈ പുസ്തകം പൂർണ്ണമായും കഥകൾ മാത്രമല്ല, നേരനുഭവങ്ങളുടെ നെരിപ്പോടുകൾ കൂടിയാണ്. രാഷ്ട്രീയ തീരുമാനങ്ങൾക്കനുസൃതമായി നിലപാടുകൾ സ്വീകരിക്കേണ്ടിവരുന്ന ഒരു പോലീസ് ഉദ്യോഗസ്ഥന്റെ ഉള്ളിൽ നീറുന്ന നേരിന്റെ നെരിപ്പോടുകളായി ഈ പുസ്തകത്തെ വായിച്ചെടുക്കാം.

ആദ്യകഥയായ 'അധിനിവേശം' ഒരു ഓർമ്മപ്പെടുത്തലാണ്. 'ആദിശങ്കരപുര'മെന്ന ഹരിതഗ്രാമം 'പ്രശാന്തിപുര'മെന്ന കോൺക്രീറ്റ് പട്ടണമായിമാറുന്ന കാഴ്ച സമകാലീന കേരളത്തിന്റെ പരിച്ഛേദമാണ്. ഒട്ടേറെ ഘടകങ്ങൾ ഒന്നായി ചേർന്നാണ് ഈയൊരു ദുരവസ്ഥ സൃഷ്ടിച്ചെടുക്കുന്നത്. അധികാരം, അനുനയം, വികസനം, വിശ്വാസം, ധനാധിഷ്ഠിത

മൂല്യവ്യവസ്ഥ ഇങ്ങനെ പുതുകാലത്തിന്റെ ഇഷ്ടവിഭവങ്ങൾ ഒരു സമൂഹത്തെ എങ്ങനെ അടിമുടി മാറ്റിയെടുക്കുന്നു എന്ന് ഈ കഥയിലൂടെ എഴുത്തുകാരൻ സൂചിപ്പിക്കുന്നു. അനുനയത്തിലും അധികാരഭീഷണിയിലും ഒതുങ്ങാത്ത മനസ്സുകൾ ഒറ്റപ്പെടുകയും ഒടുവിൽ സ്വയംഹത്യയിൽ അഭയം പ്രാപിക്കേണ്ടിയും വരുന്നു എന്നൊരു സൂചനയും കഥ നൽകുന്നു. പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട വാദകോലാഹലങ്ങളിൽ നാം കാണാതെ പോകുന്ന ചില യാഥാർത്ഥ്യങ്ങളെ ഈ കഥ വെളിവാക്കുന്നുണ്ട്. അതുമാത്രമല്ല, ആഗോള സമ്പദ്‌വ്യവസ്ഥ മുന്നോട്ടുവയ്ക്കുന്ന കോർപ്പറേറ്റ്‌വല്ക്കരണത്തിന്റെ ദുരന്തഫലങ്ങൾ എന്തായിരിക്കുമെന്നും ഈ കഥ പറയുന്നു. മനസ്സിനേയും മാനസിക വ്യാപാരങ്ങളേയും വരുതിയിലാക്കി ഉടലുകളെയും പ്രകൃതിയേയും ചൂഴ്ന്ന് കമ്പനികൾ വളർന്നു തിടംവയ്ക്കുന്നു. ഇത് പ്രകൃതിയെ മാത്രമല്ല മൂല്യവത്തായ ജീവിതസംസ്കാരത്തെക്കൂടി പൊളിച്ചടുക്കുന്നു.

'നെല്ല്മരം' എന്ന കഥ നമ്മുടെ കാർഷിക ജീവിതത്തിന്റെ അപചയത്തെ തുറന്നുകാട്ടുന്നു. എറുമൻചാലിലെ തെളിനീരും വൈക്കോരൻ പാടത്തെ ചേറും ഇന്ന് പഴങ്കഥയാണ്. എറുമൻചാലിൽ മീൻപിടിക്കുന്നതും പാടത്ത് കന്നുപൂട്ടുന്നതും ഇന്ന് കാപ്പന്റെ ഓർമ്മകളിൽ മാത്രമാണ്. മനയ്ക്കലെ കറവക്കാരൻ കറപ്പന്റെ ഓർമ്മകളിലൂടെ സമൃദ്ധമായ ഒരു കാർഷിക സംസ്കൃതിയെ വരച്ചിടുകയാണ് നെല്ലുമരം എന്ന കഥ. കാലടികളിൽ മണ്ണിന്റെ നനവുപടരാത്ത, നാസികകളിൽ നെല്ലിൻ തണ്ടുമണക്കാത്ത ഒരു തലമുറയ്ക്കു മുമ്പിൽ ഇത് കേവലം ഒരു ഗൃഹാതുരത്വം മാത്രമായിരിക്കാം. പക്ഷേ, കാലം കരുതിവച്ചിരിക്കുന്നതെന്താണ് എന്നാർക്കറിയാം.

'മണ്ണും മരങ്ങളും മായുമ്പോൾ' എന്ന കഥയിൽ നൊടിയിടയിൽ അപ്രത്യക്ഷമാകുന്ന കുന്നുകളെയും മലകളെയും കുറിച്ചാണ് പറയുന്നത്. കൃഷി ചെയ്യുന്നതിനുവേണ്ടി വെട്ടിമാറ്റപ്പെടുന്ന എത്രയോ കുന്നുകൾ, വനങ്ങൾ, മലകൾ...... പുറമേക്ക് തികച്ചും ന്യായയുക്തം എന്നു തോന്നാവുന്ന വാദമുഖങ്ങളാണ് ഇതിനായി മുന്നോട്ടുവയ്ക്കുന്നത്. പ്രകൃതിയെ ഇങ്ങനെ അപനിർമ്മിക്കുവാൻ ആരാണ് മനുഷ്യന് അനുവാദം കൊടുത്തത്? ഒരു കുന്നും ഒരു മലയും ഒരു മനുഷ്യന്റെയോ ഒരു കൂട്ടം മനുഷ്യരുടേയോ, മുഴുവൻ മനുഷ്യസമൂഹത്തിന്റെയോ മാത്രമല്ല. ഭൂമിയിൽ അധിവസിക്കുന്ന കോടാനുകോടി ജീവജാലങ്ങളുടേതു കൂടിയാണ്. വില്ലേജ് രേഖകളിൽ കുന്നുകളും തോടുകളും മരങ്ങളും കാടുകളും മാഞ്ഞുപോകുകയാണ്. ഇപ്പോൾ സമതലങ്ങൾ ഉണ്ടാകുന്നു, മുറിച്ചു വില്ക്കാൻ പാകത്തിന് അതിർത്തി തിരിച്ച്. ''അതാണ് സാറെ വികസനം, കുറെ മണ്ണുമായി ഈ കുന്നുകളുണ്ടായിട്ട് എന്തുകാര്യം.'' ഇതിലെ ലോറൻസ് ഒരു പ്രതിനിധിയാണ്, അധിനിവേശതന്ത്രങ്ങളുടെ പ്രതിനിധി. നമ്മുടെ മലനിരകളിൽ നടക്കുന്നതും മറ്റൊന്നല്ല. ലോറൻസുമാർ പാറമടകളിൽ ഖനനാനുമതി തേടുന്നു. രാഷ്ട്രീയ തീരുമാനങ്ങൾ ഇവർക്ക് അനുകൂലമാവുന്നു. കമ്മിറ്റി റിപ്പോർട്ടുകൾ ഇവർക്ക് ഹിതകരമല്ലാതാകുമ്പോൾ മാറ്റിയെഴുതുവാൻ വേറെ ആളുവരും. ഇങ്ങിനെ സഹ്യപർവ്വതത്തിന്റെ ശിരോലിഖിതങ്ങൾ മാറ്റിയെഴുതുന്ന പൊറാട്ടുനാടകം നാം കാണുകയാണ്. ആർക്കുവേണ്ടിയാണ് നാം ചൂട്ടുപിടിക്കേണ്ടത്?

'ഗ്രാമചിത്രങ്ങളിൽ' രാമുട്ടി ഇടതുകാലിൽ വൈകല്യം ബാധിച്ച ഒരുവനാണ്. തെങ്ങുകയറ്റത്തൊഴിലാളി കുടുംബ




**മണ്ണിന്റെ സ്നേഹാർദ്രമായ ജൈവികതയോട് വേരറ്റുപോകാനാവാത്ത ആത്മബന്ധമാണ് ഈ പുസ്തകത്തെ ശ്രദ്ധേയമാക്കുന്നത്.**

ത്തിൽ ജനിച്ചവൻ. ഒരു കാലത്ത് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായിരുന്നു കേരകൃഷി. നെൽവയലുകളും കേരനിരകളും നിറഞ്ഞ പഴയ ഗ്രാമീണ പരിസരങ്ങളിൽ നിന്നും ആധുനികയുഗത്തിന്റെ ഉഷ്ണകാലത്തേക്ക് സംക്രമിക്കുന്ന ജീവിതായോധനത്തിന്റെ മാപ്പുസാക്ഷിയാണ് രാമുട്ടി. മാനിനകുന്നും അതിന്റെ പരിസരങ്ങളും ഇല്ലാതായത് രാമുട്ടിയുടെ കൺമുമ്പിൽ വച്ചാണ്. പൂർവ്വികർ കയറിക്കണ്ട ആകാശക്കാഴ്ചകൾ രാമുട്ടിയുടെ മനസ്സിലും നിറഞ്ഞുനിന്നു. അവസാനത്തെ തെങ്ങും പിഴുതുമാറ്റും മുൻപെ അവന്റെ നെഞ്ചകം പിടയുന്നത് ഈ കഥയിലൂടെ നാം അറിയുന്നു.

'രക്ഷസാക്ഷിയുടെ മകൻ' സമൂഹമനസാക്ഷിയുടെ പരിച്ഛേദമാണ്. രാജ്യത്തിനോ വിശ്വസിക്കുന്ന പ്രസ്ഥാനത്തിനോ വേണ്ടി ജീവനർപ്പിക്കുന്നവരോട് നാം ചെയ്യുന്നതെന്ത് എന്നൊരു ചോദ്യം ഈ കഥ ഉയർത്തുന്നു. ഈ സമാഹാരത്തിലെ ഏറ്റവും ഹ്രസ്വവും സാന്ദ്രവുമായ കഥ 'വരൾച്ചക്കാലം' എന്ന കഥയാണ്. ഇതിലെ കഥാപാത്രങ്ങൾ കൊച്ച് ആരൽക്കുഞ്ഞും അതിന്റെ അമ്മയുമാണ്. സ്നേഹത്തിന്റെയും അതിജീവനത്തിന്റെയും അതിമനോഹരമായ വാങ്മയമാണ് ഈ കഥ. ഒരുപക്ഷേ, ഒരു പഞ്ചതന്ത്രം കഥപോലെ കാലാതിവർത്തിയായി മാറുന്ന വ്യാഖ്യാനം. ഈയൊരു കഥ കൊണ്ടുമാത്രം സാർത്ഥകമാവുന്ന ഒരു സമാഹാരം കൂടിയാണ് 'മണ്ണും മരങ്ങളും പറഞ്ഞത്' എന്ന പുസ്തകം. അനവധി അർത്ഥതലങ്ങളിലേയ്ക്കുയരുന്ന 'വരൾച്ചക്കാലം' ഒരു ദർശനം മുന്നോട്ടുവയ്ക്കുന്നു. 'നീ അഗാധതയിലേക്ക് സഞ്ചരിക്കുക. അതിജീവിക്കുക. മരിച്ചാൽ ആത്മഹത്യയെന്ന് സമാധാനിക്കാം. വേട്ടയാടപ്പെടുന്നതിലും ഭേദം അതാണ്.'

'ഹിംസ' എന്ന കഥ ഒരു നിലവിളിയാണ്. കാടിന്റെ ഹൃദയം ഭേദിച്ച് അതിജീവനത്തിനായി പോരാടുന്നവന്റെ ആർത്തനാദം. ഏതൊരു ഹിംസമൃഗത്തേക്കാളും ഹിംസാത്മകമാകുന്ന മനുഷ്യചോദനകളെ ഈ കഥ തുറന്നുകാട്ടുന്നു. മനുഷ്യരുടെ അധിനിവേശം നഷ്ടപ്പെടുത്തിയ കാടിന്റെ പച്ചിലത്തഴപ്പിൽ ഒരിറ്റുവെള്ളം തേടിയലഞ്ഞ ഒരു വ്യാഘ്രത്തിന്റെ നെഞ്ചിടിപ്പ് ഈ കഥയിലുടനീളം ത്രസിക്കുന്നു. ചതിയില്ലാത്ത പ്രകൃതിനിയമങ്ങൾ മനുഷ്യന് ബാധകമല്ല. എന്ന് കഥ ദ്യോതിപ്പിക്കുന്നു. മനുഷ്യനീതികൾ പ്രകൃതിവിരുദ്ധമാകുന്നതിന്റെ നേർക്കാഴ്ചയാണ് ഈ കഥ. 'ഒറ്റപ്ലാവ്' ഒരു ഓർമ്മപ്പെടുത്തലാണ്. സഹജീവനത്തിന്റെയും പാരസ്പര്യത്തിന്റെയും മണ്ണൂരിലാണ് ഒറ്റപ്ലാവ് വേരോടിനില്ക്കുന്നത്. പ്ലാവിന്റെ ഓർമ്മപ്പെടുത്തലുകളിൽ പകരം വയ്ക്കാനില്ലാത്ത ഒട്ടേറെ അനുഭവങ്ങളുണ്ട്. കഥയുടെ അവസാന ഘട്ടത്തിൽ വായനക്കാരൻ മരമുത്തശ്ശന്റെ ദീർഘനിശ്വാസങ്ങൾ തൊട്ടറിയുന്നു.

ഈ പുസ്തകത്തിന്റെ മുഖക്കുറിപ്പിൽ പറയുന്നതുപോലെ മണ്ണിന്റെ സ്നേഹാർദ്രമായ ജൈവികതയോട് വേരറ്റുപോകാനാവാത്ത ആത്മബന്ധമാണ് ഈ പുസ്തകത്തെ ശ്രദ്ധേയമാക്കുന്നത്. നാട്ടുതനിമകളും കാർഷിക ജീവിതവും ഈ കഥകളുടെ നേരും നെറിവുമാണ്. മണ്ണും മനുഷ്യനും തമ്മിൽ രൂപപ്പെടേണ്ട പാരസ്പര്യത്തിന്റെ അനിവാര്യതയെ ഇതിലെ കഥകൾ അരക്കിട്ടുറപ്പിക്കുന്നു. അധിനിവേശ തന്ത്രങ്ങളിലൂടെ പ്രകൃതിയെ ഒരു വില്പനച്ചരക്കാക്കി മാറ്റുന്ന ഈ കാലത്തുനിന്ന് ഒരു സർക്കാർ ഉദ്യോഗസ്ഥന് ഇവ കുറിച്ചിടുക എളുപ്പമല്ല. അധികാരവും ധനവും ചേർന്ന് ചോർത്തിയെടുക്കുന്ന ജൈവനൈതികതയ്ക്കുമുന്നിൽ മറ്റെന്താണ് ഒരു മനുഷ്യന് ചെയ്യാനാവുക. തുടികൊട്ടി ഉറക്കെപ്പാടുന്ന പാണനാവാനെങ്കിലും ഈ എഴുത്തുകാരന് സാധിക്കുന്നുണ്ട്. കാലം ആ ഉറവ കൂടി ചോർത്താതിരിക്കട്ടെ! ●

# കുറിലേ തടാകത്തിലെ സാൽമണുകൾ



**മോഹൻ തോമസ്**

കുറെയേറെ നാളായിട്ട് മനസ്സിലേക്കു ചേക്കേറിയ ഒരു മോഹമായിരുന്നു റഷ്യ. കഴിഞ്ഞവർഷം സഫലീകരിക്കപ്പെട്ട ആ മോഹം ഒട്ടേറെ ത്രസിപ്പിക്കുന്ന ഓർമ്മകളിലൂടെ ഇന്നും മനസ്സിലുണ്ട്. വളരെ വ്യത്യസ്തമായ സംസ്കാരവും ജീവിതരീതികളുമുള്ള ഒരു രാജ്യത്ത് നിങ്ങളെ കാത്തിരിക്കുന്നത് ഏറ്റവും കൗതുകകരമായ കാഴ്ചകളായിരിക്കും. പ്രകൃതിരമണീയതയുടെ കാര്യത്തിലാണെങ്കിൽ റഷ്യ എന്നും നമ്മെ മോഹിപ്പിക്കുന്ന സ്ഥലമാണ്. പലപ്പോഴും കേട്ടിട്ടുപോലുമില്ലാത്ത ജനുസ്സുകളിലെ ജന്തു-ജീവി വൈവിധ്യം നമ്മെ അത്ഭുതപ്പെടുത്തുകതന്നെ ചെയ്യും. ഒരു പ്രകൃതി സ്നേഹി എന്ന നിലയിലും വന്യജീവികളുടെ ആരാധകൻ എന്നുള്ള നിലയിലും റഷ്യ എന്നെ ഒട്ടും നിരാശപ്പെടുത്തിയില്ലെന്നു മാത്രമല്ല, എന്നും ഓർമ്മിക്കാൻ കഴിയുന്ന ഹൃദ്യമായ കാഴ്ചകളാണ് എന്നെ കാത്തിരുന്നത്. നിങ്ങൾക്ക് എന്നെങ്കിലും ഇവിടം സന്ദർശിക്കാൻ അവസരമുണ്ടാവുകയാണെങ്കിൽ അത് ഒരിക്കലും നഷ്ടപ്പെടുത്തരുത്.

കഴിഞ്ഞ വർഷം ആദ്യം മുതൽ തന്നെ തവിടൻ കരടി (Brown/Grizzly Bear)യെ കാണുക എന്ന ആഗ്രഹം എന്നിൽ ഒരു ബാധയായി കയറിക്കൂടിയിരുന്നു. അലാസ്കയിലും റഷ്യയിലും യൂറോപ്പിലും കണ്ടുവരുന്ന ഈ കരടികളെ നേരിട്ടു കാണുക എന്നുള്ളതായിരുന്നു കഴിഞ്ഞ വർഷം ആഗസ്റ്റിൽ കംചട്കയിലേക്ക് യാത്ര ആസൂത്രണം ചെയ്തപ്പോൾ മനസ്സിലുണ്ടായിരുന്ന ആദ്യത്തെ മോഹം. കംചട്ക അതിസുന്ദരിയായ ഒരു ഭൂഭാഗമാണ്. കിഴക്കൻ റഷ്യയിലുള്ള കിടക്കുന്ന ഈ സ്ഥലം മൂന്നുവശവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്നു. ഇങ്ങോട്ട് നേരിട്ടുള്ള വിമാനം ഇല്ലാത്തതിനാൽ മോസ്കോ വഴിയായിരുന്നു യാത്ര. മോസ്കോ നഗരത്തിലെ മനോഹരവും അത്ഭുതകരവുമായ കാഴ്ചകളാസ്വദിച്ച് ഒരു ദിവസം അവിടെ തങ്ങി. ക്രെംലിൻ ഹാളും സെന്റ് പീറ്റേഴ്സ് ബസിലിക്കയുമെല്ലാം ചിത്രങ്ങളിൽ കണ്ടിട്ടുണ്ടെങ്കിലും നേരിട്ട് കാണുമ്പോഴുള്ള ആ പ്രൗഢിയും ഗാംഭീര്യവും വാക്കുകൾക്കതീതം. പിറ്റേന്ന് ഒരു ഡൊമസ്റ്റിക് ഫ്ളൈറ്റിൽ മോസ്കോയിൽ നിന്ന് പെട്രോപാവ്‌ലോസ്ക് എന്ന സ്ഥലത്തേക്കു പോയി. വലിയ മലകളുടെയും അഗ്നിപർവ്വതങ്ങളുടെയും നടുക്കാണ് ഈ മനോഹരഭൂമി. കാംചട്കയിലെ ഒരു പട്ടണമാണിത്. കാഴ്ചകൾ കാണുന്നതിനും പിറ്റേ ദിവസത്തെ കരടിസാമ്രാജ്യത്തിലേക്കുള്ള യാത്രയുടെ തയ്യാറെടുപ്പുകൾക്കുമായി അന്നത്തെ ദിവസം ചെലവഴിച്ചു.

**ക്രെംലിൻ ഹാളും സെന്റ് പീറ്റേഴ്സ് ബസിലിക്കയുമെല്ലാം ചിത്രങ്ങളിൽ കണ്ടിട്ടുണ്ടെങ്കിലും നേരിട്ട് കാണുമ്പോഴുള്ള ആ പ്രൗഢിയും ഗാംഭീര്യവും വാക്കുകൾക്കതീതം.**

ഹെലികോപ്റ്ററിൽ ഒരു മണിക്കൂർ യാത്രകൊണ്ട് കുറിലേ തടാകക്കരയിലെ മരം കൊണ്ടു പണികഴിപ്പിച്ച ഒരു വീട്ടിൽ ഞങ്ങൾ എത്തിച്ചേർന്നു. ആ മാന്ത്രികഭൂമിയിലേക്ക് കാലെടുത്തു വച്ചതേ പ്രകൃതിയുടെ ഏറ്റവും വന്യമായ സൗന്ദര്യത്തിന്റെ കുളിർകാഴ്ചകൾ ഞാനനുഭവിച്ചു തുടങ്ങി. മഞ്ഞിൽ പുതഞ്ഞ മലനിരകളാലും പുകയുയരുന്ന അഗ്നിപർവ്വതങ്ങളാലും വലയം ചെയ്യപ്പെട്ടതായിരുന്നു ആ വിശാലമായ തടാകം. അതിലെ ഏറ്റവും ശുദ്ധമായ വെള്ളമാകട്ടെ കടും നീലയായി കാണപ്പെട്ടു. നഗരങ്ങളുടെ അരോചകമായ ശബ്ദകോലാഹലങ്ങളിൽ നിന്നും ഏകാന്തതയുടെയും നിശ്ശബ്ദതയുടെയും മാസ്മരികമായ സ്വാസ്ഥ്യങ്ങളിലേക്കെത്തിച്ചേരുമ്പോൾ

Photos/Mohan Thomas









തവിടൻ കരടി   Brown/Grizzly Bear

നമ്മൾ ശാന്തിയുടെ അപാരമായ തലങ്ങളിലേക്ക് ഉയർത്തപ്പെടുന്നു. വർഷത്തിൽ അഞ്ചോ ആറോ ആഴ്ച മാത്രമാണ് ഇവിടേക്ക് പ്രവേശനമുള്ളത്. അതുകൊണ്ടുതന്നെ പ്രകൃതി അതിന്റെ ഏറ്റവും ശുദ്ധമായ പവിത്രമായ അവസ്ഥയിലാണിവിടെ. ജീവജാലങ്ങൾ യാതൊരു ശല്യങ്ങളുമില്ലാതെ സ്വച്ഛമായി സ്വതന്ത്രമായി വസിക്കുന്നു. ഉച്ചക്കു ശേഷം ബൂട്ടുകളൊക്കെയിട്ട് ക്യാമറകളുമേന്തി ഞങ്ങൾ യാത്ര തുടങ്ങി, തവിടൻ കരടിയെ കാണാൻ.

യൂറേഷ്യയിലും വടക്കൻ അമേരിക്കയിലുമാണ് പ്രധാനമായി തവിടൻ കരടികളെ

**വൈദ്യുതിയോ ആഡംബരങ്ങളോ ഇല്ലെങ്കിലും, ഈ ഒറ്റപ്പെട്ട സ്ഥലത്ത്, കുറിലേ തടാകത്തിലെ പരിശുദ്ധമായ നിലജലം പോലെ ഞങ്ങളുടെ ഹൃദയവും നിർമ്മലമായി.**



കൊലയാളിത്തിമിംഗിലങ്ങൾ   Killer whale

കണ്ടുവരുന്നത്. ഇവയ്ക്ക് 100 കിലോ മുതൽ 600 കിലോ വരെ തൂക്കമുണ്ടാകും. ശരാശരി 20-25 വർഷമാണ് ഇവ ജീവിച്ചിരിക്കുന്നത്. കഠിനമായ തണുപ്പു മൂലം ആറുമാസത്തോളം ഇവ പുറത്തിറങ്ങാറില്ല. വേനൽക്കാലത്ത് ധാരാളമായി ഇരതേടുകയും 180 കിലോയിലധികം ഭാരം ഈ കുറച്ചു മാസങ്ങൾകൊണ്ടു മാത്രം കൂടുകയും ചെയ്യാറുണ്ട്. ഈ സമയത്താണ് സാൽമൺ മത്സ്യങ്ങൾ കൂട്ടമായി കാണപ്പെടുന്നത്. സാൽമണുകളുടെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത അവ മുട്ടയിടാനായി അവയുടെ ജന്മസ്ഥലത്തേക്കുതന്നെ നീന്തിയെത്തുന്നു എന്നതാണ്. പ്രജനനകാലത്ത് ഇവ കടും ചുവപ്പുനിറത്തിലാവുകയും മുട്ടയിട്ടതിനു ശേഷം മരിക്കുകയും ചെയ്യുന്നു. കുറിലേ തടാകത്തിൽ ഈ സമയത്ത് പതിനായിരക്കണക്കിന് സാൽമണുകളാണ് എത്തിച്ചേരുക. സാൽമൺ മത്സ്യങ്ങളെ തിന്നുന്ന കരടികൾക്ക് ഇക്കാലത്ത് ഒരു സദ്യ തന്നെയാണ്.

തുടർന്നുള്ള മൂന്നു ദിവസങ്ങളിൽ ഞങ്ങൾക്ക് നൂറുകണക്കിന് കരടികളെ





കാണാനായി. ചുറ്റിനടന്ന് കളിക്കുന്ന വികൃതികൾ, കുഞ്ഞുങ്ങളെ പാലൂട്ടുന്ന അമ്മമാർ, സാൽമൺ മത്സ്യങ്ങളെ പിടികൂടി കടിച്ചു തിന്നുന്നവർ, വെറുതെ വെള്ളത്തിൽ കളിച്ചു തിമിർക്കുന്നവർ-കരടികളുടെ മേളം തന്നെ എങ്ങും. പ്രകൃതിയുടെ ഈ കുഞ്ഞുങ്ങൾ നമ്മുടെ മനസ്സു നിറയ്ക്കുമെന്നത് തീർച്ച. നഗരത്തിരക്കുകളിൽ നിന്നും ഏറെയകലെ, വൈദ്യുതിയോ ആഡംബരങ്ങളോ ഇല്ലെങ്കിലും, ഈ ഒറ്റപ്പെട്ട സ്ഥലത്ത്, കുറിലേ തടാകത്തിലെ പരിശുദ്ധമായ നീലജലം പോലെ ഞങ്ങളുടെ ഹൃദയവും നിർമ്മലമായി. നാലാം ദിവസം അവിടുന്ന് തിരിക്കുമ്പോൾ എന്റെ കണ്ണുനീർത്തുള്ളികളെയും കൂടി ആ തടാകം സ്വീകരിച്ചു. അത്രയ്ക്കും ആ സ്ഥലവുമായി ഞാൻ പ്രണയത്തിലായിരുന്നു.

തിരിച്ചു പോരുന്ന വഴി ചൊഡുദ്ക എന്ന ചൂടുവെള്ളമുള്ള അരുവിയിലെ കുളിയും നീന്തലും ഞങ്ങളെ പൂർവാധികം ഊർജ്ജസ്വലരാക്കി. മുത്നോവ്സ്കി അഗ്നിപർവതത്തിന്റെ പ്രാന്തപ്രദേശത്താണ് പിറ്റേദിവസം ഹെലികോപ്റ്റർ ഞങ്ങളെ ഇറക്കിയത്. അതിന്റെ ചില ഭാഗത്തുനിന്നും പുകപടലങ്ങൾ അപ്പോഴും പുറത്തുവരുന്നുണ്ടായിരുന്നു. ഈ കാഴ്ചകൾ കണ്ടുനടക്കേ നിമിഷങ്ങൾ വളരെപ്പെട്ടെന്നു പറന്ന് പിറ്റേന്ന് പസഫിക് സമുദ്രത്തിലേക്കുള്ള ഒരു കപ്പലിലേക്ക് ഞങ്ങൾ ചേക്കേറി. കപ്പലിൽ വച്ച്

**പ്രകൃതിയെയും അതിലെ ഓരോ ജീവജാലങ്ങളെയും സംരക്ഷിക്കേണ്ടതിന്റെ ഓർമ്മപ്പെടുത്തലും കൂടിയാവുന്നു ഇത്തരം ഓരോ യാത്രകളും.**

പല പുതിയ കാര്യങ്ങളും പരീക്ഷിച്ചു നോക്കാൻ ഞങ്ങൾക്ക് അവസരം കിട്ടി. മീൻപിടുത്തമായിരുന്നു ആദ്യത്തേത്. അന്നു രാത്രി അത്താഴത്തിനുവേണ്ട തിനേക്കാളധികം മീൻ ഞങ്ങൾക്ക് കിട്ടി. പിന്നീട് യാത്ര മുന്നേറിയപ്പോൾ ഞങ്ങൾക്ക് കടൽസിംഹങ്ങളേയും മറ്റനേകം കടൽജീവികളേയും കാണാൻ കഴിഞ്ഞു. കൊലയാളിത്തിമിംഗിലങ്ങളെയാണ് പിന്നെ കാണാൻ കഴിഞ്ഞത്.

ഫോട്ടോഗ്രാഫിയുടെ പുതിയ തലങ്ങളിലൂടെ ഈ മാസ്മരികമായ കാഴ്ചകളുടെയൊപ്പം സഞ്ചരിക്കാനായത് ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമായി കരുതുന്നു. ഒപ്പംതന്നെ പ്രകൃതിയെയും അതിലെ ഓരോ ജീവജാലങ്ങളെയും സംരക്ഷിക്കേണ്ടതിന്റെ ഓർമ്മപ്പെടുത്തലും കൂടിയാവുന്നു ഇത്തരം ഓരോ യാത്രകളും. ●

റെഡ് ഫോക്സ് Red Fox

Photos/Mohan Thomas



# മണ്ണൂലിയും ഇരുതലയൻ പാമ്പും

ഡോ. മുഹമ്മദ് ജാഫർ പാലോട്ട്

ബോയിഡേ (Boidae) കുടുംബത്തിൽ ഇന്ത്യയിൽ നാളിതുവരെ കണ്ടെത്തിയ മൂന്നിനം പാമ്പുകളും നമ്മുടെ കൊച്ചു കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയിൽ വളരെ സാധാരണയായി കാണുന്ന പാമ്പാണ് മണ്ണൂലി (Common Sand Boa, *Gongylophis conicus*). മണ്ണുതീനിപ്പാമ്പ്, മണ്ണുണ്ണിപ്പാമ്പ്, മണ്ഡലിപ്പാമ്പ് എന്നീ പേരുകളിലും അറിയപ്പെടുന്നുണ്ട്. പേരു സൂചിപ്പിക്കുന്നതുപോലെ മണ്ണിനടിയിൽ ഒളിച്ചിരിക്കാനാണ് കൂടുതൽ താല്പര്യം. പൂഴിയുള്ള സ്ഥലങ്ങളിലാണു പൊതുവെ കണ്ടുവരുന്നത്. മണ്ണിനടിയിൽ ഒളിച്ചിരിക്കാനുള്ള കട്ടിയുള്ള പരുപരുത്ത ശരീരമാണ് ഈ പാമ്പുകൾക്കുള്ളത്. സന്ധ്യാസമയത്താണ് സജീവമാകുന്നത്. മണ്ണിനുള്ളിൽ ഒളിച്ചിരുന്ന് കണ്ണുകൾ മാത്രം പുറത്ത് കാണിച്ച് ഇരയെ ചാടിപ്പിടിച്ച് ഞെരിച്ചമർത്തി ശ്വാസം മുട്ടിച്ചുകൊന്നാണ് വിഴുങ്ങുന്നത്. തവള, എലി, പക്ഷികൾ എന്നിവയാണ് പ്രധാന ആഹാരം. അണ്ണാറക്കണ്ണന്മാരെ തിന്നാൻ വലിയ ഇഷ്ടമാണ്. ശാന്തസ്വഭാവക്കാരനാണെങ്കിലും ഉപദ്രവിച്ചാൽ പട്ടി കടിക്കുന്നതു പോലെ കടിച്ചുപറിക്കും. നവംബർ മാസത്തോടെയാണ് പ്രജനനകാലം. കുഞ്ഞുങ്ങളെ പ്രസവിക്കുകയാണ് പതിവ്. ഒരു പ്രസവത്തിൽ 23 കുട്ടികൾ വരെ കാണും. ത്രികോണാകൃതിയിലുള്ള തലയും ശരീരത്തിന്റെ നിറവും പാടുകളും അണലിപ്പാമ്പിനോട് (Russel's Viper) സാദൃശ്യമുള്ളതിനാൽ പലപ്പോഴും ഈ പാമ്പിനെ കൊല്ലാറുണ്ട്. വിദേശരാജ്യങ്ങളിൽ മണ്ണൂലി പാമ്പിനെ ഓമനകളായി (Pet) വളർത്തുന്നതിനാൽ നല്ല ഡിമാന്റാണ്. ഒരു കാലത്ത് തോലിനുവേണ്ടി മണ്ണൂലിപ്പാമ്പിനെ ധാരാളമായി വേട്ടയാടിയിരുന്നു. ഇന്ത്യ, പാക്കിസ്ഥാൻ, ശ്രീലങ്ക എന്നീ രാജ്യങ്ങളിലെ വരണ്ട പ്രദേശങ്ങളിലാണ് ഇവയെ കാണുന്നത്.

2013 ജൂലൈയിൽ വടകരയിൽ നിന്നും ശരിക്കും രണ്ട് തലയുള്ള മണ്ണൂലിപ്പാമ്പിന്റെ കുട്ടിയെ കിട്ടിയിരുന്നു. 20 സെ.മീ. വലുപ്പത്തിലുള്ള പാമ്പിന് മൂന്നു സെ.മീ. വീതമുള്ള രണ്ട് തലകൾ ഉണ്ടായിരുന്നു. വലതു ഭാഗത്തുള്ള തല താരതമ്യേന വലുതും സജീവവുമായിരുന്നു. രണ്ടു തലകൾ തമ്മിൽ ചെറിയ രീതിയിലുള്ള മത്സരവുമുണ്ടായിരുന്നു. രണ്ടാഴ്ചകാലത്തുള്ള ജീവിതത്തിൽ രണ്ട് ചെറിയ പല്ലിക്കുഞ്ഞുങ്ങളെ മാത്രമാണ് ഭക്ഷിച്ചിരുന്നത്.



മണ്ണൂലിയെക്കാൾ വലുതാണ് വാലും തലയും ഒരു പോലിരിക്കുന്ന ഇരുതലയൻ പാമ്പ് (Red Sand Boa, *Eryx johnii*). ഈ പാമ്പിന് ഇരട്ടത്തലയൻ, എണ്ണപ്പാമ്പ്, ഇരുതലയൻ മൂരി എന്നീ പേരുകളുമുണ്ട്. തിളങ്ങുന്ന ചെമ്പിച്ച തവിട്ടുനിറത്തിലുള്ള ശരീരത്തിൽ എണ്ണമയം കാണും. മണ്ണിനടിയിൽ ഒളിച്ചിരിക്കുന്ന ഇവയുടെ പ്രധാന ഭക്ഷണം പക്ഷികളും എലികളുമാണ്. ഈ പാമ്പിന് രണ്ട് തലയുണ്ടെന്നും ഓരോ തലയും ആറുമാസം കൂടുമ്പോൾ മാറിമാറി ഉപയോഗിക്കുമെന്നും വിശ്വസിക്കുന്നവരുണ്ട്. പാമ്പാട്ടികൾ ഇവയുടെ തടിച്ചുരുണ്ട വാലിൽ കണ്ണും വായും വരച്ചു ചേർത്ത് രണ്ടുതലയുള്ള പാമ്പാക്കി ആളുകളെ പറ്റിക്കാറുണ്ട്! കുഞ്ഞുങ്ങളെ പ്രസവിക്കുന്ന ഇനമാണ് ഇവ. മഴക്കാലത്താണ് പ്രസവം. ഒരു പ്രസവത്തിൽ 6–8 കുഞ്ഞുങ്ങളുണ്ടാവും. ഇരുതലയൻ പാമ്പ് ഒരിക്കൽ കടിച്ചാൽ അതേ സ്ഥലത്തു തന്നെ വീണ്ടും കടിക്കുമെന്ന അന്ധവിശ്വാസവും ചിലയിടങ്ങളിലുണ്ട്. ഇന്ത്യ, പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ഇറാൻ, നേപ്പാൾ എന്നീ രാജ്യങ്ങളിൽ ഈ പാമ്പിനെ കണ്ടെത്തിയിട്ടുണ്ട്.

വീട്ടിൽ വളർത്തിയാൽ ഐശ്വര്യമുണ്ടാകുമെന്നും ഇവയുടെ വയറ്റിൽ വിലകൂടിയ ലോഹങ്ങളുണ്ടെന്നുമുള്ള അന്ധവിശ്വാസങ്ങൾ ഈ പാമ്പിനെ കണ്ടമാനം പിടികൂടുന്നതിനു കാരണമാകുന്നുണ്ട്. തിരുവനന്തപുരം മൃഗശാലയിൽനിന്നും, പൂജപ്പുര ആയുർവ്വേദ ആശുപത്രിയിലെ ലബോറട്ടറിയിൽനിന്നും ഈ പാമ്പിനെ മോഷ്ടിച്ചിട്ടുണ്ട്.

മണ്ണൂലിപ്പാമ്പുകളോട് ഏറെ സാദൃശ്യമുള്ള മറ്റൊരിനം പാമ്പിനെ 1991-ൽ മംഗലാപുരത്തു വച്ച് Dr. Indraneil Das കണ്ടെത്തുകയുണ്ടായി. പ്രശസ്ത പാമ്പു ഗവേഷകനായ റോമുലസ് വിറ്റേക്കറിന്റെ ബഹുമാനാർത്ഥം ഈ പാമ്പിനെ Whitaker's Sand Boa (*Eryx whitakeri*) എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. തീരപ്രദേശത്തുള്ള പൂഴി സ്ഥലങ്ങളിലാണ് ഈ പാമ്പ് വസിക്കുന്നത്. കേരള, ഗോവ, കർണ്ണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ ഈയടുത്ത കാലത്തായി കണ്ടെത്തിയിട്ടുമുണ്ട്. മണ്ണൂലിപ്പാമ്പിൽ നിന്നും വ്യത്യസ്തമായി ഇരുണ്ട നിറവും ചെറിയ തലയും നീളം കുറഞ്ഞ ശരീരവുമാണ്. ഇഷ്ടഭക്ഷണം ചുണ്ടെലികളാണ്. പ്രജനനരീതികളും മറ്റു സ്വഭാവങ്ങളുമൊക്കെ മണ്ണൂലിപ്പാമ്പിനെ പോലെതന്നെയാണ്. ●

മണ്ണൂലി Common Sand Boa Photo/ Dr Mohammed Jafer Palot







# ഒടുക്ക്

ഒടുക്ക് *Cleistanthus collinus* Photos/ K Sajuraj

**ആർ. വിനോദ്കുമാർ**

യൂഫോർബിയേസീ (ഫില്ലാന്തേസീ) കുടുംബത്തിലെ കൊടിയ വിഷം പേറുന്ന ഇലപൊഴിക്കുന്ന ചെറുമരമാണ് ഒടുക്ക് (*Cleistanthus collinus*). ഇത് 5–10 മീറ്റർ ഉയരത്തിൽ വളരുന്നു. ഇലപൊഴിയും കാടുകളിലും അർദ്ധനിത്യഹരിത വനങ്ങളിലും വനത്തിനോടു ചേർന്ന നനവാർന്ന നാട്ടിൻപുറങ്ങളിലും കാണപ്പെടുന്നു. കേരളത്തിലെ ചെങ്കൽ നിറഞ്ഞ ഇലപൊഴിയും വനമേഖലകളാണ് ഇവയ്ക്കു വളരാൻ പറ്റിയത്. ചെറിയരീതിയിലുള്ള വരൾച്ചയും കടുത്തമഞ്ഞും കുറച്ചെല്ലാം സഹിക്കാൻ കഴിവുണ്ട്. പൊതുവെ ദക്ഷിണേന്ത്യയിലെ മഴ കുറവുള്ള മേഖലകളിൽ വളരുന്നു. ശ്രീലങ്കയിലും ഈ മരം കാണപ്പെടുന്നുണ്ട്. ഒടുവൻ, നിലപ്പാല എന്നീ പേരുകളിലും ഇവ അറിയപ്പെടുന്നു. ഇതിന്റെ ഇലയും ഫലവും കടുത്ത വിഷാംശമുള്ളതാണ്. ഇലകൾക്കാണ് കൂടുതൽ വിഷമുള്ളത്. ഇത് മനുഷ്യശരീരത്തിൽ അമിതമായി എത്തിയാൽ മരണം വരെ സംഭവിക്കാം. എങ്കിലും ഈ മരം മധ്യകേരളത്തിലെ ചില വീടുകളിൽ വളരുന്നുണ്ട്. ശാഖോപശാഖകളായി, ധാരാളം ഇലകളോടെയാണ് പൊതുവെ ഇവയുടെ വളർച്ച.

സാമാന്യം കട്ടിയുള്ള പുറന്തൊലിയാണിതിനുള്ളത്. തൊലിയുടെ ഉൾഭാഗത്തിന് വശ്യമായ ചുവപ്പാണ്. തൊലി പൊഴിക്കാറുണ്ട്. പ്രായമായ മരത്തിന്റെ തൊലിയിൽ ചില അടയാളങ്ങളുണ്ടാവും. അനുപർണങ്ങളുള്ള ഇലകൾക്ക് ശരാശരി ഒമ്പത് സെ.മീ. നീളവും അഞ്ചു സെ.മീ വീതിയുമുണ്ടാവും. ഇവ ഏകാന്തരമായി വിന്യസിച്ചിരിക്കും. പത്രഫലകത്തിന് അണ്ഡാകൃതിയോ ദീർഘവൃത്താകൃതിയോ ആയിരിക്കും. കടുത്ത പച്ചനിറമുള്ള ഇലകൾ പൊതുവെ ആകർഷകങ്ങളാണ്. ഇലഞെട്ടിന് ഒരു സെ.മീറ്ററോളം നീളമുണ്ടാവും.

പൂക്കാലം ആരംഭിക്കുന്നത് വേനൽക്കാലത്താണ്. ചെറിയ പൂവിന് പച്ചകലർന്ന മഞ്ഞനിറം. ആൺ-പെൺപൂക്കൾ ഒരേ മരത്തിലുണ്ടാകുന്നു. ഏകലിംഗപുഷ്പം. ദളവും കർണ്ണങ്ങളും അഞ്ച്-ആറ് എണ്ണം കാണപ്പെടുന്ന ഇവയുടെ ബാഹ്യദളപുടത്തിന് അര സെ.മീറ്ററോളം നീളമുണ്ടാകും. കേസരങ്ങളും അഞ്ചോ ആറോ ഉണ്ടാവും. മൂന്നറകളും ഒരോന്നിലും ഈരണ്ടു ബീജാണ്ഡങ്ങളുമുള്ള അണ്ഡാശയം ഊർധ്വവർത്തിയാണ്. 1.5–2 സെ.മീറ്റർ വ്യാസമുള്ള ഫലം ബെറിയാണ്. ഇതിന് തവിട്ടുനിറം. പൊതുവെ പുനരുത്ഭവം കുറവാണ്. നല്ല നനവാർന്ന മണ്ണിലാണ് വിത്തു മുളയ്ക്കുന്നത്. തൈകൾക്ക് മിതമായ രീതിയിൽ സൂര്യപ്രകാശം ലഭിക്കണം.

ഒടുക്കിന് കാതലും വെള്ളയും കാണാവുന്നതാണ്. കാതലിന് ഇരുതവിട്ടു നിറം. തടിയ്ക്കു ഭാരവും കടുപ്പവും ബലവുമുണ്ട്. എന്നാൽ ഈട് കുറവാണ്. എങ്കിലും പലതരം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്. വിറകായിട്ടും ഇത് പ്രയോജനപ്പെടുത്തുന്നുണ്ട്. ഇതിന്റെ ഇലകളോ ഇലയുടെ സ്വരസമോ ശരീരത്തിനുള്ളിൽ ചെന്നാൽ കിഡ്നിത്തകരാറുകളും നാഡീതളർച്ചയും ഉണ്ടാകും. അധികമാത്രയിൽ മരണവും സംഭവിക്കാം. മത്സ്യങ്ങളെ പിടിക്കാൻ ചില പ്രദേശങ്ങളിൽ ഇതിന്റെ ഇല ഉപയോഗിക്കുന്നുണ്ട്. ●



# കൊടുവേലി

വി.സി. ബാലകൃഷ്ണൻ

കൊടുവേലി എന്ന സസ്യത്തെക്കുറിച്ച് ധാരാളം കഥകളും വിശ്വാസങ്ങളുമുണ്ട്. പണ്ടുകാലത്ത് പ്രയോഗത്തിലുണ്ടായിരുന്നുവെന്ന് കരുതപ്പെടുന്ന ഒടിവിദ്യയിൽ ഒടിയൻ ഗർഭിണികളെ വശീകരിക്കാൻ ഉപയോഗിച്ചിരുന്നത് കൊടുവേലിക്കിഴങ്ങാണത്രെ! ഇപ്രകാരം വശീകരിക്കപ്പെടുന്ന ഗർഭിണികളുടെ ഭ്രൂണം ഉപയോഗിച്ചാണ് 'പിള്ളതൈലം' ഉണ്ടാക്കിയിരുന്നതെന്നും ചിലർ കരുതിയിരുന്നു.

അഗ്നിമാന്ദ്യം മൂലമുള്ള രോഗങ്ങളുടെ ചികിത്സയിൽ പ്രധാനമായി ഉപയോഗിക്കുന്ന ഔഷധ സസ്യമാണ് കൊടുവേലി. പ്രധാനമായും മൂന്നിനം കൊടുവേലിയാണുള്ളത്. കറുത്ത പൂക്കളും മഞ്ഞപ്പൂക്കളും ഉണ്ടാകുന്ന കൊടുവേലിയിനങ്ങൾ കൂടി ഉണ്ടായിരുന്നതായി അഷ്ടാംഗഹൃദയത്തിൽ സൂചനയുണ്ട്. ഇതിൽ വെളുത്ത കൊടുവേലിയും ചുവന്ന കൊടുവേലിയുമാണ് ഔഷധാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്. പകരക്കാരനായി ചിലപ്പോൾ നീലക്കൊടുവേലി ഉപയോഗിക്കുന്നതായും പറയപ്പെടുന്നു.


തുമ്പക്കൊടുവേലി Ceylon Leadwort

### തുമ്പക്കൊടുവേലി/വെള്ളക്കൊടുവേലി

ഉഷ്ണമേഖലാ പ്രദേശങ്ങളിൽ സ്വാഭാവികമായി വളർന്ന ഈ കുറ്റിച്ചെടി ഇലപൊഴിയും വനങ്ങളിലും സമതലങ്ങളിലും കാണപ്പെടുന്നു. ഔഷധത്തോട്ടങ്ങളിൽ നട്ടുപിടിപ്പിക്കാറുമുണ്ട്. അഞ്ചടിയോളം ഉയരത്തിൽ വളരുന്നു. അഞ്ചോ ആറോ സെ.മീ. വലുപ്പമുള്ള അണ്ഡാകാരത്തിലുള്ള ഇലകൾ ഏകാന്തരക്രമത്തിൽ വിന്യസിച്ചിരിക്കും. പൂങ്കുല ശാഖാഗ്രങ്ങളിലാണ് ഉണ്ടാകുന്നത്. ജൂൺ-ആഗസ്ത് മാസങ്ങളാണ് പൂക്കാലം. വെളുത്ത അഞ്ചു ദളങ്ങളാണ് പൂക്കൾക്ക്. ബാഹ്യദളപുടം (Calyx) അല്പം നീണ്ടതും പശയുള്ള പദാർത്ഥം സ്രവിക്കുന്ന ഗ്രന്ഥികളോടുകൂടിയതുമാണ്.

Plumbagina സസ്യകുടുംബത്തിൽ ഉൾപ്പെടുന്ന തുമ്പക്കൊടുവേലിയുടെ ശാസ്ത്രനാമം *Led coloured* എന്നാണ്. കാരീയത്തിന്റെ നിറമുള്ളത് (Plumbago zeylamica) എന്ന പദത്തിൽ നിന്നാണ് ഇതിന്റെ ജനുസ്സ് നാമം ലഭിച്ചിരിക്കുന്നത്. ഈ ജനുസ്സിൽപ്പെട്ട സസ്യങ്ങളിൽ കാൻസറിനെ പ്രതിരോധിക്കാൻ ശേഷിയുള്ള പ്ലംബാജിൻ എന്ന വസ്തു അടങ്ങിയിട്ടുണ്ട്. White Plumbago, Ceylon Leadwort, Doctor bush എന്നിവയാണ് ഇംഗ്ലീഷ് നാമങ്ങൾ. ഏതാണ്ട് 2500 വർഷങ്ങൾക്കുമുമ്പു മുതൽ തന്നെ ഇന്ത്യയിലും ചൈനയിലും ഇത് ഔഷധമായി ഉപയോഗിച്ചുവരുന്നുണ്ട്. സീബ്ര നീലി (Zebra Blue) എന്ന ചിത്രശലഭത്തിന്റെ ലാർവാ ഭക്ഷണ സസ്യം കൂടിയാണിത്.

ചെത്തിക്കൊടുവേലി Indian Leadwort

Photos/VC Balakrishnan



### ചെത്തിക്കൊടുവേലി

തെക്കുകിഴക്കൻ ഏഷ്യൻ മേഖലയിൽ കാണപ്പെടുന്ന ഈ കുറ്റിച്ചെടി ഔഷധാവശ്യങ്ങൾക്കായി തോട്ടങ്ങളിൽ നട്ടുപിടിപ്പിക്കാറുണ്ട്. തോട്ടത്തിനു പുറത്ത് ചിലപ്പോൾ വളർന്നു കാണാറുണ്ട്.

ഏതാണ്ട് രണ്ടു മീറ്റർ വരെ ഉയരത്തിൽ വളരുന്ന ചെത്തിക്കൊടുവേലിയുടെ ഇലകൾ ഏകാന്തരക്രമത്തിൽ വിന്യസിച്ചിരിക്കുന്നു. വെള്ളക്കൊടുവേലിയുടെ ഇലകളേക്കാൾ വലുപ്പമുള്ള ഇലകളുടെ അരിക് തരംഗിതമായിരിക്കും. പൂങ്കുലകൾ തണ്ടിന്റെ അഗ്രഭാഗത്തോ പത്രകക്ഷങ്ങളിൽ നിന്നോ ഉണ്ടാകുന്നു. കടുംചുവപ്പുനിറമുള്ള അഞ്ച് ഇതളുകളുള്ള പൂക്കൾ ഭംഗിയുള്ളതാണ്. വേര് കിഴങ്ങുപോലെ വണ്ണമുള്ളതാണ്. *Plumbago indica* എന്നാണ് ശാസ്ത്രനാമം.

**നീലക്കൊടുവേലി**

ഉദ്യാനസസ്യമായി വച്ചുപിടിപ്പിക്കാറുള്ള നീലക്കൊടുവേലിയുടെ പൂക്കൾക്ക് ഇളം നീലനിറമാണ്. വെള്ളക്കൊടുവേലിയുടെ ഇലകളേക്കാൾ ചെറുതാണ് ഇതിന്റെ ഇലകൾ. *Plumbago auriculsta* എന്നാണ് ശാസ്ത്രീയനാമം. ഇംഗ്ലീഷിൽ Cape Leadwort എന്നറിയപ്പെടുന്നു. വെള്ള-ചെത്തിക്കൊടുവേലികൾക്ക് പകരമായി ചിലപ്പോൾ ഇതിന്റെ വേരുകൾ ഉപയോഗിക്കാറുണ്ട്. സീബ്രനീലി എന്ന ചിത്രശലഭത്തിന്റെ ലാർവയുടെ ആഹാരസസ്യമാണിത്.

തുമ്പക്കൊടുവേലിയും ചെത്തിക്കൊടുവേലിയും ഒരുപോലെ ഔഷധാവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നു. അഗ്നിമാന്ദ്യം മൂലമുള്ള രോഗങ്ങൾക്കുള്ള ഔഷധങ്ങളിൽ പ്രധാനമാണ് കൊടുവേലി. ചിത്രക, അഗ്നി, അനലനാമം, വ്യാളം, കുഷ്ഠാകു എന്നീ സംസ്കൃതനാമങ്ങളാൽ ഇവ അറിയപ്പെടുന്നു. വേരിന്മേൽ തൊലി, വേര് എന്നിവയാണ് ഔഷധയോഗ്യഭാഗങ്ങൾ. വേരിന്റെ നാര് കളഞ്ഞാണ് ഉപയോഗിക്കുന്നത്.



നീലക്കൊടുവേലി Cape Leadwort

കുഷ്ഠം തുടങ്ങിയ കഠിന ത്വക്ക് രോഗങ്ങൾക്ക് ഔഷധമായി ഉപയോഗിക്കാറുണ്ട്. അർശ്ശസ്, പ്ലീഹോദരം, ഗുന്മം, കുഷ്ഠം തുടങ്ങിയ രോഗചികിത്സയിൽ ഉപയോഗിക്കുന്ന 'ചിത്രകഗുള'ത്തിലെ പ്രധാന ചേരുവ കൊടുവേലിയാണ്. കൂടാതെ ചിത്രകാദികഷായം, ചിത്രകഗ്രന്ഥികാദികഷായം പിണ്ഡാരിഷ്ടം, ദന്ത്യാരിഷ്ടം, പ്രജകതൈലം തുടങ്ങിയ ഔഷധങ്ങളിലും ഉപയോഗിക്കുന്നു. തിരണ്ടിമത്സ്യത്തിന്റെ വിഷത്തിന് കൊടുവേലി പ്രത്യൗഷധമായി ഉപയോഗിക്കുന്നു.

ഉള്ളിൽക്കഴിക്കുന്ന മരുന്നുകളിൽ ചേർക്കുമ്പോൾ കൊടുവേലിവേര് ശുദ്ധിചെയ്തുമാത്രമേ സാധാരണയായി ഉപയോഗിക്കാറുള്ളു. ചുണ്ണാമ്പുവെള്ളത്തിലിട്ടു വച്ചോ എരുമച്ചാണകനീറ്റിൽ പുഴുങ്ങിയോ ആണ് ശുദ്ധിചെയ്യുന്നത്. ചെത്തിക്കൊടുവേലിക്ക് തുമ്പക്കൊടുവേലിയേക്കാൾ വീര്യമുണ്ട്. ●





മുള്ളൻ പാവൽ Malabar osteobrama Photo/ Anwar Ali

# മുള്ളൻ പാവൽ

**അൻവർ അലി, ഡോ. രാജീവ് രാഘവൻ**

നമ്മുടെ അരുവികളിൽ വിരളമായി കാണപ്പെടുന്നതും മുള്ളൻ പാവൽ, മുള്ളൻ പരൽ എന്നീ പ്രാദേശിക നാമങ്ങൾ ഉള്ളതുമായ ഈ മത്സ്യയിനം ശുദ്ധജല മത്സ്യ കുടുംബമായ സൈപ്രിനിഡേയിലെ അംഗമാണ്. വളരെ ആകർഷകമായ നിറഭേദങ്ങളോടു കൂടിയ ഈ മത്സ്യത്തിന്റെ ശാസ്ത്രീയ നാമം *Osteobrama bakeri* എന്നാണ്. ഫ്രാൻസിസ് ഡേ എന്ന ജന്തുശാസ്ത്രജ്ഞൻ 1873-ൽ കോട്ടയത്ത് നിന്നുമാണ് ഈ മത്സ്യത്തെ ആദ്യമായി വിവരണം ചെയ്തത്. തനിക്ക് ഈ മത്സ്യത്തെ സംഭാവന നല്കിയ ഫാദർ ഹെന്റി ബേക്കറിനോടുള്ള ആദരണാർത്ഥം ഫ്രാൻസിസ് ഡേ, മുള്ളൻ പാവലിന് Bakeri എന്ന സ്പീഷിസ് നാമം നല്കുകയായിരുന്നു. പശ്ചിമഘട്ടത്തിന് തികച്ചും തദ്ദേശീയമായ ഈ മത്സ്യയിനം കേരളത്തിലേയും കർണാടകത്തിലേയും പടിഞ്ഞാറോട്ടൊഴുകുന്ന പ്രബല നദികളിലെ ആവാസവ്യവസ്ഥയിൽ കാണപ്പെടുന്നു. ഇവയെ ഭക്ഷ്യ മത്സ്യമായും അലങ്കാര മത്സ്യമായും കണക്കാക്കി ഉപയോഗിച്ചുവരുന്നു. അലങ്കാര മത്സ്യ വിപണിയിലെ ഇവയുടെ വാണിജ്യ നാമം 'മലബാർ ഓസ്റ്റിയോബ്രാമ' എന്നാണ്.

ചതുഷ്കോണാകൃതിയിൽ വശങ്ങളിൽനിന്ന് നന്നെ പതിഞ്ഞ ശരീരം, കുറുകിയതും മുൻഭാഗത്തേക്ക് കൂർത്തിരിക്കുന്നതുമായ തല, താടിയിലെ രണ്ടു ജോഡി തൊങ്ങലുകൾ, അറക്കവാളിന്റെ അരികുകളോടു സമാനമായ പിൻഭാഗത്തോടുകൂടിയ മേൽചിറകിലെ മുള്ള്, ശരീരം മുഴുവൻ ആവരണം ചെയ്തുകൊണ്ടുള്ള തിളക്കമുള്ള ചെറിയ ശല്ക്കങ്ങൾ, 44 ശല്ക്കങ്ങളാൽ പൂർത്തീകരിക്കപ്പെട്ട പാർശ്വരേഖാവ്യൂഹം, മേൽച്ചിറകിന് മുമ്പിലുള്ള 15-ഓളം ശല്ക്കങ്ങൾ എന്നിവ ഈ മത്സ്യത്തെ തിരിച്ചറിയുന്നതിനുള്ള ബാഹ്യലക്ഷണങ്ങളാണ്. വെള്ളിനിറത്തിലുള്ള ശല്ക്കങ്ങളാൽ ആവരണം ചെയ്യപ്പെട്ട ശരീരത്തിൽ മേൽച്ചിറകിന്റെയും വാൽച്ചിറകിന്റെയും അഗ്രഭാഗങ്ങൾ ചുവപ്പുകലർന്ന ഓറഞ്ച് നിറത്തിൽ കാണപ്പെടുന്നു.

ആഴം കൂടിയതും വൃക്ഷത്തലപ്പുകൾ തണൽ തീർക്കുന്നതുമായ നദീഭാഗങ്ങളിൽ നിവസിക്കുന്ന ഇവ കൂട്ടമായാണ് സഞ്ചരിക്കുന്നത്. മിശ്രഭുക്കായ ഇവ ക്ലാഡോസെറ, കോപ്പിപോഡ എന്നീ വിഭാഗങ്ങളിൽപെട്ട സൂക്ഷ്മ അകശേരുകികൾ, ജലപ്രാണികൾ, ജലസസ്യഭാഗങ്ങൾ, ആൽഗകൾ എന്നിവ ആഹരിച്ചാണ് വളരുന്നത്. കുഞ്ഞുങ്ങൾ പ്രധാനമായും ജന്തുപ്ലവകങ്ങൾ, സൂക്ഷ്മ വിരകൾ എന്നിവയെ ആഹാരമാക്കുന്നു. ജീവിതകാലയളവിൽ പരമാവധി 18 സെന്റിമീറ്റർ നീളം വയ്ക്കുന്ന ഇവ ഏകദേശം 11 സെന്റിമീറ്റർ വലിപ്പമെത്തുമ്പോഴേക്കും ലിംഗഭേദമന്യേ ലൈംഗികപക്വത കൈവരിക്കുകയും പ്രത്യുത്പാദനസജ്ജരാകുകയും ചെയ്യുന്നു. പ്രധാനമായും തെക്കു-പടിഞ്ഞാറൻ മഴക്കാലത്തും വടക്കു-കിഴക്കൻ മഴക്കാലത്തുമാണിവ പ്രജനനം നടത്തുന്നത്. പക്വതയെത്തിയ മുട്ടയ്ക്ക് ശരാശരി 800 μm വലിപ്പമുണ്ടാകും.

പ്രകൃത്യാലുള്ള ലഭ്യത കുറവാണെങ്കിലും 12 സെന്റിമീറ്ററിനും 13 സെന്റിമീറ്ററിനും ഇടയിൽ വലിപ്പമുള്ളവയെയാണ് പ്രധാനമായും വേട്ടയാടപ്പെടുന്നത്. വീശുവല, ഉടക്കുവല എന്നീ മത്സ്യബന്ധന ഉപാധികളുപയോഗിച്ചാണിവയെ പിടിക്കുന്നത്. വിഷവസ്തുക്കൾ കലക്കിയും സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചുമുള്ള മത്സ്യബന്ധനരീതികൾ, വിവിധതരം മലിനീകരണം, വിദേശ മത്സ്യങ്ങളുടെ കടന്നുകയറ്റം എന്നിവ ഇവ ആവാസ വ്യവസ്ഥയിൽ നേരിടുന്ന ഭീഷണികളാണ്. ●

# കാക്കമരംകൊത്തി



കാക്ക മരംകൊത്തി
White-bellied Woodpecker
Photo/Varun H. B

പ്രവീൺ ജെ.

പക്ഷികളുടെ ലോകത്തേക്ക് ആളുകളെ ആകർഷിക്കുന്നത് അവയുടെ മനോഹാരിതയും ചിലപ്പോഴൊക്കെ അവയുടെ അരുമത്വവുമായിരിക്കും. പക്ഷേ, അതിലുമേറെ ആശ്ചര്യം ജനിപ്പിക്കുന്നത് ഇവയിൽ ചിലരുടെ ഗാംഭീര്യമാണ്. അത്തരത്താൽ ഗാംഭീര്യം കൊണ്ട് നമ്മെ ആകർഷിക്കുന്ന ഒരു പക്ഷിയാണ് കാക്ക മരംകൊത്തി (White-bellied Woodpecker). മരംകൊത്തിയിനത്തിലെ ഏറ്റവും വലിയവരായ ഇവയുടെ ഉച്ചത്തിലുള്ള 'ചെണ്ട'കൊട്ടൽ കേൾക്കാതെ അല്ലെങ്കിൽ ഇവയെ കാണാതെ കാട്ടിലേക്കുള്ള പക്ഷിനിരീക്ഷണയാത്ര ഒരിക്കലും പൂർണ്ണമാവുകയില്ല.

മലയാളത്തിലുള്ള ഈ പക്ഷിയുടെ പേരും പഴയ ഇംഗ്ലീഷ്പേരും (Black Woodpecker) സൂചിപ്പിക്കുന്നതുപോലെ കാക്കമരംകൊത്തിയുടെ ശരീരം പകുതിയിലധികം കറുപ്പുനിറം ആണ്. അടിവയർ വെള്ളനിറമാണ്. ഏതാണ്ട് നാട്ടുമരംകൊത്തിയുടെ ഇരട്ടിവലിപ്പം ഉണ്ട് ഈ പക്ഷിക്ക്. ഉളിപോലെയുള്ള കൊക്കിന് ചാരനിറം കലർന്ന കറുപ്പാണ്. മങ്ങിയ പച്ചനിറമാണ് കൊക്കിന്റെ അടിവശത്തുള്ളത്. കടുത്ത മഞ്ഞനിറമുള്ള മിഴിപടലം പെട്ടെന്ന് നമ്മുടെ ശ്രദ്ധയെ ആകർഷിക്കും. നെറ്റിത്തടം മുതൽ തലയുടെ പിറകുവശം വരെ കാണപ്പെടുന്ന ഒരു 'രക്തവർണ്ണ കിരീടം' ആൺപക്ഷിയുടെ പ്രത്യേകതയാണ്. എന്നാൽ പെൺപക്ഷിയ്ക്ക് ഇത് പിടലിയിൽ മാത്രമേ ഉള്ളൂ.

തെക്കുകിഴക്കേ ഏഷ്യൻ രാജ്യങ്ങളിൽ ഉള്ള ഇവയുടെ സാന്നിദ്ധ്യം, ഗുജറാത്തിലെ സൂറത്ത് ഡാങ്ക്സ് മലകൾ തുടങ്ങി മദ്ധ്യേന്ത്യയിലും ചോട്ടാ നാഗ്പൂർ പീഠഭൂമികളിലും കാണപ്പെടുന്ന ഒറ്റപ്പെട്ട ഇടങ്ങളിലൂടെ, പശ്ചിമഘട്ടങ്ങളിൽ കാണപ്പെടുന്നവയുമായി

ബന്ധപ്പെട്ടു കിടക്കുന്നുണ്ട്. ഇത് സൂചിപ്പിക്കുന്നത് ഒരുകാലത്ത് പശ്ചിമഘട്ടത്തിൽ തുടങ്ങി ഇവയുടെ സാന്നിദ്ധ്യം മ്യാന്മാർ (Myanmar)വരെ നീണ്ടിരുന്നു എന്നാണ്. അതുമല്ലെങ്കിൽ തെക്കുകിഴക്കനേഷ്യൻ ഭാഗത്തു നിന്ന് ഈ ഭൂവിഭാഗങ്ങളിലൂടെ ഇവ പശ്ചിമഘട്ടമലനിരകളിൽ എത്തിച്ചേർന്നിരിക്കാം എന്നുമാണ്. അത്ര സാധാരണമല്ലാത്ത ഈ പക്ഷിവിഭാഗത്തിന്റെ എണ്ണം പശ്ചിമഘട്ടത്തിൽ ആകെ 4800 ജോടികൾ ആയി ചുരുങ്ങിയിട്ടുണ്ട്. കേരളത്തിൽ ഇവയെ സ്ഥിരമായി കാണാവുന്ന സ്ഥലങ്ങൾ സൈലന്റ്‌വാലി, പറമ്പിക്കുളം, പെരിയാർ, വയനാട്, തട്ടേക്കാട്, നെല്ലിയാമ്പതി, ഇടമലയാർ, വാഴച്ചാൽ, കുളത്തൂപ്പുഴ, നിലമ്പൂർ എന്നീ വനമേഖലകളാണ്.

വളരെ ദൂരം കേൾക്കാവുന്ന ഇവയുടെ 'ചെണ്ടകൊട്ടുന്ന പോലുള്ള ശബ്ദം' (Drumming) കൂടാതെ 'കിയോവ' എന്ന ശബ്ദത്തിൽ തുടങ്ങി 'കെക്..എക്..എക്..എക്..എക്..' എന്നോ 'ക്യോ.. ക്യോ .. ക്യോ .. ക്യോ.' എന്ന ശബ്ദങ്ങളോ ഇവ ഉണ്ടാക്കാറുണ്ട്. ഉറുമ്പുകൾ, കൃമികൾ, വണ്ടുകൾ, ലാർവകൾ തുടങ്ങി തേനീച്ചകളെ വരെ ഇവ ആഹാരമാക്കാറുണ്ട്. സാധാരണ ഒറ്റയായോ ഇണകളായോ കാണപ്പെടുന്ന ഇവയെ ആറംഗങ്ങൾ അടങ്ങുന്ന കൂട്ടങ്ങളായും നിരീക്ഷിച്ചിട്ടുണ്ട്.

ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ പ്രജനനം നടത്തുന്ന ഇവ ഉണങ്ങിയമരങ്ങളിൽ പോതുകൾ ഉണ്ടാക്കി അതിലാണ് കൂടു കൂട്ടുന്നത്. ഉണങ്ങിയ മരങ്ങൾ മുറിച്ചുമാറ്റുന്ന 'സംരക്ഷിത' വനങ്ങളിലോ, എസ്റ്റേറ്റുകളിലോ ഇവ കൂടു കൂട്ടാറില്ല. വലിയ ഉണങ്ങിയമരങ്ങൾ നിലനിർത്താതിരിക്കുന്ന ഇന്നത്തെ വനസംരക്ഷണരീതികളെക്കുറിച്ച് ഒരു പുനർചിന്തനത്തിനു വഴിവയ്ക്കുന്നുണ്ട്.

ആഗോളതലത്തിൽ വംശനാശഭീഷണിയില്ലെങ്കിലും പശ്ചിമഘട്ടത്തിൽ ഇവയുടെ എണ്ണം കുറയുന്നതായി സംശയിക്കപ്പെടുന്നു. വലിയ അണക്കെട്ടുകൾക്കു വേണ്ടി സമതലത്തിലുള്ള നിത്യഹരിതവനങ്ങളുടെ നാശമാണ് ഇതിനു കാരണം. ഈ ഭീഷണി ഒരു പക്ഷേ, ഇക്കാലത്തെ വനസംരക്ഷണത്തിനുശേഷം നിയന്ത്രിക്കപ്പെട്ടിട്ടുണ്ടായേക്കാം. ശാസ്ത്രീയമായ വനസംരക്ഷണരീതികളിലൂടെ നമുക്കീ ഭീമൻ മരംകൊത്തിയെ സംരക്ഷിക്കാനാകുമാറാകട്ടെ എന്ന് പ്രതീക്ഷിക്കാം. ●

## ശലഭചിത്രങ്ങൾ



വരയൻ ആര Pale Green Awlet Photo /Dr Kalesh Sadashivan

# വരയൻ ആര

**ഡോ. കലേഷ് സദാശിവൻ**

നിശാശലഭങ്ങളോട് വളരെയധികം സാദൃശ്യം തോന്നുന്ന ചിത്രശലഭങ്ങളുൾപ്പെടുന്ന 'Hesperiidae' ശലഭകുടുംബത്തിലെ ഒരു മനോഹരശലഭമാണ് വരയൻ ആര (*Burara gomata*). ആൺ-പെൺശലഭങ്ങളുടെ ദേഹത്തും, ചിറകിലും കടുംനീലയും, വെളുപ്പും വരകൾ ഉണ്ട്. പെൺശലഭങ്ങളുടെ ചിറകുപുറത്തിന് തിളങ്ങുന്ന നീലനിറവും, ആൺശലഭങ്ങളുടേതിന് മങ്ങിയ വെളുപ്പുനിറവുമാണ്. കേരളത്തിൽ, വളരെ വിരളമായേ, വരയൻ ആര ശലഭത്തെ നേരിട്ടു നിരീക്ഷിക്കാൻ നമ്മുടെ ശലഭനിരീക്ഷകർക്ക് സാധിച്ചിട്ടുള്ളൂ. അതിന് കാരണമുണ്ട്. ഒന്നാമതായി നിത്യഹരിത വനങ്ങളും, ചോലക്കാടുകളുമാണ് വരയൻ ആരശലഭത്തിന്റെ ആവാസസ്ഥലങ്ങൾ. സാധാരണയായി, അത്തരം കാടുകളിലേയ്ക്ക് ശലഭനിരീക്ഷകർ പോലും വളരെക്കുറച്ചേ കടന്നുചെല്ലാറുള്ളൂ. രണ്ടാമതായി, മറ്റു ചിത്രശലഭങ്ങളേപ്പോലെ പകൽസമയത്ത് പറന്നുനടക്കുന്നവരല്ല വരയൻ ആരകൾ. സന്ധ്യസമയത്തും, ചിലപ്പോഴൊക്കെ, രാത്രിയിലുമാണ് ഇവ ഊർജ്ജസ്വലരാകുന്നത്.

ചോലവനങ്ങളിൽ കാണപ്പെടുന്ന എട്ടിലമരം, മോദകം തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന 'Schefflera' ജനുസ്സിൽപ്പെടുന്ന സസ്യങ്ങളാണ് വരയൻ ആരശലഭത്തിന്റെ ലാർവ്വാ ഭക്ഷണസസ്യങ്ങൾ. പെൺശലഭം, പത്തുമുതൽ പന്ത്രണ്ടുവരെ മുട്ടകൾ ഒരു കൂട്ടമായി, ഇലയുടെ അടിവശത്തായി നിക്ഷേപിക്കുന്നു. മുട്ടവിരിഞ്ഞു പുറത്തുവരുന്ന ശലഭപ്പുഴുക്കളുടെ ആദ്യാഹാരം മുട്ടത്തോടുതന്നെയാണ്. പിന്നീട് ഇവ ഇലയുടെ ഒരു വശം മുറിച്ച് ത്രികോണാകൃതിയിൽ മടക്കി ഉണ്ടാക്കുന്ന ഇലക്കൂടുകളിൽ കൂട്ടമായി വസിക്കുകയും, ഇലയുടെ cuticle ഭക്ഷണമാക്കുകയും ചെയ്യുന്നു. ഏതാനും ദിവസങ്ങൾക്കൊണ്ട് പൂർണ്ണ വളർച്ചയെത്തുന്ന ശലഭപ്പുഴുവിനെ കാണാൻ നല്ല ഭംഗിയാണ്. ദേഹത്ത് മഞ്ഞയും, വെള്ളയും, കറുപ്പും നിറങ്ങൾ വാരിപ്പൂശിയ ശലഭപ്പുഴുവിന്റെ തലഭാഗത്തിന് കടുംമഞ്ഞനിറവും അതിൽ ഏതാനും കറുത്ത പുള്ളിക്കുത്തുകളും കാണാം. സമാധി (Pupa) ആകുന്നതിന് മുന്നോടിയായി, ഓരോ ശലഭപ്പുഴുവും വെവ്വേറെ ഇലകളിൽ സ്വന്തം ഇലക്കൂടുകൾ ഉണ്ടാക്കുന്നു. സമാധിദശ പത്തുമുതൽ പന്ത്രണ്ടു വരെ ദിവസങ്ങൾ നീളാം.

കേരളത്തിൽ നെയ്യാർ-പേപ്പാറ, പൊന്മുടി, ശെന്തുരുണി, അച്ചൻ കോവിൽ, പെരിയാർ, മൂന്നാർ, സൈലന്റ് വാലി, നെല്ലിയാംപതി, കക്കയം, ആറളം, കാസർഗോഡിന്റെ കിഴക്കൻ മലനിരകൾ എന്നിവിടങ്ങളിൽ വരയൻ ആരശലഭത്തെ കണ്ടെത്തിയിട്ടുണ്ട്. പശ്ചിമഘട്ടത്തിനുപുറമേ, ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും, മ്യാൻമറിലും ഇവ കാണപ്പെടുന്നു. ●

സസ്തനികൾ

# ഉത്തരേന്ത്യൻ മാനുകൾ

ഡോ. പി.ഒ. നമീർ

ഇന്ത്യയിലെ വടക്കു-കിഴക്കൻ ഭാഗങ്ങളിൽ കാണപ്പെടുന്ന, അത്യന്തം വംശനാശഭീഷണി നേരിടുന്ന അപൂർവ്വമായ ചിലയിനം മാനുകളെയാണ് ഈ ലക്കം പരിചയപ്പെടുത്തുന്നത്.

### ഹംഗൂൽ (Hangul/ Kashmir Stag)

ലോകത്തെമ്പാടുമുള്ള മിതശീതോഷ്ണ പ്രദേശങ്ങളിൽ കാണപ്പെടുന്ന Red Deer എന്ന സ്പീഷീസിന്റെ ഏഷ്യൻ വൻകരയിൽ കാണപ്പെടുന്ന ആറു ഉപജാതികളിൽ ഒന്നാണ് ഹംഗൂൽ (Hangul/ Kashmir Stag). ഹംഗൂലുകൾ കാഷ്മീർ താഴ്‌വാരങ്ങളിലെ ഡച്ചിഗാം ദേശീയോദ്യാനത്തിലാണ് കാണപ്പെടുന്നത്. മ്ലാവിനെക്കാൾ അൽപം ചെറുതാണിവ. തവിട്ടുനിറമുള്ള ഹംഗൂലുകളുടെ വാലിന്റെ മുകൾഭാഗത്തു കാണുന്ന ക്രീം നിറത്തിലുള്ള പാടുകളും, ആൺ മാനുകളുടെ വലിയ പടർന്നുനിൽക്കുന്ന കൊമ്പുകളും കൊണ്ട് ഇവയെ തിരിച്ചറിയാം. അത്യധികം വംശനാശഭീഷണി നേരിടുന്ന ഇവ 200-നും 300-നും ഇടയിൽ മാത്രമാണ് അവശേഷിക്കുന്നത്.

### Swamp Deer/Barasingha

ഇന്ത്യയിൽ മൂന്നിടങ്ങളിലായി മൂന്ന് ഉപജാതികളായാണ് Swamp Deer കാണപ്പെടുന്നത്. മദ്ധ്യേന്ത്യയിൽ കാണപ്പെടുന്ന *Rucervus duvaceli brandesi*, വടക്കേ ഇന്ത്യയിൽ കാണപ്പെടുന്ന *Rucervus duvaceli duvaceli*, വടക്കു-കിഴക്കേ ഇന്ത്യയിൽ കാണപ്പെടുന്ന *Rucervus duvaceli raujitsinhi* എന്നിവയാണിവ. മദ്ധ്യേന്ത്യയിൽ കാണപ്പെടുന്നവ കൻഹ (Kanha) ദേശീയോദ്യാനത്തിലും, വടക്കേ ഇന്ത്യയിൽ കാണുന്നവ ദുഡ്‌വ (Dudhwa) ദേശീയോദ്യാനത്തിലും, വടക്കു-കിഴക്കൻ ഭാഗങ്ങളിൽ കാണപ്പെടുന്നവ കാസിരംഗ (Kaziranga) ദേശീയോദ്യാനത്തിലും സംരക്ഷിക്കപ്പെട്ടിരിക്കുന്നു. വടക്കേ ഇന്ത്യയിലും, വടക്കു-കിഴക്കൻ ഇന്ത്യയിലും കാണുന്ന Swamp Deer കൾ ചതുപ്പുകളിലാണ് കാണപ്പെടുന്നത്, എന്നാൽ മദ്ധ്യേന്ത്യയിൽ കാണുന്നവ സാൽ വനങ്ങളിലും, കട്ടിയുള്ള പ്രതലങ്ങളിലുള്ള പുൽമേടുകളിലുമാണ് കാണപ്പെടുന്നത്.

വലിയ മാനുകളാണിവ. ശരീരം, ഇരുണ്ട തവിട്ടു നിറത്തോടുകൂടിയതാണ്. ആണിന്റെ കൊമ്പുകൾ വലുതാണ്. മാത്രമല്ല അവയ്ക്ക് പന്ത്രണ്ട് ശിഖര അഗ്രങ്ങൾ ഉണ്ട്. അതുകൊണ്ടാണ് അവയ്ക്ക് ബാരാസിങ്ക (Barah എന്നാൽ ഹിന്ദിയിൽ 12-നെ സൂചിപ്പിക്കുന്നു) എന്ന പേരു വന്നത്. Swamp Deer കളും അത്യധികം വംശനാശഭീഷണി നേരിടുന്ന മാനുകളാണ്.

### Brow-antlered Deer/Sangai

മണിപ്പൂരിലെ കെയ്ബുൾ ലാംജാവോ (Keibul Lamjao) എന്ന ദേശീയോദ്യാനത്തിൽ മാത്രം കണ്ടുവരുന്ന ഒരിനം മാനുകളാണിവ. ആകെ നൂറ്റമ്പതെണ്ണത്തിൽ താഴെ മാത്രമേ ഇവ അവശേഷിക്കുന്നുള്ളൂ. കെയ്ബുൾ ലാംജാവോ ദേശീയോദ്യാനത്തിലുള്ള ലോക്‌താക് തടാകത്തിൽ കാണപ്പെടുന്ന 'phumdi' എന്നു വിളിക്കുന്ന വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ഒരു പുല്ലട്ടി ഇവയുടെ പ്രധാന ആവാസ വ്യവസ്ഥയാണ്. ഇരുണ്ട തവിട്ടു നിറമുള്ള മാനുകളാണിവ. പെൺമാനുകൾക്ക് മഞ്ഞകലർന്ന തവിട്ടു നിറവും.

### പന്നിമാൻ (Hog Deer)

ഹിമാലയൻ താഴ്‌വാരങ്ങളിൽ ഉത്തരാഞ്ചൽ മുതൽ ആസാം, മണിപ്പൂർ, മിസോറാം എന്നിവിടങ്ങളിലാണ് പന്നിമാനുകളെ കാണുന്നത്. തടിച്ച ശരീരപ്രകൃതവും, കുറിയകാലുകളും ഒരു പന്നിയെ അനുസ്മരിപ്പിക്കുംവിധം ആയതിനാലാകാം ഇവയെ പന്നിമാനുകളെന്ന് വിളിക്കുന്നത്. കൂടാതെ തല കുമ്പിട്ടാണ് ഇവ ഓടുന്നതും. പുള്ളിമാനുകളേക്കാൾ ചെറുതാണിവ. ഇളം പച്ചകലർന്ന തവിട്ടു നിറമാണിവയ്ക്ക്. അവ്യക്തമായി പുള്ളികൾ അങ്ങിങ്ങായി കാണാറുണ്ട്. ശരീരത്തിന്റെയും വാലിന്റെയും അടിഭാഗം വെളുപ്പാണ്. താരതമ്യേന ചെറിയ കൊമ്പാണിവയ്ക്ക്. വംശനാശഭീഷണി നേരിടുന്ന ഇവയെ IUCN, Endangered എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ●

പന്നിമാൻ Hog Deer Photo/Praveen P Mohandas





ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ് Great Indian Bustard Photo/Jainy Kuriakose

# പതിനഞ്ചിനം പക്ഷികൾ വംശനാശഭീഷണിയിൽ

ഇന്ത്യയിൽ കണ്ടുവരുന്ന പതിനഞ്ചോളം ഇനം പക്ഷികളെ അതീവ ഗുരുതരമായ വംശനാശഭീഷണി നേരിടുന്നവയുടെ 2013-ലെ പട്ടികയിൽ പെടുത്തിയതായി ഐ.യു.സി.എൻ. (International Union for Conversation of Nature) അറിയിച്ചു. ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ്, സൈബീരിയൻ ക്രെയിൻ, വൈറ്റ് ബാക്ക്ഡ് വൾച്ചർ, റെഡ് ഹെഡഡ് വൾച്ചർ എന്നിവയടക്കമുള്ള 15 പക്ഷികളാണ് 2013 ഡിസംബറിൽ പുതുക്കിയ ലിസ്റ്റിലുള്ളത്.

ആവാസവ്യവസ്ഥയുടെ നാശം, മാറ്റം, തുണ്ടംതുണ്ടമാക്കൽ, ശോഷണം, പ്രകൃതിക്ഷോഭങ്ങൾ, വേട്ടയും സ്ഥലങ്ങളുടെ ഉപയോഗത്തിലുണ്ടായ മാറ്റവും (പ്രത്യേകിച്ച് വിസ്തൃതമായ കൃഷിയിടങ്ങളിൽ കൃഷി നിർത്തിയത്), കൃഷിയുടെ രീതിമാറ്റങ്ങൾ (ചില ഇറിഗേഷൻ സ്കീമുകൾ, കീടനാശിനികളുടെ ഉപയോഗം), വികസനപ്രവർത്തനങ്ങൾ മൂലമുള്ള വലിയതോതിലുള്ള ശല്യം, ജലവൈദ്യുതപദ്ധതികൾ എന്നീ കാരണങ്ങൾ കൊണ്ടാണ് പ്രധാനമായും ഇവയുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടായത് എന്ന് റിപ്പോർട്ട് പറയുന്നു. വാഹനങ്ങളുമായുള്ള കൂട്ടിയിടിയും വൈദ്യുതക്കമ്പികൾ മുഖേനയുള്ള അപകടങ്ങളും കാറ്റാടിയന്ത്രങ്ങളും പക്ഷികൾക്ക് ഭീഷണിയാണ്.

പുതുക്കിയ ലിസ്റ്റിലുള്ള മറ്റു പക്ഷികൾ ഇവയാണ്: ബേയേഴ്സ് പോച്ചാർഡ് (Baer's Pochard), ഫോറസ്റ്റ് ഔലറ്റ് (Forest Owlet), ബംഗാൾ ഫ്ളോറിക്കൻ (Bengal Florican), സ്പൂൺ ബിൽഡ് സാന്റ് പൈപ്പർ (Spoon-billed Sandpiper), സോഷ്യബിൾ ലാപ്വിങ്ങ് (Sociable Lapwing), ജെർഡൻസ് കർസർ (Jerdon's Courser), വൈറ്റ് ബെല്ലീഡ് ഹെറോൺ (White-bellied Heron), സ്ലെൻഡർ ബിൽഡ് വൾച്ചർ (Slender-billed Vulture), ഇന്ത്യൻ വൾച്ചർ (Indian Vulture), ഹിമാലയൻ കാട (Himalayan Quail), പിങ്ക് ഹെഡഡ് ഡക്ക് (Pink-headed Duck).

ഈ പക്ഷികളുടെ വംശനാശഭീഷണിയുടെ കാരണമന്വേഷിച്ച് ബോംബെ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റിയും (BNHS) സമാനമായ മറ്റു ചില സംഘടനകളും നടത്തിയ പഠനങ്ങളിൽ വെളിപ്പെട്ടത്, തണ്ണീർത്തടങ്ങൾ പോലെതന്നെ പുൽമേടുകളും കാടുകളും വകതിരിവില്ലാത്ത വികസനപ്രവർത്തനങ്ങൾ മൂലം കടുത്ത ഭീഷണിയിലാണെന്നാണ്. മദ്ധ്യേന്ത്യയിലെ കാടുകളുടെ നാശമാണ് ഫോറസ്റ്റ് ഔലറ്റുകളുടെ വംശനാശഭീഷണിക്ക് പ്രധാന കാരണം.

ജിപ്സ് ജനുസ്സിൽപ്പെട്ട കഴുകന്മാരുടെ വംശനാശത്തിന് പ്രധാനകാരണമായ ഡൈക്ലോഫനാക് പോലുള്ള, മൃഗങ്ങളിൽ ഉപയോഗിക്കുന്ന വേദനസംഹാരി മരുന്നുകളുടെ ഉപയോഗം സർക്കാർ നിരോധിച്ചിട്ടുണ്ട്. ഈ വൾച്ചറുകളെ സംരക്ഷിക്കുന്നതിനുള്ള പ്രജനന/പരിരക്ഷണ പ്രവർത്തനങ്ങൾ പിൻജോർ (ഹരിയാന), ബക്സ (വെസ്റ്റ് ബംഗാൾ), ഗോഹട്ടി (ആസ്സാം) എന്നിവിടങ്ങളിൽ ബി.എൻ.എച്ച്.എസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

ഏറ്റവും നീണ്ട ദേശാടനകാലമുള്ള ക്രെയിൻ ജനുസ്സായ സൈബീരിയൻ ക്രെയിൻ തണുപ്പുകാലങ്ങളിൽ രാജസ്ഥാനിലെ കിയോലാഡിയോ (Keoladeo) ദേശീയോദ്യാനത്തിൽ സന്ദർശനത്തിനെത്തുന്നു. ഓരോ തണുപ്പുകാലത്തും 3,500 മൈലുകൾ സഞ്ചരിച്ച് ഇവ ഈ ഉദ്യാനത്തിലെത്തിച്ചേരാറുണ്ടായിരുന്നു. പക്ഷേ, കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഇവയെ കാണാനില്ല. ഇതുകൂടാതെ ലോകത്തിന്റെ മറ്റുഭാഗങ്ങളിൽ നിന്നുള്ള ദേശാടനപ്പറവകളുടെ എണ്ണത്തിലും ഏറെ കുറവുള്ളതായി ബി.എൻ.എച്ച്.എസ്. പറയുന്നു. ●


Photo/SNO

# പ്രകൃതിയെ അറിഞ്ഞ് പ്രകൃതിസംരക്ഷണയാത്ര

പാലക്കാട്ടെ പ്രകൃതിസ്നേഹികളുടെ കൂട്ടായ്മയായ സഹ്യാദ്രി നേച്ചർ ഓർഗനൈസേഷന്റെ (സ്നോ) 2014 വർഷത്തെ പ്രവർത്തനങ്ങളുടെ തുടക്കം ജനുവരി 11-12 തീയതികളിൽ നടത്തിയ പ്രകൃതി സംരക്ഷണ സന്ദേശ ബൈക്ക് യാത്രയോടെ ആരംഭിച്ചു. പാലക്കാട് ജനസേവനകേന്ദ്രം പ്രൊജക്ട് മാനേജർ അബ്ദുൾ ലത്തീഫ്, യാത്ര സിവിൽ സ്റ്റേഷനിൽനിന്ന് ഫ്ളാഗ് ഓഫ് ചെയ്തു. ഇരുപത് അംഗങ്ങൾ പങ്കെടുത്തു. വൃക്ഷങ്ങൾ സംരക്ഷിക്കേണ്ടതിനെക്കുറിച്ചും പ്ലാസ്റ്റിക്കിന്റെ വിപത്ത് ഒഴിവാക്കേണ്ടതിനെക്കുറിച്ചുമുള്ള പ്ലക്കാർഡുകൾ പ്രദർശിപ്പിച്ചുകൊണ്ട് അതിരപ്പിള്ളി, വാഴച്ചാൽ, മലക്കപ്പാറ, വാൾപ്പാറ, ആളിയാർ തുടങ്ങിയ സ്ഥലങ്ങളിലൂടെ സഞ്ചരിച്ച് ആനമലയിൽ അവസാനിച്ചു. സ്നോയുടെ സെക്രട്ടറി എം. പ്രേമേഷ്കുമാർ, സംഘടനയുടെ ഫൗണ്ടർമാരിലൊരാളായ അമ്പിളി സുരേഷ് എന്നിവർ യാത്രയ്ക്ക് നേതൃത്വം നൽകി. ●

# കേരളത്തിലെ വൃക്ഷങ്ങൾ- പുസ്തകപ്രകാശനം

ലോകവനദിനമായ മാർച്ച് 21 വൈകീട്ട് 4.30-ന് കേരളത്തിലെ വൃക്ഷങ്ങൾ എന്ന പുസ്തകം തിരുവനന്തപുരം പ്രസ്ക്ലബ്ബിൽവച്ച് പ്രകാശനം ചെയ്യുന്നു. വനം-വന്യജീവി-പരിസ്ഥിതി വിഷയങ്ങളിൽ അനന്യമായ വായനാനുഭവം മലയാളഭാഷയ്ക്കു സമ്മാനിച്ച അനുഗൃഹീത രചയിതാക്കളായ ഡോ: ടി. ആർ. ജയകുമാരിയും ആർ. വിനോദ്കുമാറും ചേർന്ന് തയ്യാറാക്കിയ പുസ്തകം പ്രകാശിപ്പിക്കുന്നത്, അക്ഷരങ്ങൾ കൊണ്ടും പ്രവൃത്തികൾ കൊണ്ടും മലയാളിക്ക് പ്രകൃതിസംരക്ഷണത്തിന്റെ പാഠങ്ങൾ പകർന്നു നല്കിയ പ്രിയപ്പെട്ട കവയിത്രി സുഗതകുമാരിയാണ്. ഡി.സി. ബുക്സ് പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകത്തിൽ കേരളത്തിന്റെ സാഹചര്യങ്ങളിൽ കാണപ്പെടുന്ന 350-ഓളം വൃക്ഷങ്ങളെക്കുറിച്ചുള്ള ആധികാരിക വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യൻ ഭാഷകളിൽ ഇത്രയുമധികം വൃക്ഷങ്ങളെക്കുറിച്ച് സമഗ്രവിവരണം നല്കുന്ന ആദ്യ സംരംഭമാണിത്. ●

## സുരേഷ് ഇളമൺ ദേശീയ വാതാവരൺ പുരസ്കാരം

പ്രശസ്ത പ്രകൃതിസ്നേഹിയും ഫോട്ടോഗ്രാഫറുമായ സുരേഷ് ഇളമൺ സംവിധാനം ചെയ്ത മാൻഗ്രോവ്സ് - ഫോറസ്റ്റ്സ് ഓഫ് ദ ടൈഡ് എന്ന ഹ്രസ്വചിത്രത്തിന് ഏഴാമത് സി.എം.എസ്. വാതാവരൺ ദേശീയ പരിസ്ഥിതി ചലച്ചിത്ര അവാർഡ് ലഭിച്ചു.



കേരള ജൈവവൈവിധ്യ ബോർഡിനു വേണ്ടി നിർമ്മിച്ച, കണ്ടൽക്കാടുകളുടെ മനോഹാരിതയും പ്രാധാന്യവും അതിമനോഹരമായി വിവരിക്കുന്ന ഈ ഹ്രസ്വചിത്രത്തിന് ജൂറിയുടെ പ്രത്യേക പരാമർശമായിരുന്നു ലഭിച്ചത്. ഇതിനു മുൻപും സുരേഷിന്റെ പല ചിത്രങ്ങൾക്കും നിരവധി വാതാവരൺ പുരസ്കാരങ്ങളും അന്താരാഷ്ട്ര പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വീട് ഒരു പൂങ്കാവനം (Home – Our Garden of Eden) എന്ന ചിത്രത്തിന് ഏറ്റവും നല്ല കുട്ടികളുടെ ചിത്രത്തിനുള്ള ആറാമത് വാതാവരൺ പുരസ്കാരം ലഭിച്ചിരുന്നു. ●

# കുടിവെള്ള ശുചിത്വം- കിലയുടെ ജനകീയ പരിശീലനങ്ങൾ


Photo/ Venu KN

സാധാരണക്കാരായ ഗ്രാമീണജനതയുടെ ക്രിയാത്മകമായ പ്രാതിനിധ്യമുള്ള ഗ്രാമസഭകളെയും പ്രതിസന്ധിയിലാകുന്ന കുടിവെള്ള-ശുചിത്വ മേഖലകളെയും സമന്വയിപ്പിച്ചുകൊണ്ടുള്ള കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ)യുടെ ജനകീയ പരിശീലനങ്ങൾ ശ്രദ്ധേയമാകുന്നു.

പഴമയുടെ ശീലുകളും പുതുമയുടെ നിരീക്ഷണങ്ങളും പ്രാദേശിക സംവാദങ്ങൾക്കും പഠനങ്ങൾക്കും ഇടനൽകി ജനസാന്നിദ്ധ്യം കൊണ്ടുകൂടി സാർത്ഥകമാവുകയാണ് ഈ പ്രത്യേക പരിശീലനം. സംസ്ഥാനത്ത് 987 പഞ്ചായത്തുകളും, 60 നഗരസഭകളും, അഞ്ചു കോർപ്പറേഷനുകളിലുമായി ഇരുപതു ലക്ഷത്തിലധികംപേർ നേരിട്ട് ഈ പരിശീലനങ്ങളിൽ പങ്കെടുക്കും. സംസ്ഥാനത്തെ മുഴുവൻ വാർഡുകളും കേന്ദ്രീകരിച്ചു നടക്കുന്ന പരിശീലനങ്ങൾക്കായി നൂറു കണക്കിന് റിസോഴ്സ് പേഴ്സൺമാരും സജീവമായി രംഗത്തുണ്ട്. ഈ പരിശീലന പരിപാടികൾക്ക് കില ഡയറക്ടർ പി പി. ബാലനും, ഡോ. പീറ്റർ രാജും, മോളി തോമസും നേതൃത്വം നൽകുന്നു. ●





# ജീവിതത്തിന് നിറപ്പകിട്ടേകൂ.

ജീവിതത്തിലേക്ക് സന്തോഷവും സമൃദ്ധിയും സമാധാനവും സ്വാഗതം ചെയ്യൂ, കെ.ടി.ഡി.എഫ്.സിയുടെ ഉൽപന്നങ്ങളിലൂടെ. തികഞ്ഞ സുതാര്യത, വേഗതയേറിയ നടപടിക്രമങ്ങൾ, ഏറ്റവും നല്ല നിരക്കുകൾ തുടങ്ങിയവ ലഭ്യമാക്കികൊണ്ട് കെ.ടി.ഡി.എഫ്.സി നിങ്ങളുടെ ജീവിതത്തെ സമ്പന്നമാക്കുന്നു.

**Kerala Transport Development Finance Corporation Limited**
A Kerala Government owned NBFC registered under RBI

KTDFC

*For details contact:* Head Office: Level 8 (6th floor), Trans Towers, Vazhuthacaud, Trivandrum 695 014
Phone: 0471-2326883, 2327881, 2327882 Fax: 0471-2326884 Email: ktdfc@vsnl.com
Branch Offices: Trivandrum Ph: 0471-2331904, Thiruvalla Ph: 0469-2602799.
Cochin Ph: 0484-2395806, Thrissur Ph: 0487-2323388, Kozhikode Ph: 0495-2724750 www.ktdfc.com




## കൃഷി പഞ്ചാംഗം

**രചന: ഡോ. പി.എ. ജോസഫ്**
**പ്രസാധനം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
**വില: 195/-**

കേരളത്തിലെ കാർഷികമേഖല സദാ മാറ്റങ്ങൾക്ക് വിധേയവും കർമ്മനിരതവുമാണ്. ഈ മേഖലയിലെ നൂതനമായ കണ്ടെത്തലുകളും ദൈനംദി നമുണ്ടാകുന്ന മാറ്റങ്ങളും ഒരർത്ഥത്തിൽ മാനവരാശിയുടെ നിത്യജീവിതവുമായി അഭേദ്യമായ ബന്ധം പുലർത്തുന്നു. എല്ലായ്പോഴും പരിണാമോന്മുഖമായ കാർഷിക മേഖലയിലെ പുതിയ കണ്ടുപിടുത്തങ്ങൾ, ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ തുടങ്ങി കൃഷിയെയും കാർഷികവൃത്തിയെയും സ്നേഹിക്കുന്നവർക്ക് അറിയേണ്ട എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തിയ സമഗ്ര കൈപ്പുസ്തകം. കൃഷിയെ ഗൗരവമായി എടുത്തിരിക്കുന്നവർക്ക് തീർച്ചയായും ഈ രചന ഏറെ ഉപകാരപ്പെടും, തുടക്കക്കാർക്കൊരു വഴികാട്ടിയും.




## ജൈവകൃഷി: അടിസ്ഥാന തത്ത്വങ്ങൾ

**രചന: ഡോ. ശൈലേന്ദ്രനാഥ് ഘോഷ്,**
**വിവർത്തനം: കെ.വി. ശിവപ്രസാദ്**
**പ്രസാധനം: ഒരേ ഭൂമി ഒരേ ജീവൻ**
**വില: 20/-**

വിത്തിനേക്കാൾ പ്രാധാന്യം മണ്ണിനു നൽകുന്ന ജൈവകൃഷി, രാസകൃഷിയെ വെല്ലുന്ന വിളവിലേക്ക് സാവധാനം നടന്നടുക്കുകയാണ്. കാലം വിത്തിനുണ്ടാക്കുന്ന പരിണാമവികാസം മണ്ണിന്റെ മൂല്യത്തെ ആശ്രയിച്ചാണിരിക്കുന്നത്. മണ്ണിലേക്കിടുന്നതൊന്നും മണ്ണിലെ ഒരു ജീവിയേയും കൊല്ലുന്നതാവരുത് എന്ന തിരിച്ചറിവിലൂന്നിനിന്നുകൊണ്ട്, പൂർണ ജൈവകൃഷിയിലൂടെ, മനുഷ്യനുമാത്രമല്ല, ഈ ഭൂമിയിലെ സകലമാന ജീവികൾക്കും ആവശ്യാനുസരണം ഭക്ഷണം ഒരുക്കുക എന്നത് ജൈവകർഷകസമിതിയുടെ ലക്ഷ്യമാണ്. ഈ ലക്ഷ്യത്തിലെത്താൻ, അടിസ്ഥാന തത്ത്വങ്ങൾ വിവരിക്കുന്ന ഈ പുസ്തകം തികച്ചും സഹായകരമാണ്.




## കൃഷിഗീത
### പരിസ്ഥിതി അറിവടയാളങ്ങൾ

**സി.ആർ രാജഗോപാലൻ,**
**ടി.ടി. ശ്രീകുമാർ,**
**വിജയകുമാർ മേനോൻ**
**പ്രസാധനം: മാതൃഭൂമി ബുക്സ്**
**വില: 95/-**

മറഞ്ഞുപോയ വിത്തുകളെയും അന്യംനിന്നുകൊണ്ടിരിക്കുന്ന പാടങ്ങളെയും ഓർമ്മിപ്പിക്കുന്നു ഈ കൃഷിഗീത. നവലോകക്രമത്തിന് കൃഷി അനിവാര്യമല്ല എന്ന കുപ്രചാരണം നിലനിൽക്കുമ്പോൾ സമ്പന്നമായ ജൈവസംസ്കാരത്തിന്റെ കാർഷികചെയ്വനകൾ കാത്തുസൂക്ഷിച്ച കർഷകരുടെ ധർമ-കർമ ശക്തിയാണ് കൃഷിപ്പാട്ട്. കാർഷികവൃത്തിയിലൂടെ സമൃദ്ധമായ നാടുകളെയും കൃഷിസമ്പ്രദായത്തെയും കുറിച്ചാണ് ആയിരത്തി എഴുന്നൂറിനടുത്തു വരികളുള്ള കൃഷിഗീതയിൽ പ്രതിപാദിക്കുന്നത്. സമ്പന്നമായ ഒരു കാർഷിക സംസ്കാരത്തെ ഓർമ്മിപ്പിക്കുന്നതാണ് കൃഷിഗീത.


# ഓർഡർ ഫോം

**ഞാൻ കൂട് മാസികയുടെ വരിക്കാരനാകാൻ ആഗ്രഹിക്കുന്നു:**

○ 1 വർഷം **₹450**　○ 2 വർഷം **₹850**　○ 3 വർഷം **₹1250**

○ **മണിഓർഡർ** ○ **ഡ്രാഫ്റ്റ്** ○ **ചെക്ക്** ○ **ബാങ്ക് ട്രാൻസ്ഫർ**

**നമ്പർ:**
**തീയതി:**
**രൂപ:**
**ബാങ്ക്:**
**ബ്രാഞ്ച്:**

**പേര്:**
**മേൽവിലാസം:**
**ജില്ല:**
**സംസ്ഥാനം**
**പിൻ:**
**ഫോൺ:**
**ഇ-മെയിൽ:**

**Method of Payment** Cheque/DD in favor of **Kootu Prakrithiyude Spandanam**
**Our Bank Details:** Canara Bank, Koratty, Thrissur
Current A/c No. 3480201000027 | MICR: 680015024 | IFSC: CNRB0003480
For all bank transfers, send the details to subscribekoodu@gmail.com

കൂട് പ്രകൃതിയുടെ സ്പന്ദനം
KOODU NATURE MAGAZINE

Koodu Magazine, Pazhayi Building
Koratty P.O., Thrissur, Kerala,
India - 680308.
Phone: +91 9495504602
E-Mail: subscribekoodu@gmail.com
www.koodumagazine.com

ഇ-മെയിലിലൂടെ വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ അഡ്രസ്സിനോടൊപ്പം ബാങ്ക് ട്രാൻസ്ഫർ വിവരങ്ങൾ കൂടി ചേർത്ത് മെയിൽ ചെയ്യുക

# Bonds of trust
# built with care



MALABAR
CEMENTS LTD
(A Govt of KeralaUndertaking)

**കേരളത്തിന്റെ കെട്ടുറപ്പ്**

**Kootu Prakrithiyude Spandanam**
**March 2014 / ₹40/-**

**Postal Reg. No. KL/IJK/45/2014-2016**
**RNI No. KERMAL/2013/52526**

Published on 01/03/2014 Posted on 06/03/2014 from Irinjalakuda RMS

കേരളം കാണാം
ഒരു വിസിറ്റ് കേരള സംരംഭം

എല്ലാ വർഷവും ലോകത്തിന്റെ നാനാഭാഗത്തു നിന്നും ഇന്ത്യയിൽ നിന്നും 1 കോടിയിൽപ്പരം സഞ്ചാരികൾ നമ്മുടെ നാടിനെ അറിയാൻ എത്തുന്നു. ശാന്തിയും സമാധാനവും സൗന്ദര്യവും ലാളിത്യവുമെല്ലാം അവർ ഇവിടെ കണ്ടെത്തുന്നു. ലോകമെമ്പാടും സഞ്ചരിച്ചറിയുന്ന മലയാളിക്കും സ്വന്തം നാട് അന്യമാകരുത്. ഇതിനുവേണ്ടിയാണ് കേരള ടൂറിസം 'കേരളം കാണാം' എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. നമ്മുടെ നാടിന്റെ അറിയാത്ത മുഖങ്ങളും കാണാക്കാഴ്ച്ചകളും ഇനി നമുക്ക് അടുത്തറിയാം. ഈ അവധിക്കാലത്ത് തന്നെയാകട്ടെ ഹൃദ്യമായ ഈ യാത്രയുടെ തുടക്കം. കൂടുതൽ വിവരങ്ങൾക്ക് www.keralatourism.org സന്ദർശിക്കുകയോ 1800 425 4747 ൽ വിളിക്കുകയോ ചെയ്യുക.

# ഇനി കേരളം കാണാം




Printed and Published by Muraleedharan V., Veluthamessery, Cheruvaloor P.O., Thrissur 680308, on behalf of Muraleedharan V., and Printed at Nirmala HiPrint, Ayyanthole, Thrissur and published at Koratty PO, Thrissur District, Kerala 680308. Editor: Muraleedharan V.